Reg. M. No. 2293

ഒററപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിന്റെ ദീപമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 | 1130 കന്നി 6—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1954 സെപ്റ്റംബർ 22 | ലക്കം 6

## ക്രൈസ്തവമാതാക്കൾ വീരമാതാക്കളാകണം

(വക്കീൽ സിറിയക്ക് കണ്ടത്തിൽ)

വീടിന്റെ മകുടാലങ്കാരം മാതാവാണ്. മാതാക്കൾ സാക്ഷാൽ ഗൃഹറാണികൾതന്നെ. വീട്, കുടുംബം എന്നെല്ലാമുള്ള പദങ്ങളുടെ ശ്രവണമാത്രയിൽത്തന്നെ എത്രയെത്ര മധുരസ്മരണകളാണ് ഉളവാകുന്നത്. ലോകം മുഴുവൻ പര്യടനം നടത്തിയാലും സമാധാനത്തിന്റെയും ശാന്തിയുടെയും ശീതളച്ഛായയിൽ സ്വൈരമായി വിഹരിക്കാവുന്ന ഹൃദ്യമായ മറെറാരു സങ്കേതം കണ്ടെത്തുകയില്ല. ഇന്നത്തെ ലോകം അപഥസഞ്ചരണംചെയ്ത് ആനന്ദംതേടി സിനിമാശാലകളിലേക്കും, ഹോട്ടലുകളിലേക്കും നിശാക്ലബുകളിലേക്കും വിനോദശാലകളിലേക്കും പാഞ്ഞണയുന്നു. പക്ഷെ, വീട് പ്രദാനംചെയ്യുന്ന നിരുപമമായ ആനന്ദം അവിടെനിന്നെങ്ങാനും ലഭിക്കുമോ? ഇവയൊന്നും ശരിയായ സമാധാനവും സംതൃപ്തിയും സ്വന്തമെന്ന ബോധവും പ്രദാനം ചെയ്യുകയില്ല. നമ്മെ വീടുമായി അഭേദ്യമായി ബന്ധിപ്പിക്കുന്ന സ്നേഹശൃംഖലയാണ് മാതാവ്. ഗൃഹനായകൻ എത്രതന്നെ പ്രാപ്തനും, പരിപക്വനും, പരിഷ്കാരിയും ആയിരുന്നാലും ഗൃഹനായിക അമൂല്യഗുണപൗഷ്കല്യങ്ങളുള്ളവളല്ലെങ്കിൽ കുടുംബവും കുടുംബജീവിതവും അവയർഹിക്കുന്ന വിധത്തിൽ ഉയർന്ന് ഔൽകൃഷ്ട്യത്തിലെത്തുകയില്ല. കുടുംബത്തെയും കുടുംബജീവിതത്തേയും ദൈവം സ്ഥാപിച്ച് അനുഗ്രഹിച്ചതാണെന്നുള്ള കാതലായ തത്വം വിസ്മരിച്ചുകൂടാ. ചുരുക്കത്തിൽ കുടുംബബന്ധം മനോഹരമായിരിക്കണമെങ്കിൽ ഈശ്വരവിശ്വാസം അനുപേക്ഷണീയമാകുന്നു. ഈ വിഷയത്തിൽ നമ്മുടെ മഹനീയ മാതൃക നസ്രസിലെ തിരുക്കുടുംബമാണ്. ക്രിസ്തു ദൈവപുത്രനാണ്. ഈ നിലയിൽ അവിടുത്തെ പ്രതാപവും ശക്തിയും കഴിവുകളും വാചാമഗോചരമാണല്ലോ. എങ്കിലും ഒരു ബാലനെന്ന നിലയിൽ തന്റെ മാതാവിനോടും വളർത്തുപ്പനോടും പുത്രനിർവ്വിശേഷമായ സ്നേഹവും അനുസരണയും അവിടുത്തേക്കുണ്ടായിരുന്നു. ആ സംഗതി ഒരു ചെറുവാക്യത്തിൽ വേദപുസ്തകത്തിൽ ആലേഖനം ചെയ്യപ്പെട്ടിട്ടുണ്ട്. "അവിടുന്നു സകലത്തിലും അവർക്ക് കീഴ്‌വഴങ്ങി." (Luke 2. 51)

ഇന്നത്തെ ലോകത്തെ നവീകരിക്കുന്നതിനുള്ള ഒന്നാമത്തെ പരിപാടി ശിഥിലമായ കുടുംബജീവിതത്തെ പുനഃസ്ഥാപിക്കുകയാണ്. അതിനാൽ, കുടുംബജീവിതരംഗത്തിൽ സമുന്നതമായ സ്ഥാനമുള്ള മാതാക്കൾ അജ്ഞതകളായി മാമൂൽപടി അടുക്കളപ്പണിയിൽ മാത്രം മുഴുകി ജീവിച്ചാൽ പോരാ. നമ്മുടെ അതിപ്രാചീനവും പരിശുദ്ധവുമായ മതത്തേയും അതിന്റെ സന്മാർഗ്ഗതത്വങ്ങളേയും പരിരക്ഷിക്കുന്ന വീരസന്താനങ്ങളെ അവർ ലോകത്തിനു പ്രദാനംചെയ്യണം. ക്രൈസ്തവമാതാക്കൾ വീരപ്രസൂക്കളായി ശോഭിക്കണം. സന്താനങ്ങൾ ജനിക്കുമ്പോൾതന്നെ വീരപരാക്രമികളായിത്തീരുന്നില്ല. മാതാക്കളുടെ ശ്രദ്ധയും പരിരക്ഷണവും മാർഗ്ഗദർശനവും മാതൃകയുംമൂലം തങ്ങളുടെ സന്താനങ്ങളെ വീരോചിതമായ ഗുണങ്ങളുള്ളവരാക്കി വളർത്തേണ്ടതാണ്. ഗുണവതിയായ ഒരു മാതാവിന്റെ സന്താനങ്ങളേ സൽഗുണാലംകൃതരായിത്തീരുകയുള്ളു. ഗുണവും ദോഷവും പരമ്പരാഗതമായി മക്കൾക്കു ലഭിക്കുമെന്നുള്ളതു പ്രകൃതിനിയമമാണ്.

"തൊട്ടിലാട്ടുന്ന കൈകൾതന്നെ വിശ്വപത്തെ ഭരിപ്പതും" എന്ന സർവ്വസാധാരണമായ പദ്യശകലത്തിൽ കവിതയെക്കാൾ എത്രയോ അധികം യാഥാർത്ഥ്യം അന്തർഭവിച്ചിരിക്കുന്നു. മാതാക്കൾ മനുഷ്യജീവിതത്തേയും ഉൽകൃഷ്ടമായ സ്വഭാവത്തേയും കരുപ്പിടിപ്പിക്കുന്നതിൽ വഹിക്കുന്ന ഭാഗഭാഗിത്വത്തെപ്പററി ഫ്രെഡറിക്ക് ഷാനൺ എന്ന ചിന്തകൻ പറയുകയാണ്: "അവർ മാർബിൾകൊണ്ട് വെണ്മയേറിയ പ്രതിമകൾ നിർമ്മിക്കുന്നില്ല; കൺകുളുർക്കുന്ന ചിത്രങ്ങൾ വരയ്ക്കുന്നുമില്ല; പാണ്ഡിത്യം വഴിഞ്ഞൊഴുകുന്ന ഗ്രന്ഥങ്ങൾ രചിക്കുന്നുമില്ല; ഹൃദയഹാരികളായ കവനതല്ലജങ്ങൾ നിർമ്മിക്കുന്ന കലാകാരികളുമല്ല; വചോവിലാസം തുളുമ്പുന്ന പ്രസംഗധോരണിയാൽ പ്രസംഗപീഠങ്ങളെ അലങ്കരിക്കുന്നില്ല. എങ്കിലും അവർ ഇതെല്ലാമാകുന്നു. അവർ ഇതിലേറെ മഹത്തായ കാര്യങ്ങളത്രെ നിർവ്വഹിക്കുന്നതു്. ദൈവത്തിന്റെ പ്രാതിനിധ്യം വഹിച്ചുകൊണ്ട് ശിശുക്കളുടെ ഭാവിഭാഗധേയത്തെ നിയന്ത്രിക്കുന്ന അവരാണ് സാക്ഷാൽ ശില്പികൾ. രക്തവും മാംസവും ജീവനുമുള്ള പ്രതിമകളെ കരുപ്പിടിപ്പിച്ച് അനശ്വരമായ ആത്മാക്കളിൽ ധാർമ്മികമൂല്യങ്ങൾ ആലേഖനം ചെയ്യുന്ന കലാകാരികളാണവർ. പിഞ്ചുഹൃദയങ്ങളിൽ ആസ്തിക്യസാഹിത്യം പകരുന്ന വിദുഷികളാണവർ. തങ്ങളുടെ പെൺമക്കളിൽ ചാരിത്രത്തിന്റെ ധവളഗീതം ആലപിക്കുന്ന സംഗീതകോകിലങ്ങളും അവർതന്നെ. ദൈവത്തിന്റെ അനന്തസന്ദേശം പ്രക്ഷേപണം ചെയ്യുന്ന വാഗ്മികളാണവർ. നൂററാണ്ടുകൾക്കുമുൻപ് വി. ക്രിസോസ്തോം പ്രകാശിപ്പിച്ച മഹനാശയത്തിലും അന്തർഭവിച്ചിരിക്കുന്ന തത്വം ഇതുതന്നെ. "യുവജനങ്ങളുടെ സ്വഭാവരൂപവൽക്കരണത്തെക്കാൾ ശ്രേഷ്ഠമായിട്ടെന്താണുള്ളത്? കുട്ടികളുടെ സന്മാർഗ്ഗനിഷ്ഠയെ ഉറപ്പിക്കുന്നവർ ഒരു ചിത്രകാരനെയോ കലാകാരനെയോകാൾ മഹത്തരമായ സേവനമത്രെ അനുഷ്ഠിക്കുന്നതു്."

പന്ത്രണ്ടാം പീയൂസ് മാർപ്പാപ്പായുടെ പല ഉൽബോധനങ്ങളിലും മാതാക്കളുടെ പരമമായ ധർമ്മത്തെ ശക്തിയുക്തം പ്രകാശിപ്പിച്ചിട്ടുണ്ട്. അതിലൊന്നു് ഇതാണ്: "ശരിയായ ഒരുക്കമോ പരിശീലനമോ കൂടാതെ പൊടുന്നനവെ ഒരു ശില്പിയോ എൻജിനിയറോ ഡോക്ടറോ വക്കീലോ ആകാമെന്ന് ആരും സ്വപ്നേപി വിചാരിക്കയില്ല. എന്നാൽ തങ്ങളിൽനിന്നും ജാതരാകുവാനുള്ള ശിശുക്കൾക്കു് വിദ്യാഭ്യാസം നൽകുകയെന്ന ദുഷ്കരമായ കൃത്യത്തിനു ഒരുങ്ങുന്നതിനെപ്പററി അല്പമായിപോലും ചിന്തിക്കാതെ അനുദിനം അനവധി യുവതീയുവാക്കന്മാർ വിവാഹബന്ധത്തിൽ ഏർപ്പെടുന്നു. ഇതൊരു വിചിത്രമായ പരിതസ്ഥിതിതന്നെ; പരിതാപകരംകൂടിയാണ്. ആത്മാക്കളെ നയിക്കയെന്നതു് "വിദ്യകളിൽ വിദ്യ"യാണെന്നു വി. ഗ്രീഗോരിയൂസ് പറയുന്നു. അങ്ങനെയെങ്കിൽ കുട്ടികളുടെ ആത്മാക്കളെ രൂപവൽക്കരിക്കുക എന്നതിനേക്കാൾ ദുഷ്കരമായി യാതൊന്നും തന്നെയില്ല. എന്തുകൊണ്ടെന്നാൽ ആ ആത്മാക്കൾ വളരെ ഇളയതാണ്; വിവേകഹീനമായ പ്രേരണാശക്തിയോ തെററായ ഉപദേശമോമൂലം അതിവേഗം വിരൂപമാകുന്നു. അവയെ ശരിയായി നയിക്കുവാൻ വളരെ പ്രയാസമാണ്. അവ വളരെവേഗം അപനയിക്കപ്പെടുന്നു. കുററകരമായ

(ശേഷം 3-ാം പേജിൽ)



ഒരു മാതൃകാമാതാവു തന്റെ കുഞ്ഞുങ്ങളെ പ്രാർത്ഥന പരിശീലിപ്പിക്കുന്നു



# എന്റെ യൂറോപ്പപര്യടനം

(വെരി റവ. ഫാദർ വിക്ടർ സി. ഡി.)

IV

## സ്പെയിനിലെ ഏകാധിപത്യഭരണം

സ്പെയിനിൽ സഞ്ചരിക്കുന്ന ആർക്കും അനുഭവവേദ്യമാകുന്ന പ്രകടമായൊരു വസ്തുതയാണു് ഈ രാജ്യം ഒരു ഏകാധിപതിയുടെ നിയന്ത്രണത്തിലാണു് പുരോഗമിക്കുന്നതെന്നു്. റെയിൽവെസ്റ്റേഷനുകളിലും, വിമാനത്താവളങ്ങളിലും, പബ്ലിക്കാപ്പീസുകളിലും എല്ലാം ജനറൽ ഫ്റാങ്കോയുടെ മുഴുത്ത ഛായാപടങ്ങളോ പ്രതിമകളോ പ്രഥമസ്ഥാനത്തു സ്ഥാപിച്ചിരിക്കുന്നതായി കാണാം. മാത്രമല്ല പൗരജീവിതത്തിന്റെ ഓരോ തുറകളിലും നിഷ്കൃഷ്ടമായ പോലീസ് നിയന്ത്രണവും ദൃശ്യമാകുന്നുണ്ടു്. പക്ഷെ ജനറൽ ഫ്റാങ്കോയുടെ ഏകാധിപത്യഭരണത്തിനു ഒരു പ്രത്യേകതയുണ്ടു്. അതു ജർമ്മനിയിൽ ഹിററ്ലറുടേതുപോലെയോ, ഇററലിയിൽ മുസ്സോലിനിയുടേതുപോലെയോ അത്ര കർക്കശമല്ല. റഷ്യയിലെ കമ്മ്യൂണിസ്റ്റ് ഡിക്റ്റേറ്റർഷിപ്പുമായി അതിനു യാതൊരു സാമ്യംപോലുമില്ല. ഏകാധിപത്യത്തിന്റെ വളരെ മാർദ്ദവമായൊരു രീതിയാണതെന്നു പറയാം. അതു ശാന്തവും ക്രമപാലനനിഷ്ഠയിൽ അധിഷ്ഠിതവും നീതിബോധത്തിന്റെ തത്വങ്ങളെ കൃത്യമായി പാലിക്കുന്നതുമാണു്. എങ്കിലും പത്രസ്വാതന്ത്ര്യത്തിൽ പലേപരിമിതികളും അതു അവശ്യം ഉൾക്കൊള്ളുന്നുണ്ടു്. ദിനപ്പത്രങ്ങൾ ഫ്റാങ്കോ ഭരണത്തെ വിമർശിക്കാറില്ല. അവ ഗവമ്മേണ്ടിന്റെ അഭിപ്രായഗതികളെ മാത്രം പ്രകടിപ്പിക്കുന്ന ജിഹ്വകളാണെന്നു പറയാം. പക്ഷെ സ്പെയിനിൽ വ്യക്തികൾ അവരുടെ രഹസ്യസംഭാഷണങ്ങളിൽ ഗവമ്മേണ്ടിനെ നിശിതമായും ഭയലേശമില്ലാതെയും വിമർശിക്കുന്നതു കേൾക്കാം. സ്പെയിനിന്റെ വിവിധഭാഗങ്ങളിൽക്കൂടി ഞാൻ സഞ്ചരിച്ചുകൊണ്ടിരുന്നപ്പോൾ ട്രെയിനുകളിലും ബസ്സുകളിലും യാത്രക്കാർ പരസ്യമായും സ്വതന്ത്രമായും സാധാരണ വർത്തമാനങ്ങളിൽപോലും രാഷ്ട്രീയചെയ്തികളെ വിമർശിക്കുന്നതായി കേട്ടു. സ്പെയിൻകാരുടെ സുധീരമായ സ്വാതന്ത്ര്യബോധത്തെപ്പററി പരിജ്ഞാനമില്ലാത്തവർക്കു ഇതു അത്ഭുതകരമായി തോന്നും. ഒരവസരത്തിൽ ഇതേപ്പററി ഒരു ഗവമ്മേണ്ടുദ്യോഗസ്ഥനോടു ആരാഞ്ഞതിൽ അദ്ദേഹം വിനോദരൂപത്തിൽ പറഞ്ഞതു്, 'സ്പെയിനിൽ 2 കോടി 80 ലക്ഷം രാഷ്ട്രീയപാർട്ടികളും അഭിപ്രായഭിന്നതകളുമുണ്ടെ'ന്നായിരുന്നു.

### അതു ജനാധിപത്യമല്ല

സ്പെയിനിൽ ജനാധിപത്യനിയമങ്ങളനുസരിച്ച തിരഞ്ഞെടുക്കപ്പെട്ട ഒരു ഭരണകൂടമില്ല. അവിടത്തെ നിയമസഭയിൽ ഗവമ്മേണ്ടിൽനിന്നു നേരിട്ടോ മററു സംഘടനകൾവഴിയോ നിയമിക്കപ്പെട്ട അംഗങ്ങൾ മാത്രമേയുള്ളൂ. മുൻസിപ്പൽ കൗൺസിലുകളുടേയും സ്ഥിതി ഇതുതന്നെ. ഓരോ പ്രോവിൻസിലേയും ഗവർണ്ണർമാരാണു് കൗൺസിലംഗങ്ങളെ നിയമിക്കുന്നതു്. ഈ സ്ഥിതിവിശേഷം എങ്ങിനെ ന്യായീകരിക്കാം? നാമൊന്നു മനസ്സിലാക്കണം. സ്പെയിനിൽ ഭയാനകമായ ഒരു ആഭ്യന്തരവിപ്ലവം പൊട്ടിപ്പുറപ്പെട്ടതാണു്. വിനാശകരമായ ആ വിപ്ലവത്തെ ധീരോചിതമായി ചെറുത്തു രാജ്യത്തെ സംരക്ഷിച്ച ജനറൽ ഫ്റാങ്കോയുടെ ഭരണം സുസ്ഥിരമാക്കുന്നതിനു വളരെ ശക്തിമത്തായ ഒരു ഭരണകൂടം ഒഴിച്ചുകൂടാത്തൊരാവശ്യമാണു്. അതുകൊണ്ടു് ഈ ഭരണവ്യവസ്ഥകൾ അനാവശ്യങ്ങളോ അനീതിപരങ്ങളോ ആണെന്നു പറയാൻ നിവൃത്തിയില്ല. ജനങ്ങൾക്കും അതിൽ പറയത്തക്ക അഭിപ്രായവ്യത്യാസമില്ല. പക്ഷെ ഈ നിയന്ത്രണങ്ങളെല്ലാം ആവശ്യത്തിലധികം നീട്ടിക്കൊണ്ടുപോവുകയാണെന്നും, അതു ഫ്റാങ്കോഭരണത്തെ തുരങ്കം വയ്ക്കുന്നതിനും അതിന്റെ ഉദ്ദേശ്യങ്ങളെത്തന്നെ പരാജയപ്പെടുത്തുന്നതിനും അവസരമായേക്കുമെന്നും അഭിപ്രായപ്പെടുന്ന ഒരു വിഭാഗം ആളുകളുണ്ടു്. ശരിയായ ഒരു ജനാധിപത്യഭരണം അവിടെ നടപ്പാക്കണമെന്നുള്ള അഭിപ്രായഗതികളും തെളിഞ്ഞുവരുന്നുണ്ടു്. ഫ്റാങ്കോ ഭരണത്തെ ഇപ്പോഴും ശക്തിയായി എതിർത്തുകൊണ്ടിരിക്കുന്ന കാററലൂണിയാ, ബാസ്ക്ക മുതലായ രാജ്യവിഭാഗങ്ങൾക്കു സ്വയം നിർണ്ണയാവകാശം പ്രദാനം ചെയ്തുകൊണ്ടു ഒരു ഫെഡറൽ രീതിയിൽ സ്പെയിനിൽ ജനാധിപത്യം സ്ഥാപിക്കുകയായിരിക്കും പ്രായോഗികമെന്നാണു് ശക്തിയായ ഒരഭിപ്രായം.



ജനറൽ ഫ്റാങ്കോ.

### രാജവാഴ്ച വരുമോ?

സ്പെയിനിലും പുറത്തുംവച്ചു് ഞാൻ പരിചയപ്പെട്ട വിദേശീയരായ പലരും എന്നോടു ചോദിച്ച ഒരു ചോദ്യം രസാവഹമാണു്. എത്രനാൾ ഫ്റാങ്കോയുടെ ഭരണം തുടരുമെന്നാണു് എന്റെ അഭിപ്രായമെന്നവർക്കറിയണം. ഈ ചോദ്യത്തിനുത്തരം പറയാൻ വളരെ പണിയാണു്. ഫ്റാങ്കോയുടെ ഭരണം അത്ര എളുപ്പത്തിൽ തട്ടിമറിച്ചിടാൻ സാദ്ധ്യമല്ലാത്തവണ്ണം സുസ്ഥിരമാണു്. അതുകൊണ്ടു് ആ പ്രശ്നത്തിനു നൽകാവുന്ന മറുപടി ഇതു മാത്രമാണു: ഒന്നുകിൽ ഫ്റാങ്കോ ഭരണം കൈയൊഴിയുന്നതുവരെ അല്ലെങ്കിൽ അദ്ദേഹം മരിക്കുന്നതുവരെ. ഫ്റാങ്കോയെ അങ്ങേ അററം വെറുക്കുന്നവരും, ഫ്റാങ്കോഭരണത്തെ നിശിതമായി വിമർശിക്കുന്നവരുമായ സ്പെയിൻകാർപോലും ആ ഭരണത്തിന്റെ ശിഥിലീകരണം വലതുപക്ഷക്കാരും ഇടതുപക്ഷക്കാരും തമ്മിലുള്ള ആന്തരികവിപ്ലവത്തെ വിളിച്ചുവരുത്തുമെന്നു ഭയപ്പെടുന്നുണ്ടു്. ബഹുഭൂരിപക്ഷം സ്പെയിൻകാരുടേയും അഭിപ്രായം ഫ്റാങ്കോയുടെ പരാജയം രാജ്യത്തെ "വാകലത്തിൽനിന്നു അടുപ്പിനകത്തേക്കു ചാടിക്കുമെന്നാണു്. പക്ഷെ ഇതൊന്നും സാധാരണഗതിയിൽ ഉണ്ടാകാൻ പോകുന്നില്ല. ഫ്റാങ്കോയുടെ ഭരണത്തിൽ ഒരു ശക്തിമത്തായ വിപ്ലവത്തിനോ ഉപജാപപ്രവൃത്തികൾക്കോ തലപൊക്കുവാൻ സാദ്ധ്യമല്ല. ഈ സാഹചര്യങ്ങളിൽ സ്പെയിനിൽ നിയമവിധേയമായ ഒരു രാജാധിപത്യം ആവിർഭവിക്കുമെന്നു അഭിപ്രായപ്പെടുന്നവരുണ്ടു്. ഫ്റാങ്കോ സ്ഥാനമൊഴിഞ്ഞു പിൻമാറണമെന്നും പകരം ഡോൺ ജുവാൻ രാജാവിനെ വാഴിക്കണമെന്നും വാദിക്കുന്ന റോയലിസ്റ്റ് പാർട്ടിക്കു ഒരു ഗണ്യമായ സംഖ്യാബലമുണ്ടു്. എങ്കിലും, ഈ പരിണാമം പൂർത്തിയാകുന്നതിനിടയിൽ സംഭവിച്ചേക്കാവുന്ന വിപ്ലവത്തെ അവർ അത്യധികം ഭയപ്പെടുന്നതുകൊണ്ടു ഫ്റാങ്കോഭരണത്തിൽതന്നെ അവർ ഒതുങ്ങി കഴിഞ്ഞുകൂടുകയാണു്.

### ഫ്റാങ്കോയുടെ പിൻബലം

സാധാരണ സ്പെയിനിനെപ്പററി ഉന്നയിക്കപ്പെടുന്ന വേറൊരു പ്രശ്നമാണു് ഫ്റാങ്കോയ്ക്കു സ്പെയിനിൽ യഥാർത്ഥത്തിൽ എത്രമാത്രം പിൻതുണയുണ്ടു് എന്നുള്ളതു്. ഈ ചോദ്യത്തിനു ശരിയായ ഒരുത്തരം പറയാൻ വിഷമമാണു്. കാരണം, ഒന്നാമതായി ജനങ്ങളുടെ അഭിപ്രായം സ്വതന്ത്രമായി പ്രകടിപ്പിക്കുന്നതിനുള്ള സൗകര്യങ്ങളില്ല. രാഷ്ട്രീയ പാർട്ടികളോ സ്വതന്ത്രട്രേഡ് യൂണിയനുകളോ നിലവിലില്ലാത്തതുകൊണ്ടു ജനങ്ങളുടെ ചാച്ചിലുകൾ ശരിയായി ഗ്രഹിക്കാൻ സാധിക്കുന്നതല്ല. ഫ്റാങ്കോയുടെ പിൻബലം പ്രധാനമായും സൈന്യത്തേയും, മതത്തേയും, ഫലാഞ്ച് സംഘടനയേയും ആശ്രയിച്ചാണിരിക്കുന്നതു്. സ്പെയിനിൽ സിവിൽവാർ പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടു മുമ്പായി മാത്രം രൂപമെടുത്ത ഒരു സംഘടനയാണു് ഫലാഞ്ച് എന്നറിയപ്പെടുന്നതു്. ഫ്റാങ്കോയുടെ വിജയത്തിന്റേയും ഫ്റാങ്കോഭരണത്തിന്റെ നിലനില്പിന്റേയും പ്രധാനതാങ്ങ് ഈ സംഘടനയാണു്. സ്പെയിനിലെ പ്രോവിൻസുകളിൽ സർവ്വാധിപതികളായി ഭരണം നടത്തുന്ന സിവിൽ ഗവർണ്ണറന്മാരെല്ലാം ഈ സംഘടനയുടെ അംഗങ്ങളിൽനിന്നു നിയമിക്കപ്പെടുന്നു. പക്ഷെ ഫസിസ്റ്റുകളും നാസ്സികളും അവരുടെ ഭരണത്തിൽ പ്രയോഗിച്ചിരുന്ന സ്വേച്ഛാധിപത്യം ഇവർ പ്രയോഗിക്കാറില്ല. ഫലാഞ്ചുകളുടെ പ്രാബല്യം ഇപ്പോൾ കുറഞ്ഞുവരികയാണു്. മുമ്പു് അതു ശക്തിയുടെ ഉറവിടമായിരുന്നു, ഇന്നാകട്ടെ അധികാരപ്രയോഗത്തിനുള്ള ഒരുപാധിമാത്രം.

### സാമ്പത്തികനില

സാമ്പത്തികമായി നോക്കിയാൽ സ്പെയിൻ വളരെ ദാരിദ്ര്യത്തിൽ കഴിഞ്ഞുകൂടുന്ന ഒരു രാജ്യമാണു്. ഫ്റാൻസുപോലെയോ ബെൽജിയംപോലെയോ സാമ്പത്തികമായ ഒരുന്നതി അതിനു കൈവന്നിട്ടില്ല. അതുകൊണ്ടു കാർഷികമായിട്ടും വ്യാവസായികമായിട്ടും സ്പെയിൻ വളരെ പുരോഗമിക്കേണ്ടിയിരിക്കുന്നു. ഇതിനു ഏററം അത്യാവശ്യമായിരിക്കുന്നതു മൂലധനവും വ്യവസായത്തിനു സഹായകങ്ങളായ എലക്ട്രിസിററി മുതലായവയുമാണു്. കൃഷിസംബന്ധിച്ചും വളരെ പരിഷ്ക്കാരങ്ങൾ നടപ്പിലാക്കേണ്ടതായിട്ടുണ്ടു്. കാർഷികയന്ത്രോപകരണങ്ങൾ രാസവളങ്ങൾ മുതലായവ ഉപയോഗിച്ചു ആധുനികരീതിയിൽ കൃഷിനടത്താതെ അവിടെ കൃഷി അഭിവൃദ്ധിപ്പെടുകയില്ല. സ്പെയിനിനെ തീരായി അമേരിക്ക ഉൾപ്പെടെ വൻകിടശക്തികളെല്ലാം സ്വീകരിച്ചുപോന്ന ബഹിഷ്ക്കരണനയംമൂലം കൃഷിക്കുപയുക്തമായ യന്ത്രോപകരണങ്ങൾപോലും ഇറക്കുമതിചെയ്യുവാൻ അതിനു സാധിച്ചിട്ടില്ല എന്നു നാം അനുസ്മരിക്കണം.


കഴിഞ്ഞ മഹായുദ്ധത്തെത്തുടർന്നു് യൂറോപ്പിലെ അവശലക്ഷങ്ങളുടെ ജീവിതത്തോതുയർത്തുന്നതിനു അമേരിക്കൻ ഐക്യരാജ്യങ്ങൾ പല സഹായപദ്ധതികളും ഉന്നയിക്കുകയുണ്ടായിട്ടുണ്ടു്. പല രാജ്യങ്ങളും, പ്രത്യേകിച്ചു നേറോ (ഉത്തരഅററ്ലാൻറിക്കടമ്പടി സംഘടന) സഖ്യത്തിൽ ചേർന്നിട്ടുള്ള രാജ്യങ്ങളും ഗണ്യമായ സഹായങ്ങൾ സ്വീകരിച്ചിട്ടുമുണ്ടു്. എന്നാൽ 10 ലക്ഷത്തിൽപ്പരം മനുഷ്യജീവികളെ ആഹുതിചെയ്ത ഭയാനകമായ ഒരു ആഭ്യന്തരവിപ്ലവത്തിൽനിന്നു അസ്ഥിശേഷയായി പുറത്തുവന്ന ദുർഭഗയായ സ്പെയിനിന്റെ നേർക്കു ഈ സഹായഹസ്തം നീട്ടപ്പെട്ടിട്ടില്ല എന്നുള്ളതു നിർഭാഗ്യകരമെന്നേ പറയുവാനുള്ളൂ. സ്വയം പര്യാപ്തതയ്ക്കും പുരോഗതിക്കുംവേണ്ടിയുള്ള സ്പെയിൻജനതയുടെ പ്രവർത്തനസന്നദ്ധതയെപ്പററി ഗ്രഹിച്ചാൽ ആർക്കും മനസ്സിലാക്കാൻ സാധിക്കും, ചുരുങ്ങിയ മൂലധനസഹായംകൊണ്ടു ഇത്രമേൽ പുരോഗമിപ്പിക്കാൻ സാധിക്കുന്ന മററു യൂറോപ്യൻ രാജ്യങ്ങൾ വിരളമാണെന്നു്. 70 ഓ 80 ഓ കോടി ഡോളർ വ്യവസായത്തിലും കാർഷികപദ്ധതികളിലും ബുദ്ധിപൂർവ്വം മുതൽ മുടക്കുവാൻ സാധിച്ചാൽ സ്പെയിനിനെ 4 കൊല്ലം കൊണ്ടു് ഒരൊന്നാംകിടരാഷ്ട്രമായി കെട്ടിപ്പടുക്കുവാൻ സാധിക്കുമെന്നാണു് വിദഗ്ദ്ധന്മാരായ സ്പാനിഷ് വ്യവസായികളും ബാങ്കർമാരും അഭിപ്രായപ്പെട്ടിട്ടുള്ളതു്. എന്നാൽ അനേകശതം കോടി ഡോളർ അമേരിക്കാ യൂറോപ്യൻ രാജ്യങ്ങളിൽ വാരിക്കോരി ചിലവാക്കീട്ടും യൂറോപ്പിന്റെ സംരക്ഷണപ്രശ്നം ഇന്നും ത്രാസിൽ തൂങ്ങുകയാണു്.




റഷ്യക്കെതിരെ സ്പെയിനിന്റെ മർമ്മപ്രധാനമായ സ്ഥാനം.

### യൂറോപ്പിൽ സ്പെയിനിന്റെ സ്ഥാനം

സ്പെയിൻ അററ്ലാൻറിക്കു് സഖ്യത്തിൽ അംഗമായിട്ടില്ല. എന്നാൽ പ്രസ്തുത സംരക്ഷണസഖ്യത്തിൽ സ്പെയിനിനു എന്തെങ്കിലും സംഭാവനചെയ്യുവാൻ സാധിക്കുമോ? ഭൂപടത്തിലേക്കൊന്നു കണ്ണോടിച്ചാൽ ആ രാജ്യത്തിന്റെ മർമ്മപ്രാധാന്യം കരതലാമലകംപോലെ തെളിഞ്ഞുകാണാം. സ്പെയിനിന്റെ ഭൂമിശാസ്ത്രപരമായ അനുകൂലനിലമാത്രമല്ല, 20 ലക്ഷത്തിൽപ്പരം വരുന്ന ആ രാജ്യത്തിന്റെ ശക്തിമത്തായ സൈന്യവ്യൂഹവും കിടയററ ഒരു മഹാശക്തിയാണു്. ഇപ്പോൾത്തന്നെ 4 ലക്ഷത്തിൽപ്പരംവരുന്ന ഒരു സൈന്യവും 25000ത്തോളം സുശിക്ഷിതരായ സൈനികോദ്യോഗസ്ഥന്മാരും അവർക്കുണ്ടു്. സൈനികപാരമ്പര്യത്തിൽ സ്പെയിൻ അദ്വിതീയയാണു്. ആധുനികസമരായുധങ്ങളുടേയും പ്രത്യേകിച്ചു കെല്പേറിയ ആയോധനസാമഗ്രികളുടേയും അഭാവമാണു് സ്പെയിനിനെ ഇന്നു ദുർബലയാക്കി നിർത്തിയിട്ടുള്ളതു്. ആറു പടക്കപ്പലുകളും 30 നശീകരണക്കപ്പലുകളും 6 മൈൻ വിതരണവാഹനങ്ങളും 8 അന്തർവാഹിനികളും 24,000 നാവികോദ്യോഗസ്ഥന്മാരും സ്പെയിനിന്റെ സേവനത്തിൽ ഇപ്പോൾ ഏർപ്പെട്ടിരിക്കുന്നുണ്ടു്. എന്നാൽ അവയെല്ലാംതന്നെ പഴയമോഡലിലുള്ളവയാണു്. അമേരിക്കയുടെ സഹായഹസ്തം ഒന്നു നീട്ടിയാൽമതി സ്പെയിനിന്റെ മററു പ്രധാനമായ നിരവധി തുറമുഖങ്ങളെയും അജയ്യമായ നാവികശക്തിയേയും ആധുനികരീതിയിൽ സജ്ജീകരിച്ചു യൂറോപ്പിന്റെ സംരക്ഷണത്തിൽ പ്രമുഖമായ ഒരുപങ്കുവഹിക്കുവാൻ തയ്യാറാക്കുന്നതിനു്. അററ്ലാൻറിക്കു് സഖ്യത്തിലേക്കു അവശ്യാവശ്യമായ അസംസ്കൃതവിഭവങ്ങളെ സംഭാവനചെയ്യുവാനും സ്പെയിനിനു കഴിയും. മെർക്കുറി സുലഭമായി സപ്ലൈചെയ്യുന്നതിനു അവർക്കു സാധിക്കും. ഇരുമ്പു, ചെമ്പു, സൾഫർ മുതലായ വിഭവങ്ങൾ സ്പെയിനിൽ




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

മിസ് വി. ഗ്വാസീസ്

ധാരാളമുണ്ടു്.

## കമ്മ്യൂണിസത്തിനെതിരായ ശക്തികേന്ദ്രം

യൂറോപ്പിന്റെ സുസ്ഥിതിയെ ഉലച്ചുകൊണ്ടിരിക്കുന്ന കമ്മ്യൂണിസത്തെ പരാജയപ്പെടുത്തുന്നതിൽ സ്പെയിനിനു അതിപ്രധാനമായ ഒരു പങ്കുവഹിക്കുവാൻ കഴിയും. യുദ്ധക്കളത്തിൽ കമ്മ്യൂണിസത്തെ അടിയറ പറയിച്ചിട്ടുള്ള ഏകരാജ്യമാണു് സ്പെയിൻ. അതുകൊണ്ടു സ്പെയിൻകൂടി ഉൾപ്പെടുന്ന ഒരു അററ്ലാൻറിക്ക് സഖ്യം കമ്മ്യൂണിസത്തെ യൂറോപ്പിൽ പരാജയപ്പെടുത്തുന്നതിനുള്ള പ്രബലശക്തിയായിരിക്കുമെന്നുള്ളതു് നിർവ്വിവാദമാണു്. മെഡിററേനിയന്റെ പൂർവ്വപ്രദേശങ്ങളെ സംരക്ഷിക്കുന്നതിനും ഗ്രീസിൽ കമ്മ്യൂണിസത്തെ തടഞ്ഞുനിർത്തുന്നതിനും അനേകകോടി ഡോളർ അമേരിക്ക ചിലവഴിച്ചുകഴിഞ്ഞു എന്നാൽ മെഡിററേനിയന്റെ പ്രവേശനദ്വാരത്തെ സംരക്ഷിക്കേണ്ട സ്പെയിനിനെ അവഗണിച്ചുകൊണ്ടുള്ള ഈ പരിശ്രമങ്ങൾകൊണ്ടു എന്തു പ്രയോജനമാണുണ്ടാകാൻപോകുന്നതു്? അമേരിക്കയുടെ വിദേശനയത്തിൽ കടന്നുകൂടിയിട്ടുള്ള ഈ നോട്ടക്കുറവിനെ അപലപിക്കുന്ന ആൾജർഹിസ്സ് മുതലായ രാജ്യതന്ത്രജ്ഞന്മാരുടെ അഭിപ്രായഗതി അവഗാഢമായി പരിചിന്തിക്കപ്പെടേണ്ടതാണു്.

കഴിഞ്ഞ മാർച്ചുമാസത്തിൽ ഞാൻ മാഡ്റിഡിൽ താമസിച്ചുകൊണ്ടിരിക്കുമ്പോൾ പല അമേരിക്കൻ ഉദ്യോഗസ്ഥന്മാരും പട്ടണവീഥികളിലൂടെ അവരുടെ തിളങ്ങുന്ന അമേരിക്കൻ കാറുകളിൽ അങ്ങുമിങ്ങും ഓടിക്കൊണ്ടിരിക്കുന്നതായി കണ്ടു. ഈ ഉദ്യോഗസ്ഥന്മാരേയും സാങ്കേതികവിദഗ്ദ്ധന്മാരേയും സ്വാഗതം ചെയ്യുന്നതിൽ സ്പാനിഷ് ജനത വളരെ ഉത്സാഹം പ്രദർശിപ്പിച്ചു. അമേരിക്കൻ ഗവമ്മെണ്ടു സ്പെയിനിലുള്ള ചില മർമ്മസ്ഥാനങ്ങളെ പരിഷ്കരിക്കുന്നതിനായി അനുവദിച്ചിട്ടുള്ള 4 കോടി ഡോളറിന്റെ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള പരിശ്രമങ്ങളിൽ സഹായിക്കുന്നതിനാണു് അവർ എത്തിച്ചേർന്നതു്. ഇതു് കമ്മ്യൂണിസത്തിനെതിരായി യൂറോപ്പിൽ കെട്ടിപ്പടുക്കപ്പെടുന്ന സംരക്ഷണപ്രസ്ഥാനവിജയത്തിന്റെ പരിശുഭശകുനമായി പരിഗണിക്കപ്പെടാം.

## കൃതജ്ഞത

മാർത്തോമാ ശ്ലീഹായുടേയും പരി. ദേവമാതാവിന്റേയും വി. യൗസേപ്പു പിതാവിന്റേയും മാദ്ധ്യസ്ഥത്താൽ ഉദ്ദിഷ്ടകാര്യങ്ങൾ സാധിച്ചതിനു് ഉപകാരസ്മരണ.

എൻ. തോമാസ്, വാഴപ്പുള്ളി
ഗുരുവായൂർ

(1-ാംപേജു് തുടർച്ച)

അശ്രദ്ധയും ദുഷിച്ച പ്രേരണാശക്തിയുംമൂലം ശാശ്വതമായി ദുരന്തഫലങ്ങൾ ഉളവാക്കുന്ന ആശയപ്രപഞ്ചങ്ങൾ മെഴുകിലെന്നതിനേക്കാൾ വേഗത്തിൽ അവയിൽ പതിയുന്നു. നന്മയുടെ പന്ഥാവിൽക്കൂടി അതിനെ നയിക്കുന്നതിനു ഒരു കാവൽമാലാഖായെപ്പോലെ മാതാവു് തൊട്ടിലിനരികേ നില്ക്കുന്ന ശിശു ഭാഗ്യമുള്ളതാകുന്നു.......അങ്ങനെയുള്ള ഒരു മാതാവു് കുടുംബത്തിന്റെ തൂണും താങ്ങുമാണു്. ഇടവകയ്ക്കു് മാതൃകയും താൻ അംഗമായിരിക്കുന്ന ഭക്തസംഘങ്ങൾക്കു് ഉദ്ദീപനവും നൽകുന്ന ഒരു ദീപസ്തംഭവുമാണു്."




# ചൈനയിലെ കത്തോലിക്കാ സഭ മുന്നോട്ടു്

(ജോസഫ് പി. റോം)

കമ്മ്യൂണിസ്റ്റു ഭരണം വ്യക്തിസ്വാതന്ത്ര്യത്തിന്റെ മുന്നോടിയാണെന്നു ലോകം മുഴുവൻ പറഞ്ഞു പരത്താൻ കമ്മ്യൂ. ഗവമ്മെന്റുകൾ വളരെയധികം പരിശ്രമിച്ചുകൊണ്ടിരുന്നിട്ടും അവിടത്തെ ഭീകരഭരണത്തിന്റെ തനിനിറം പലപ്പോഴും സ്വതന്ത്രലോകത്തിനു ദൃശ്യമാകുന്നുണ്ടു്. ഭീകരമർദ്ദനംമൂലം സ്വരാജ്യത്തേയും തന്റെ ശുശ്രൂഷക്കേല്പിക്കപ്പെട്ടിരുന്ന അജഗണങ്ങളേയും വിട്ടു് വിദേശവാസമനുഭവിക്കേണ്ടിവന്നിരിക്കുന്ന നാങ്കിംഗ് രൂപതയുടെ മെത്രാപ്പോലീത്താ മോൺ. പോൾ യൂപ്പിൻ തിരുമനസ്സുകൊണ്ടു് പരിശുദ്ധ പിതാവിനെ സന്ദർശിക്കാൻ ഈയിടെ റോമിൽ വന്നിരുന്നു. താൻ വൈദികപഠനം പൂർത്തിയാക്കിയ റോമിലെ പ്രൊപ്പഗാന്താ കോളേജ് സന്ദർശിച്ച അവസരത്തിൽ വിദ്യാർത്ഥികളുടെ അപേക്ഷപ്രകാരം "ചൈനായിലെ കത്തോലിക്കാസഭയുടെ ഭാവി" എന്ന വിഷയത്തെക്കുറിച്ചു് സംസാരിക്കയുണ്ടായി

തന്റെ കാലത്തു "ദീർഘദർശനം" ഒന്നും കോളേജിൽ പഠിപ്പിച്ചിരുന്നില്ലെന്നു ഫലിതരൂപേണ പ്രസ്താവിച്ചുകൊണ്ടു് അദ്ദേഹം പ്രസംഗമാരംഭിച്ചു എന്നാൽ ഒരു കാര്യം തനിക്കു തീർച്ചപറയാൻ കഴിയുമെന്നു മെത്രാപ്പോലീത്താ തിരുമനസ്സുകൊണ്ടു ആവേശപൂർവ്വം പറഞ്ഞു. അതായതു് പീഡയനുഭവിച്ചു മിശിഹാ ലോകത്തെ ജയിച്ചു അതിനാൽ ചൈനയിലെ മർദ്ദിതസഭയും വിജയം വരിക്കതന്നെ ചെയ്യും. "ഇതു് ഒരു പ്രവചനമല്ല" തിരുമനസ്സുകൊണ്ടു്

മതത്തിന്റെ മൂലതത്വങ്ങൾ മക്കളിൽ ഉറപ്പിക്കുവാൻ മാതാക്കൾ ജാഗരൂകരാകണം. ഫാലിഫാക്സ് പ്രഭുവിന്റെ പരാമർശനം ഈ കാര്യത്തിൽ നമുക്കു് തക്ക പ്രചോദനം നൽകും "If in addition to the three R's you don't teach your children a fourth R, namely religion you make them a fifth R, namely rascals." ഒരു നല്ല മാതാവു് നൂറു ഗുരുനാഥന്മാരേക്കാൾ വിലയേറിയവളാണെന്നു് സർ ജി. ഹെർബർട്ടു്, പറഞ്ഞിട്ടുള്ളതു് എത്രയോ അന്വർത്ഥമാണു്.

(തുടരും)

തുടർന്നു: "പിന്നെയോ ലോകത്തിനു മുഴുവനും ബോദ്ധ്യമുള്ള ഒരു ചരിത്രസംഭവംമാത്രം."

ആയിരക്കണക്കിനു ക്രിസ്ത്യാനികളുടെ കഴുത്തറുത്തിട്ടുള്ള നീറോ, ഡയോക്ലീഷ്യൻ മുതലായ നിഷ്ഠൂരചക്രവർത്തികൾ ഇന്നത്തെ കമ്മ്യൂണിസ്റ്റു് മർദ്ദകരുടെ മുമ്പിൽ വെറും മറയന്മാർ മാത്രമാണു്. കാരണം, ഇന്നത്തേതുപോലെ ദുർഗ്ഗമായ മർദ്ദനോപായങ്ങൾ അവർക്കറിഞ്ഞുകൂടായിരുന്നു. ഇന്നത്തെ കമ്മ്യൂണിസ്റ്റുകൾക്കു ബോദ്ധ്യമുണ്ടു് ആദിമശതകങ്ങളിൽ വധിക്കപ്പെട്ട വേദസാക്ഷികളുടെ രക്തം പത്രോസിന്റെ തിരുസഭയുടെ കരിങ്കൽത്തറമേൽ സിമൻറു പൂശുകയാണു ചെയ്തിട്ടുള്ളതെന്നു്. കഴിഞ്ഞ രണ്ടു വർഷക്കാലത്തോളമായിട്ടു് കമ്മ്യൂണിസ്റ്റു ചൈനയിൽ രക്തംചൊരിച്ചിൽകൊണ്ടുള്ള മർദ്ദനത്തിനു് അല്പം അയവുവരുത്തിയിരിക്കയാണു്. അതിനുപകരം പിഞ്ചുഹൃദയങ്ങളിലും യുവാക്കന്മാരിലും കമ്മ്യൂണിസ്റ്റു തത്വങ്ങൾ നിർബന്ധപൂർവ്വം വ്യാപിപ്പിക്കുന്നതിനുള്ള ശ്രമം നടത്തുന്നു. തങ്ങൾക്കുള്ള മതസഹിഷ്ണുത കാണിക്കാനെന്ന ഭാവേന ചില സ്ഥലങ്ങളിൽ ഗവർമ്മെൻറനുവാദത്തോടും അധികാരികളുടെ സാന്നിദ്ധ്യത്തിലും ചില മതകർമ്മങ്ങൾ അനുവദിക്കപ്പെട്ടിട്ടുണ്ടു്. കമ്മ്യൂണിസ്റ്റുകാർ ആദ്യകാലങ്ങളിൽ സ്ഥാപിച്ച സ്വതന്ത്രസഭ പരാജയമടഞ്ഞിരിക്കയാണു്. അതിന്റെ നേതാവാകാൻ തയ്യാറുള്ള ഒരൊററ കത്തോലിക്കാവൈദികനെയും അവർക്കു ലഭിച്ചില്ല.

ചൈനയുടെ അനിഷേദ്ധ്യനേതാവെന്നു കമ്മ്യൂണിസ്റ്റുകൾ കൊട്ടിഘോഷിക്കുന്ന ചൗ എൻ ലയ് കുറെ നാളുകൾക്കുമുമ്പു് തന്റെ പോലീസധികാരികളെയെല്ലാം വിളിച്ചുകൂട്ടി ഒരു കോൺഫറൻസു നടത്തി. അതിൽ അയാൾ ഇപ്രകാരം പറഞ്ഞു: "നാം എല്ലാം നിറവേററിക്കഴിഞ്ഞിരിക്കുന്നു. നാഷണലിസ്റ്റുകാരെ അടിച്ചമർത്തി; കൊറിയായിൽ കമ്മ്യൂണിസ്റ്റു ഭരണം നടപ്പിലാക്കി; ഇൻഡോചീനയിലും വിപ്ലവത്തിൽ നാം വലിയ പങ്കു വഹിച്ചു. ഇനി ഒരൊററ കാര്യം അവശേഷിച്ചിരിക്കുന്നു. അതു് ഇവിടത്തെ കത്തോലിക്കാസഭയാണു്. ആറു മാസത്തിനകം ഇക്കൂട്ടരേയും തരിപ്പണമാക്കണം." മെത്രാപ്പോലീത്താ ആവേശത്തോടെ തുടർന്നു പറഞ്ഞു: "മേല്പറഞ്ഞ പ്രസ്താവന കഴിഞ്ഞിട്ടു് ആറല്ല പന്ത്രണ്ടുമാസം കഴിഞ്ഞിരിക്കുന്നു. ഇതുവരെ സഭ പരാജയമടഞ്ഞിട്ടില്ല."

"നിങ്ങൾ എന്തു സംസാരിക്കണമെന്നു നിങ്ങൾക്കു് അറിയപ്പെട്ടും" എന്ന ദിവ്യരക്ഷകന്റെ വാഗ്ദാനം ചൈനയിലെ കൊച്ചുകുട്ടികളുടെയിടയിൽപ്പോലും നിറവേറുന്നതായി തിരുമേനി പ്രസ്താവിച്ചു. മനുഷ്യനു സ്വാഭാവികമായി ലഭിച്ചിട്ടുള്ള മതബോധം, സന്മാർഗ്ഗബോധം ഇവയെ ഹൃദയങ്ങളിൽനിന്നു വേരോടെ പിഴുതുകളയാനാണു് ഇന്നത്തെ ചൈനീസ് ഗവമ്മെൻറിന്റെ പരിശ്രമം. ഈ പ്രവർത്തനത്തിലേപ്പെട്ടിരിക്കുന്നവർ നാടിന്റെ നാനാഭാഗത്തും രഹസ്യമായും പരസ്യമായും തങ്ങളുടെ കൃത്യനിർവ്വഹണം നടത്തുന്നു. ഒരിക്കൽ ഈ ദൂതന്മാരിലൊരാൾ ഒരു സ്കൂളിലെ കുട്ടികളെ വിളിച്ചുകൂട്ടി ഒരാഹ്വാനം നടത്തി: "കമ്മ്യൂണിസമല്ലാതെ വേറൊരു മതവും നമുക്കില്ല. സ്റ്റാലിനാണു് നമ്മുടെ പിതാവു്." ഇപ്രകാരം കമ്മ്യൂ. അനുഭാവസൂചകങ്ങളായ വാക്യങ്ങൾ വിളിച്ചുപറഞ്ഞശേഷം കൂട്ടത്തോടു് അവ ഓരോന്നും സ്വീകരിക്കുന്നുവെന്നു കാണിക്കാൻവേണ്ടി കൈകൊട്ടാൻ ആവശ്യപ്പെട്ടു. എന്നാൽ കൂട്ടത്തിൽനിന്നു പ്രതീക്ഷിച്ചതുപോലെയുള്ള അനുഭാവസൂചനകൾ ഒന്നുംതന്നെ കണ്ടില്ല. ഇതുമൂലം കലികൊണ്ട കമ്മ്യൂണിസ്റ്റു നേതാവു് മുഷ്ടികൾ ചുരുട്ടിപ്പിടിച്ചുകൊണ്ടു് വിളിച്ചുചോദിച്ചു: "ആരാണു് ഇക്കൂട്ടത്തിൽ കമ്മ്യൂണിസ്റ്റനുഭാവികളല്ലാത്തതു്" എന്നു്. ഉടനെ കുട്ടികളുടെ വലിയൊരു ശതമാനം കൈകൾ ഉയർത്തിപ്പിടിച്ചുകൊണ്ടു വിളിച്ചുപറഞ്ഞു: "ഞങ്ങൾ കത്തോലിക്കരാണു്" എന്നു്.

ഇന്നു ചൈനയിൽ സമാധാനകാലത്തേതിനെക്കാൾ കൂടുതൽ മതപരിവർത്തനം നടക്കുന്നുണ്ടു്. ഇന്നു ചൈനമുഴുവനിലും കത്തോലിക്കരുടെ കാര്യം കമ്മ്യൂണിസ്റ്റുകൾതന്നെ പറഞ്ഞുപരത്തുന്നുണ്ടു്. മോൺ. യൂപ്പിൻ പറഞ്ഞു: തന്റെ മിസ്സത്തിൽ 3 ദിനപ്പത്രങ്ങളും 5 മററു പ്രസിദ്ധീകരണങ്ങളും ഉണ്ടായിരുന്ന കാലത്തു ക്രിസ്തുവിന്റെ തിരുനാമം ഇതുപോലെ പറഞ്ഞുപരത്താൻ സാധിച്ചിട്ടില്ല. കത്തോലിക്കാസഭയെ അവഹേളിക്കാനുദ്ദേശിച്ചു കമ്മ്യൂണിസ്റ്റുകൾ നടത്തുന്ന പ്രചരണവും വൈദികരുടേയും അത്മേനികളുടേയും ശാന്തവും നിസ്വാർത്ഥവുമായ പ്രവർത്തനങ്ങളുമാണു് ഇന്നു് മുമ്പുണ്ടായിരുന്ന പ്രസിദ്ധീകരണങ്ങളുടെ സ്ഥാനം ഏറെറടുത്തിരിക്കുന്നതു്.

അവിടെ സ്വതന്ത്രരായി വിദേശമിഷനറിമാരാരും ജീവിക്കുന്നില്ല. ദേശീയവൈദികർക്കു് തങ്ങളുടെ ശുശ്രൂഷക്കേല്പിക്കപ്പെട്ടിരിക്കുന്ന ആത്മാക്കളുടെ കാര്യത്തിൽ ശ്രദ്ധപതിക്കാൻ വ്യക്തിസ്വാതന്ത്ര്യം കൊട്ടിഘോഷിക്കുന്ന കമ്മ്യൂണിസ്റ്റു് ഗവമ്മെൻറനുവദിക്കാത്തതിനാലും പല പള്ളികളും ഗവമ്മെൻറു കണ്ടുകെട്ടിയിരിക്കുന്നതിനാലും, സാധിക്കുന്നില്ല. തന്മൂലം വൈദികർ ഹോട്ടലുകളിലും തൊഴിൽശാലകളിലും ബാർബർഷാപ്പുകളിലും ജോലിനോക്കുന്നു. ഈ സ്ഥലങ്ങളിൽ ഇവരുമായി പരിചയപ്പെടാനിടവരുന്നവർ കത്തോലിക്കാസഭയുടെ മഹത്വം ഗ്രഹിക്കുകയും അതിലെ അംഗങ്ങളായിത്തീരുകയും ചെയ്യുക സാധാരണമായിത്തീർന്നിരിക്കയാണു്.

ചൈനയിൽനിന്നു പുറത്തുവിട്ടുകൊണ്ടിരിക്കുന്ന മിഷനറിമാരിൽനിന്നു് അവിടത്തെ സ്ഥിതിഗതികൾ ശരിയായി ഗ്രഹിക്കാം. കൂടാതെ അന്യമതസ്ഥരായ പലരും ചൈനയ്ക്കു വെളിയിൽ കടന്നുപോകുന്നുണ്ടു്. അവരോടെല്ലാം വൈദികരും കത്തോലിക്കാജനങ്ങളും പണമോ മററുതുപോലെയുള്ള സഹായങ്ങളോ അല്ല തങ്ങൾക്കുവേണ്ടി യാചിക്കാൻ ആവശ്യപ്പെടുന്നതു്. പിന്നെയോ പ്രാർത്ഥന ഒന്നുമാത്രം. ക്രിസ്തുവിന്റെ മൗതികശരീരത്തിലെ വേദനയനുഭവിക്കുന്ന ഈ ഒരംഗത്തിനു് തന്റെ ക്ലേശങ്ങൾ ക്രിസ്തുവിനുവേണ്ടി സഹിക്കാൻ ധൈര്യം നൽകാൻ മററവയവങ്ങളോടവർ യാചിക്കുന്നു മോൺ. യൂപ്പിൻ തുടർന്നുപറഞ്ഞു: "കമ്മ്യൂണിസ്റ്റു ചൈനയുടെ രക്ഷയ്ക്കുവേണ്ടി നിങ്ങൾ പ്രാർത്ഥിക്കുകയും ത്യാഗമനുഷ്ഠിക്കുകയും ചെയ്യു! നിങ്ങളുടെ പ്രിയ രാജ്യത്തെ ജനങ്ങളോടു് പ്രാർത്ഥനകൾ യാചിക്കുക." ക്രിസ്തുവിന്റെ ഈ അപ്പസ്തോലന്റെ യാചന സത്യദീപം വായനക്കാർ ശ്രവിക്കാതിരിക്കുമോ?

സ്വരാജ്യത്തിനു വെളിയിൽ ജീവിക്കുവാനുള്ള കമ്മ്യൂണിസ്റ്റു് രാജ്യഭ്രഷ്ടുശിക്ഷ അനുഭവിച്ചുകൊണ്ടിരിക്കുന്ന നാങ്കിംഗിലെ ആ വൈദികാദ്ധ്യക്ഷൻ ഇപ്രകാരം ഉപസംഹരിച്ചു: "ക്രിസ്തീയമായിപ്പറഞ്ഞാൽ ചൈനയിൽ ക്രിസ്തുമതം ദൈനംദിനം വിജയം കൈവരിച്ചുകൊണ്ടാണിരിക്കുന്നതു്. എങ്കിലും മാനുഷികമായി പറഞ്ഞാൽ സഭ ഒരു കഠോരകാലഘട്ടത്തെയാണു തരണംചെയ്യുന്നതു്. ഇന്നത്തെ ഈ നിലതന്നെ എത്ര നാളത്തേക്കു നില്ക്കുമെന്നു പറയാൻ നിവൃത്തിയില്ല. എന്നാൽ ക്രിസ്തുവിന്റെ അരുപിയുള്ള നമുക്കറിയാം ക്രിസ്തു ലോകത്തെ ജയിച്ച ആ ഉയിർപ്പുദിവസത്തിനുമുമ്പു് അന്ധകാരം നിറഞ്ഞ ഒരു ദുഃഖവെള്ളിയാഴ്ചയുണ്ടു് എന്നു്."



For favours received
Rosy Antony


## ഒന്നു നില്ക്കണെ!

## നിങ്ങൾ ഇതു കേട്ടില്ലേ, കണ്ടില്ലേ?

ബാലസാഹിത്യത്തെ പരിപോഷിപ്പിക്കുന്ന ഫാദർ ജോസഫ് പുതിയാപറമ്പിൽ ബി. എ. "കുഞ്ഞുമക്കൾ അറിയേണ്ടും നല്ല കാര്യങ്ങൾ" എന്ന മൂന്നാമതൊരു ഗ്രന്ഥം രചിച്ചിരിക്കുന്നു. പെരുന്നാൾ ദിവസങ്ങളിൽ "ചേട്ടത്തി"മാർ "നിത്യാരാധന"പുസ്തകവും കുഞ്ഞുങ്ങൾക്കു കിലുക്കും പന്തും വാങ്ങിക്കുന്ന ഒരു കാലമുണ്ടായിരുന്നു. അതു കഴിഞ്ഞുപോയി. ഇപ്പോൾ തന്റെ പൊൻകുഞ്ഞിനെ തങ്കക്കുഞ്ഞാക്കാൻ "കുഞ്ഞുമക്കൾ അറിയേണ്ടും നല്ല കാര്യങ്ങൾ" ആണു് വാങ്ങിക്കൊടുക്കുന്നതു്. പെരുന്നാൾ കഴിഞ്ഞുപോകുന്ന കുസൃതിബാലന്റെ കൈയിൽ "ഉഴുന്നാടമാല"ക്കു പകരം "കുഞ്ഞുമക്കൾ അറിയേണ്ടും നല്ല കാര്യങ്ങൾ" ആണു് കാണുന്നതു്. പെരുന്നാളിൽ സംബന്ധിക്കാൻ സാധിക്കാത്തവർ ഈ വിശിഷ്ടഗ്രന്ഥം, ദീപികപ്രസ്സ് കോട്ടയം; കാത്തലിക്ക മിഷ്യൻപ്രസ്, കോട്ടയം; സെൻറ ജോസഫ്സ് പ്രസ്സ്, മാന്നാനം; S. H. ലീഗ് മംഗലപ്പുഴ സെമ്മിനാരി എന്നീ സ്ഥലങ്ങളിൽ അന്വേഷിക്കുക. 192 പേജ് വില ക. 1—4—0

പ്രഹസനം

# ത്യാഗവേദി

(ദേവസ്യാ അഞ്ഞൂററിമംഗലം)

രംഗം അഞ്ച്

രാജകീയോദ്യാനം

(ജൂലിയാന, ഒരു ശിലാസനത്തിലിരിക്കുന്നു. ഫ്ളേവിയ അടുത്തു നിൽക്കുന്നു)

ജൂലി:- സഖീ, നമുക്കു മനസ്സുഖം തീരെ നശിച്ചിരിക്കുന്നു എന്തൊക്കെയോ ഭയാശങ്കകൾ നമ്മെ സദാ അലട്ടുന്നു. ഇതെല്ലാം ആഗാമിയായ ഏതോ അശുഭാനുഭവങ്ങളുടെ നാന്ദിയല്ലേ എന്നുപോലും നാം സംശയിക്കുന്നു.

ഫ്ളേവി:- മഹാരാജ്ഞി, അവിടത്തെ ആശങ്കകൾക്കു യാതൊരടിസ്ഥാനവുമില്ല. പ്രതാപശാലിയായ റോമൻ ചക്രവത്തി തിരുമനസ്സിലെ ധമ്മദാരങ്ങൾ അസ്വസ്ഥചിത്തയാകേണ്ട യാതൊരു കാര്യവുമില്ല. അല്ലെങ്കിൽത്തന്നെ ഭാവിയെപ്പററി ചിന്തിച്ചു എന്തിനു ഹൃദയം പുണ്ണാക്കുന്നു!

ജൂലി:- ഫ്ളേവിയാ, നീ നമ്മെ അന്നു പറഞ്ഞുകേൾപ്പിച്ച ആ കഥ നമുക്കു മറക്കുവാൻ കഴിയുന്നില്ല. ആ സ്മരണ നമ്മെ പൂർവ്വാധികം അസ്വസ്ഥയാക്കുന്നു. അന്തിപ്പാസിൻെറ പൂമേടയിൽ സകലവിധ സൗഭാഗ്യങ്ങളും ആസ്വദിച്ചു ആനന്ദവാരാശിയിൽ നീന്തിക്കളിച്ച ആ ഹെറോദ്യയുടെ ദുരന്തം എത്ര ഭയാനകമായിരുന്നു!

ഫ്ളേവി:- അതുകൊണ്ടു് അവിടുന്നെന്തിനാണു ചിന്താകുലയാവുന്നതു്?

ജൂലി:- ലൗകികസുഖങ്ങളുടെ ക്ഷണികതയെപ്പററി നാം വിചാരിച്ചുപോയി. ഇന്നു ഒരു മഹാരാജ്ഞീപദം അലങ്കരിക്കുന്ന നാമും ഹെറോദ്യായെപ്പോലെ ഒരു ദുർഭഗയായി മാറിക്കൂടാത്തതാണോ?

ഫ്ളേവി:- അബദ്ധം. പരമാബദ്ധം. ഉത്തമനായ സ്വഭത്താവിനെ പരിത്യജിച്ചു് അദ്ദേഹത്തിൻെറ സഹോദരനായ അന്തിപ്പാസിനെ അനുഗമിച്ച ആ അഭിസാരികയെവിടെ; സുകൃതിനിയായ അവിടുന്നെവിടെ? മഹാരാജ്ഞി, സർവ്വസൽഗുണനിലയമായ അവിടുന്നു അന്തിപ്പാസിൻെറ പ്രഥമഭാര്യയായ പെട്രായിലെ രാജകുമാരിയെപ്പോലെ മഹാ ഉത്തമയാണു്.

ജൂലി:- അപ്രകാരമെങ്കിൽ നമ്മുടെ ഗതി അതിലും കഷ്ടതരമാണു്.

ഫ്ളേവി:- എന്തുകൊണ്ടു്?

ജൂലി:- പെട്രായിലെ രാജകുമാരിയെപ്പോലെ സ്വഭത്താവിനാൽ ഉപേക്ഷിക്കപ്പെടുന്ന ഒരുവൾ എത്രതന്നെ ഗുണവതിയായിരുന്നാലും അവളുടെ ജന്മം വൃഥാവിലല്ലേ?

ഫ്ളേവി:- അവിടുന്നു അവിഹിതമായി സംസാരിക്കുന്നു. ചക്രവത്തി തിരുമനസ്സുകൊണ്ടു് അവിടത്തെ പ്രാണതുല്യം സ്നേഹിക്കുമ്പോൾ ഈദൃശഭയാശങ്കകൾ അസ്ഥാനത്താണു്.

ജൂലി:- ഫ്ളേവിയാ, നീ എന്തറിയുന്നു? അദ്ദേഹം നമ്മോടു് സംസാരിച്ചിട്ടുതന്നെ ദിനങ്ങൾ അല്ല, മാസങ്ങൾതന്നെ പലതുകഴിഞ്ഞിരിക്കുന്നു. അദ്ദേഹത്തിനു് എന്നിൽ യാതൊരാസക്തിയുമില്ല. സഖീ, ഭർതൃദർശനം പോലും നിഷേധിക്കപ്പെട്ടിരിക്കുന്ന ഒരു സ്ത്രീയുടെ ജീവിതം സഹാറാപോലെ ശൂന്യമാണു്. (കരയുന്നു. ഫ്ളേവിയാ ആശ്വസിപ്പിക്കുന്നു. അടുത്തെവിടെയോനിന്നു ഒരു ഗാനമുയരുന്നു. രാജ്ഞി ശ്രദ്ധിക്കുന്നു)

ഫ്ളേവി:- ആരോ തെരുവു പാടി അലക്ഷ്യമായി പാടുകയാണു്.

ജൂലി:- സഖീ, ആ ഗായകൻ ആരായിരുന്നാലും തീർച്ചയായും ഒരു ദിവ്യപുരുഷനാണു്. ശ്രദ്ധിക്കൂ, എൻെറ ഹൃദയവികാരങ്ങളാണു് ആ ഗാനത്തിൽ നിഴലിട്ടുനിൽക്കുന്നതു് (ഫ്ളേവിയാ ഒരു വശത്തേക്കു് അല്പം നടന്നു പുറത്തേക്കു നോക്കുന്നു)

ഫ്ളേവി:- ഒരു കാഷായവസ്ത്രധാരി. പൊതുനിരത്തിലൂടെ അലക്ഷ്യമായി പാടിക്കൊണ്ടുപോവുകയാണു്.

ജൂലി:- ആരായിരുന്നാലും ഇങ്ങോട്ടുവിളിക്കൂ നമുക്കു് അദ്ദേഹത്തെ ഒന്നു കാണണം.

(ഫ്ളേവിയാ പോകുന്നു. രാജ്ഞി ചിന്താവിഷ്ടയായിരിക്കുന്നു. അല്പം കഴിഞ്ഞു പെട്രോണിയസ്സിനേയും കൂട്ടിക്കൊണ്ടു് ഫ്ളേവിയാ തിരിച്ചുവരുന്നു)

ഫ്ളേവി:- ആ ഗായകൻ ഇദ്ദേഹമായിരുന്നു.

ജൂലി:- (എഴുന്നേററു്) മഹാത്മൻ, അങ്ങു് ഒരു ദിവ്യപുരുഷനാണെന്നു എൻെറ അന്തക്കരണം എന്നോടു പറയുന്നു. പരഹൃദയജ്ഞാനിയായ അവിടുന്നാരാണെന്നു സദയം അറിയിക്കുമോ?

പെട്രോ:- മംഗളം ഭവിക്കട്ടെ. മഹാരാജ്ഞി, ഞാനൊരു ഭിക്ഷു. അനന്യശരണരായി നാടെങ്ങുമലയുന്ന അസ്മാദൃശന്മാക്കു വീടില്ല, നാടില്ല, സമ്പാദ്യമില്ല. ഇക്കാണായ സർവ്വചരാചരങ്ങൾക്കും അധിനാഥനായ ആ പരാശക്തിയത്രേ ഞങ്ങളുടെ പരമാവലംബം. വിശാലമായ ഈ ലോകം ഞങ്ങളുടെ ഭവനം. സകലരും ഞങ്ങളുടെ സഹോദരങ്ങൾ. ഞങ്ങൾ ദിവ്യന്മാരല്ല, പരഹൃദയജ്ഞാനികളുമല്ല. മുക്തിമാർഗ്ഗത്തെ തേടി അലയുന്ന നിസ്വരായ ഭിക്ഷാടനക്കാർ. അവിടുന്നാരുവായാലും, ഞാൻ എൻെറ യാത്രതുടരട്ടെ.

ജൂലി:- യോഗീന്ദ്രാ, രാജദാരങ്ങളെങ്കിലും, പാരിച്ച ഹൃദയഭാരത്തോടുകൂടി ദിനങ്ങൾ തള്ളിനീക്കുന്ന ഒരു മന്ദഭാഗ്യയാണു ഞാൻ. സർവ്വസംഗപരിത്യാഗികളായ ഭവാദൃശന്മാരുടെ അനുഗ്രഹങ്ങൾ ആരാണു വിലമതിക്കാത്തതു്?

പെട്രോ:- സമാധാനമുണ്ടാകട്ടെ. ഈലോകമാകുന്ന മായാകൂപത്തിൽപ്പെട്ടു നട്ടംതിരിയുന്ന നാം ആപത്തിൽ അസ്വാളിക്കുന്നു. സുഖത്തിൽ അതിരററാനന്ദിക്കുന്നു. ഭൗതികസുഖേച്ഛ അത്രെ മനുഷ്യബന്ധത്തെ നിലനിറുത്തിക്കൊണ്ടു പോകുന്നതു്. അതിൻെറ ക്ഷണികത മനസ്സിലാക്കുന്നവക്കു് യാതൊന്നും ദുർവഹമല്ല. സുഖദുഃഖങ്ങളുടെ ഏററക്കുറച്ചിലുകൾ അവരെ കിംകത്തവ്യതാമൂഢരാക്കുന്നില്ല. പരമശാന്തരായി സത്യാന്വേഷണം നടത്തുന്ന അവരത്രെ ഭാഗ്യവാന്മാർ! മുൾപടപ്പുകളിൽ അവർ മലരുകളും, കരിമ്പാറക്കൂട്ടങ്ങളുടെ ഉപാന്തത്തിൽ അമലസ്ഫടികമായ കൊച്ചരുവികളും വിരചിച്ച വിശ്വശില്പിയുടെ അനന്തമഹിമാവിൽ ആശ്രയിക്കൂ. സാക്ഷാത്തായ ആനന്ദത്തിൻെറ നിറവ അതാണു്. സമാധാനമുണ്ടാവട്ടെ. (അർത്ഥവത്തായ തൻെറ ഗാനം തുടർന്നുകൊണ്ടു് സാവധാനത്തിൽ നടന്നു മറയുന്നു. രാജ്ഞിയും സഖിയും വികാരവായ്പോടെ നോക്കിനില്ക്കുന്നു)

രംഗം ആറു്

രാജകീയോദ്യാനം

(മാക്സിമിയനും വലേരിയസ്സും പ്രവേശിക്കുന്നു)

മാക്:- (പൂന്തോട്ടത്തെ ആകമാനം അവലോകനം ചെയ്തിട്ടു്) "വലേരിയസ്!"

വലേ:- സ്വാമിൻ.

മാക്:- അടുത്തുവരൂ. (വലേരിയസ് ഭയാദരങ്ങളോടെ അടുത്തുചെല്ലുന്നു) "ഈ ഉദ്യാനം ഇന്നു പൂർവ്വാധികം മനോഹരമായി തോന്നുന്നില്ലേ?

വലേ:- വാസ്തവം. ഇത്രയേറെ പൂക്കൾ ഒരിക്കലും ഞാനിവിടെ കണ്ടിട്ടില്ല.

മാക്:- അതേ, സുരഭിലങ്ങളായ ആ തൂമലർച്ചാർത്തുകളിലൂടെ പ്രകൃതിപോലും പുഞ്ചിരിക്കുകയാണു്.

വലേ:- അർത്ഥവത്തായി പുഞ്ചിരിക്കുകയാണു്.

മാക്:- ഉൽഫുല്ലമായ മധുമാസമലരുകളെ തഴുകി നീങ്ങുന്ന സൗരഭ്യസംവാഹിയായ ഇളംകാററിനും ഒരു സന്ദേശമുണ്ടു്!

വലേ:- സംശയമില്ല.

മാക്:- അങ്ങിനെ, ആകെക്കൂടി മാദകമായ ഒരവസ്ഥാവിശേഷം! എന്തുപറയുന്നു?

വലേ:- ശരിയാണു പക്ഷേ, . .

മാക്:- ങ് ആ.

വലേ:- എങ്കിലും എന്തോ ഒരു പോരായ്മ.

മാക്:- എന്താണതു്?

വലേ:- എന്തോ ഒന്നിൻെറ കുറവുള്ളതുപോലെ ഒരു തോന്നൽ. ഒരു അപൂർണ്ണതാബോധം. അത്രമാത്രം.

മാക്:- നമുക്കങ്ങിനെ തോന്നുന്നില്ല. എല്ലാം ആനന്ദമയമായി നമുക്കു തോന്നുന്നു.

വലേ:- ഞാനതു വിശ്വസിക്കുന്നില്ലെങ്കിൽ അവിടുന്നു സദയം ക്ഷമിക്കണം.

മാക്:- എന്തു്? നമ്മെ അവിശ്വസിക്കുകയോ!

വലേ:- എത്ര സമുന്നതമായ ചുററുപാടിലും പരിപൂർണ്ണമായ ജീവിതസംതൃപ്തി ആർക്കും ഉണ്ടാവുക സ്വാഭാവികമല്ല.

മാക:- ഓഹോ! ജീവിതത്തെപ്പററിയാണോ? കേൾക്കട്ടെ, കേൾക്കട്ടെ.

വലേ:- തിരുമേനീ, ആനന്ദത്തിനു് ആരും അതിരുനിർണ്ണയിച്ചിട്ടില്ല. എത്രമേൽ ആനന്ദിച്ചിട്ടും ആർക്കെങ്കിലും അലംഭാവമുണ്ടായതായി ഞാൻ അറിഞ്ഞിട്ടില്ല. ലോകത്തിൽ ഒരു മനുഷ്യനു് ആശിക്കാവുന്നതെല്ലാം നിർല്ലോഭം ആസ്വദിക്കുവാൻ കഴിയുന്ന അവിടുന്നുപോലും പരിപൂർണ്ണസംതൃപ്തനാണെന്നു എനിക്കു വിശ്വാസമില്ല.

മാക്:- വലേരിയസ്, നീ ഒരു താത്വികനെപ്പോലെ സംസാരിക്കുന്നു. നിങ്ങളുടെ അഭിപ്രായത്തോടു് വാദത്തിനുവേണ്ടി നാം യോജിക്കുന്നു. ഇരിക്കട്ടെ, ജീവിതത്തേയും ജീവിതാനന്ദങ്ങളേയുംപററി നിങ്ങളുടെ അഭിപ്രായമെന്താണു്?

വലേ:- അതു് വളരെ സങ്കീർണ്ണമായ ഒരു പ്രശ്നമാണു് ജീവിതത്തിൻെറ ഏററക്കുറച്ചിലുകളും ചുററുപാടുകളുമനുസരിച്ചു് അതെല്ലാം ഓരോരുത്തർ ഓരോവിധത്തിലാണനുഭവപ്പെടുക.

മാക്:- ആകട്ടെ നിങ്ങളുടെ അനുഭവംതന്നെ പറയൂ.

വലേ:- എൻെറ അനുഭവമോ? അതു കുത്തഴിഞ്ഞ ഒരു പുസ്തകംപോലെയാണു്.

മാക്:- എങ്കിലും കേൾക്കട്ടെ.

വലേ:- ദിവസത്തിൽ ഒരു എഴുപ്രാവശ്യമെങ്കിലും വിഭവസമൃദ്ധമായ ആഹാരവും കഴിച്ചു മററൊന്നിലും ശ്രദ്ധിക്കാതെ അങ്ങിനെയങ്ങു കഴിയുക. അതിൽപ്പരം ഒരാനന്ദമില്ലെന്നായിരുന്നു അടുത്തകാലംവരെ എൻെറ വിശ്വാസം.

മാക്:- അതിനൊന്നും നിങ്ങൾക്കു് ഒരു കുറവുമുണ്ടായിട്ടില്ലല്ലോ.

വലേ:- അവിടത്തെ കൃപകൊണ്ടു് ഒരു കുറവുമുണ്ടായിട്ടില്ല പക്ഷെ, കാലത്തിൻെറ തികവിൽ മറെറാരുചിന്ത എനിക്കുണ്ടായി.

മാക്:- ഓഹോ, അങ്ങിനെയോ. എന്താണതു്?

വലേ: ജീവിതത്തിൽ എന്തെന്നില്ലാത്ത ഒരു വിരക്തി. സന്യസിച്ചുകളയാമെന്നു തോന്നി ജപവും തപവുമെല്ലാം മുറയ്ക്കാരംഭിച്ചു. അപ്പോഴാണു് ആ കൊട്ടകാററുണ്ടായതു്.

മാക്:- കൊട്ടങ്കാറേറാ?

മാക്:- അതേ, കൊട്ടങ്കാററുതന്നെ. എങ്കിലും അതൊക്കെ ജീവിതത്തിൽ സാധാരണ സംഭവിക്കാറുള്ളതാ.

മാക്:- വെളിവായി പറയൂ.

വലേ:- തിരുമേനീ, ഈ പുരുഷവർഗ്ഗമുണ്ടല്ലോ. അവരുടെ സകല ശക്തിവിശേഷങ്ങളും മഞ്ഞുപോലെ ഉരുകിപ്പോകുന്ന ചില സന്ദർഭങ്ങളുണ്ടു്. ഈ സ്ത്രീകളെന്നു പറയുന്ന കൂട്ടരിൽ ചില ഭയങ്കരികളുണ്ടു്. അവരുടെ മുൻപിൽ ചെന്നകപ്പെട്ടുപോയോ, പുരുഷൻ വലഞ്ഞതുതന്നെ.

മാക്:- ഹാ-ഹാ-ഹാ! അങ്ങിനെയാണു് തൻെറ വിരക്തിയും സന്യാസവുമെല്ലാം പൊളിഞ്ഞതു്. അല്ലേ?

വലേ:- യഥാ രാജ തഥാ പ്രജ.

മാക്:- എന്നുപറഞ്ഞാൽ?

വലേ:- രാജാവെങ്ങിനെയോ ആ വിധത്തിൽത്തന്നെ പ്രജയും. ഇക്കാര്യത്തിൽ തിരുമേനിയും അവിടത്തെ വിദൂഷകനായ ഞാനും തമ്മിൽ ഭേദമില്ലെന്നു സാരം.

മാക്:- അബദ്ധം! എത്രതന്നെ വശ്യതകൾ തികഞ്ഞവളായാലും കേവലം അബലമാത്രമായ സ്ത്രീയെപ്പററി ചിന്തിച്ചു ചിന്താക്കുഴപ്പമുണ്ടാകത്തക്ക വിധം നാമൊരു ചപലനാണെന്നാണോ താൻ പറയുന്നതു്?

വലേ:- ചക്രവത്തിയാണെങ്കിലും അങ്ങൊരു മനുഷ്യനല്ലേ?

മാക്:- അതുകൊണ്ടു്?

വലേ:- എന്നാൽ ഈ ചാപല്യമെല്ലാം അവിടുത്തേക്കുമുണ്ടാകാം. മാത്രമല്ല, ഉണ്ടായിട്ടുമുണ്ടു്. തിരുവുള്ളക്കേടുണ്ടാകാതിരുന്നാൽ എല്ലാം ഞാൻ വെളിവായി പറയാം.


## തോട്ടം വില്പനയ്ക്കു്

കോഴിക്കോട്ടുനിന്നും 160 മൈൽ അകലെ കൂർഗിൽ കാപ്പി, റബർ, ഏലം, വയൽ ഇവയടങ്ങിയ ഒരു 160 ഏക്ര് തോട്ടം വില്പനയ്ക്കുണ്ടു്. ഒരു ബംഗ്ലാവും കൂലിലൈനും 40-ൽപരം കാലികളും അതോടുകൂടി ഉണ്ടു്. വില 70 ആയിരത്തിനകം. വിശദവിവരങ്ങൾക്കു് എഴുതുക.

സി. അവരാച്ചൻ

C/o P. Box 17,

കോഴിക്കോട്


മാക്:- പറയൂ, കേൾക്കട്ടെ.

വലേ:- പറയുമേ.

മാക്:- ഉം പറയൂ.

വലേ:- ഈയിടെ തടവുകാരിയാക്കപ്പെട്ട ആ യുവതിയുണ്ടല്ലോ. അവളുടെ പേരു്. . .ഓ-കാതറൈൻ.

മാക്:- ഉം.

വലേ:- അവൾ വന്നതിൽപ്പിന്നെ അവിടുന്നു ശരിയായി ഉറങ്ങീട്ടുപോലുമില്ലെന്നു എനിക്കറിയാം. സദാ ആ സുന്ദരിയെപ്പററിയാണു് അവിടത്തെ ചിന്ത.

മാക്:- ഹാ ഹാ ഹ! വലേരിയസ്, താൻ ആൾ അസാധാരണൻതന്നെ. താനിതെല്ലാം എങ്ങിനെയറിഞ്ഞു?

വലേ:- എൻെറ സ്വാമിയുടെ ഹിതാഹിതങ്ങൾ ആരാഞ്ഞറിയേണ്ടതു് എൻെറ കടമമാത്രമാണല്ലോ

മാക്:- വലേരിയസ്, അവൾ ഒരസാധാരണയാണു്.

വലേ:- വാസ്തവം വാസ്തവം!

മാക്:- അമരശില്പിയുടെ കല്പനാവൈഭവത്തെ പ്രസ്ഫുടമാക്കുന്ന സമ്മോഹനവിഗ്രഹം! താരുണ്യത്തിൻെറ വിജയപതാക!

വലേ:- സംശയമില്ല. അവൾ മോഹിനീകുലതിലകമാണു്. സൗന്ദര്യസരസർവ്വസ്വമാണു്.

മാക്:- ആ ചേതോഹാരിണിയുടെ ദശനമാത്രയിൽത്തന്നെ നമ്മുടെ ഹൃദയപോതം ആഞ്ഞുലഞ്ഞുപോയി.

വലേ:- അതിൽ ഒട്ടും ആശ്ചര്യത്തിനവകാശമില്ല.

മാക്:- പക്ഷെ, അവൾ ഇനിയും നമുക്കു വിധേയയാകുന്ന ലക്ഷണമില്ല.

വലേ:- അവിടുന്നു വിചാരിച്ചാൽ ഈ ലോകത്തിൽ അസാദ്ധ്യമായി എന്താണുള്ളതു്?

മാക്:- അവൾ ഒരു ക്രിസ്ത്യാനിയാണെന്നു നിങ്ങൾക്കറിഞ്ഞുകൂടേ?

വലേ:- അതാണു് അതിലെ



കുഴപ്പം. . . എങ്കിലും മാർഗ്ഗമുണ്ട്.

മാക്:- മറ്റെന്തോ പ്രലോഭനമോ അവളുടെ അടുക്കൽ വിലപ്പോകുമെന്നു തോന്നുന്നില്ല.

വലേ:- അതും ശരിയാണ്.

മാക് പന്നെ എന്താണൊരു മാർഗ്ഗം?

വലേ:- ഒരു യുക്തി എനിക്കു തോന്നുന്നുണ്ട്.

മാക്:- എന്താണതു്?

വലേ:- അവളുടെ വിശ്വാസം തെററാണെന്നു അവളെ ബോദ്ധ്യപ്പെടുത്തണം.

മാക്:- അതെങ്ങിനെ സാദ്ധ്യമാകും?

വലേ:- കൊട്ടാരത്തിൽ ഒരു വലിയ പണ്ഡിതസദസ്സു വിളിച്ചുകൂട്ടണം. പ്രശസ്തരായ നമ്മുടെ പണ്ഡിതന്മാർക്കു് അവളെ പരാജയപ്പെടുത്താൻ കഴിഞ്ഞാൽ നാം വിജയിച്ചുതന്നെ.

മാക്:- നല്ല അഭിപ്രായം! വലേരിയസ്, നിങ്ങളുടെ ബുദ്ധിചാതുരി പ്രശംസനീയംതന്നെ. നമ്മുടെ അഭിനന്ദനസൂചകമായി ഇതു സ്വീകരിക്കൂ. (രത്നങ്ങൾപതിച്ച പിടിയോടുകൂടിയ ഒരു കഠാരി അരക്കെട്ടിൽനിന്നു് എടുത്തു കൊടുക്കുന്നു.)

വലേ:- അവിടുത്തെ കാരുണ്യം. (വാങ്ങുന്നു)

മാക്:- ശരി, നിങ്ങൾക്കു പോകാം. നാളെത്തന്നെ പണ്ഡിതസദസ്സു കൂടത്തക്കവണ്ണം വേണ്ട ഏർപ്പാടുകൾ ചെയ്യുന്നതാണ്. നിങ്ങളും സംബന്ധിക്കണം.

വലേ:- ഉത്തരവു്.

(കർട്ടൻ)

(തുടരും)

## വിനോദവീഥി



"എൻറടുത്തു നില്ക്കുന്ന ഒരാൾക്കൊരു വലിയ നിരാശയുണ്ടാവാൻ പോകയാണ്."

"അയ്യോ ഞാൻ കുറെ രൂപ കടം ചോദിക്കാൻ വന്നതാണ്."

* * *

ഭാര്യ:- ഇന്നത്തെ തപാലിൽ ഒരെഴുത്തുണ്ടായിരുന്നു. അതിൻെറ കവറിൽ ചുവന്ന മഷിയിൽ "രഹസ്യം" "പരമരഹസ്യം" എന്നെഴുതിയിരുന്നു.

ഭർത്താവു്:- കൊള്ളാം. എന്തായിരുന്നു എഴുത്തു്?


ഭാര്യ:- ഞാനതു തുറന്നു വായിക്കുന്നതിൽ നിങ്ങൾക്കു വിരോധമില്ലേ? അയ്യോ! അതു കേടുകൂടാതെ ഒട്ടിക്കാൻ ഞാനെന്തു പണിപ്പെട്ടു!

* * *

മകൾ:- (മുഖത്തു പൗഡർ തേച്ചുകൊണ്ടിരുന്ന അമ്മയോടു്) അമ്മച്ചീ, എന്തിനാ ആ പൊടി മുഖത്തെല്ലാം തേക്കുന്നതു്?

അമ്മ:- അതു മുഖത്തിനു ഭംഗിയുണ്ടാകും, അതിനാണ്. (കുറച്ചുകഴിഞ്ഞു പൗഡർ തുടച്ചു തുടങ്ങി)

മകൾ:- അമ്മച്ചി എന്തേ പൊടിതുടച്ചുകളയുന്നു! ഭംഗിയുണ്ടായില്ല, അല്ലേ? അമ്മച്ചി ഇപ്പോഴും അമ്മച്ചിതന്നെ.




പന്തക്കു: 16-ാം ഞായർ

# വിനയശീലം

സുവിശേഷം—വിശുദ്ധ ലൂക്കാ 14: 1-11

"ഒരു ശാബത്തുദിവസം പ്രമുഖനായ ഒരു ഫ്രീശേൻെറ വീട്ടിൽ വിരുന്നുകഴിക്കുവാൻ ഈശോ ക്ഷണിക്കപ്പെട്ടു. അവിടുന്നു ആ വീട്ടിൽ പ്രവേശിച്ചപ്പോൾ അവർ അവിടുത്തെ ശ്രദ്ധാപൂർവ്വം നോക്കിക്കൊണ്ടിരുന്നു. മഹോദരരോഗിയായിരുന്ന ഒരു മനുഷ്യൻ അവിടുത്തെ ദൃഷ്ടിയിൽപ്പെട്ടു. ഉടനെ ഈശോ നിയമജ്ഞന്മാരോടും ഫ്രീശന്മാരോടും, ശാബത്തുദിവസം രോഗശാന്തി നൽകുവാൻ അനുവദിക്കപ്പെട്ടിട്ടുണ്ടോ എന്നു പരസ്യമായി ചോദിച്ചു. ഇതിന



ക്രിസ്തു മഹോദരരോഗിയെ സുഖപ്പെടുത്തുന്നു

വർ മറുപടി പറയാതിരുന്നതിനാൽ അവിടുന്നു അവൻെറ കൈയിന്മേൽ പിടിച്ചു അവനെ സുഖപ്പെടുത്തിവിട്ടു. അനന്തരം അവിടുന്നു അവരുടെനേരെ തിരിഞ്ഞു ഇങ്ങനെ ചോദിച്ചു: നിങ്ങളിൽ ആരുടെയെങ്കിലും കാളയോ കഴുതയോ ശാബത്തുദിവസം കുഴിയിൽ വീണാൽ അതിനെ നിങ്ങൾ ഉടനെ അതിൽനിന്നും



മുമ്പു കയറിയിരുന്ന ആളോടു് ഒരു മാന്യാതിഥിക്കു സ്ഥലം കൊടുക്കാൻ ആവശ്യപ്പെടുന്നു

കയററാതിരിക്കുമോ? ഇതിനു മറുപടി പറയുവാൻ അവർക്കു സാധിച്ചില്ല. ക്ഷണിക്കപ്പെട്ട അതിഥികൾ തങ്ങൾക്കായി പ്രഥമസ്ഥാനം തിരഞ്ഞെടുക്കുന്നതു കണ്ടുകൊണ്ടു് അവിടുന്നു അവരോടു ഒരുപമ അരുളിച്ചെയ്തു. അവിടുന്നു പറഞ്ഞതായതു്:- "ആരെങ്കിലും നിന്നെ കല്യാണവിരുന്നിനു ക്ഷണിച്ചാൽ പ്രഥമസ്ഥാനത്തു കയറിയിരിക്കരുതു്. നിന്നെക്കാൾ സ്ഥാനമുള്ള വല്ല അതിഥിയേയും അവൻ ക്ഷണിച്ചിട്ടുണ്ടായിരിക്കാം. അങ്ങിനെയുണ്ടെങ്കിൽ അവനേയും നിന്നേയും ക്ഷണിച്ചവൻവന്നു ഈ ആളിനു സ്ഥലം ഒഴിഞ്ഞുകൊടുക്കുക എന്നു നിന്നോടു പറയും. അപ്പോൾ നീ ലജ്ജിതനായി ഒടുവിലത്തെ സ്ഥലം എടുക്കേണ്ടിവരും. നേരെമറിച്ചു് നീ ക്ഷണിക്കപ്പെടുമ്പോൾ, ഏററം ഒടുവിലത്തെ സ്ഥാനത്തേക്കുപോയി അവിടെ ഇരിക്കുക. അപ്പോൾ നിന്നെ ക്ഷണിച്ചവൻ വന്നു്, സ്നേഹിതാ, മുന്നോട്ടു കടന്നിരിക്കുക എന്നു പറയും. ഇങ്ങനെ നിൻെറകൂടെ ഇരിക്കുന്ന എല്ലാവരുടേയും സമക്ഷം നിനക്കു ബഹുമാനം ഉണ്ടാകുവാൻ ഇടയാകും. തന്നത്താൻ ഉയർത്തുന്ന ഏവനും താഴ്ത്തപ്പെടും, തന്നത്താൻ താഴ്ത്തുന്ന ഏവനും ഉയർത്തപ്പെടുകയും ചെയ്യും."

പിതാവു്:- ജോണി, ഇന്നത്തെ സുവിശേഷത്തിലെ അവസാനഭാഗം ശ്രദ്ധിച്ചുകേട്ടോ; എന്താണു് അവിടെ ഈശോ ഉപദേശിക്കുന്നതു്?

ജോണി:- സദ്യക്കു ക്ഷണിക്കപ്പെട്ടാൽ ഓടിച്ചെന്നു മുൻസ്ഥാനത്തിരിക്കരുതു്. അങ്ങിനെ ഇരുന്നാൽ ചിലപ്പോൾ ഇളിഭ്യനാകേണ്ടിവരും. ആരെങ്കിലും വലിയ മാന്യന്മാർ വരുമ്പോൾ ക്ഷണിച്ച ആൾവന്നു അയാളെ അവിടെനിന്നും മാററി അവക്കു സ്ഥലം കൊടുക്കും എന്നല്ലേ? ഇതു നല്ലൊരു പാഠമാണ്.

പിതാവു്:- അതുകൊണ്ടു് സദ്യയിൽമാത്രം നാം സൂക്ഷിച്ചാൽ മതിയോ?

ലൂസി:- പോരാ. പോരാ, എല്ലാ കാര്യത്തിലും നാം സൂക്ഷിക്കണം. അതിനുള്ള മാർഗ്ഗം നമ്മിൽ വിനയശീലം ഉണ്ടായിരിക്കുകയാണ്. വിനയമില്ലാത്തവരാണ് ഒന്നാംസ്ഥാനത്തിനുവേണ്ടി ഓടുന്നതു്. അഹംഭാവികൾ. എന്നേക്കാൾ വലിയ ആളില്ല എന്നാണ് അവരുടെ ഭാവം.

മേരി:- അപ്പോൾ ചേച്ചി എന്തിനാണ് ക്ലാസ്സിൽ ഒന്നാംസ്ഥാനത്തിരിക്കുന്നതു്. അതു അഹംഭാവമല്ലേ?

ലൂസി:- ആഹാ, അതു ഞാൻ ഒന്നാമതായി പഠിക്കുന്നതുകൊണ്ടു എനിക്കു ടീച്ചർ തന്നിരിക്കുന്നതല്ലേ? അതെൻെറ അവകാശമാണ്. ടീച്ചറിനെ അനുസരിച്ചു് ഞാനവിടെ ഇരിക്കുന്നു. ഏററം നന്നായി പഠിക്കേണ്ടതു ഓരോ കുട്ടിയുടേയും കടമയാണ്. ആരെങ്കിലും എന്നേക്കാൾ നന്നായി പഠിക്കുമ്പോൾ ടീച്ചർ എൻെറ സ്ഥാനം ആ കുട്ടിക്കു കൊടുക്കും. ഞാനതിൽ സങ്കടപ്പെടുകയും വഴക്കുപറയുകയുമില്ല.

പിതാവു്:- വിനയശീലം മനുഷ്യനു വലിയൊരു സൽഗ്ഗുണമാണ്. അതുപോലെതന്നെ അഹംഭാവം എല്ലാ കെടുതികൾക്കും കാരണവുമാണ്. ദൈവം നമുക്കോരോരുത്തർക്കും ഓരോ ഗുണങ്ങൾ തന്നിട്ടുണ്ട്. അതു ദൈവത്തിൻെറ ദാനമാണ്. അതു നമുക്കു തന്നിരിക്കുന്നതു് നമ്മുടെ കഴിവനുസരിച്ചു് അതിനെ അവിടുത്തെ ഇഷ്ടത്തിനനുസരിച്ചു് ഉപയോഗിക്കുന്നതിനാണ്. നമുക്കു നല്ല ബുദ്ധിശക്തി തന്നിരിക്കുന്നു എന്നു വിചാരിക്കുക. അതുപയോഗിച്ചു നാം നല്ലനല്ല കാര്യങ്ങൾ പഠിച്ചറിയണം. നമ്മുടെ അറിവു് ദൈവത്തെ ശുശ്രൂഷിക്കുന്നതിൽ വിനിയോഗിക്കണം. അല്ലാതെ അഹംഭാവികളായി ബുദ്ധികുറഞ്ഞവരെ നിന്ദിക്കാനും സ്വയം നിറുളിക്കാനും ഇടയാകരുതു്. ഇങ്ങനെ ദൈവദാനങ്ങളെ അവിടുത്തെ ദാനങ്ങളായി മനസ്സിലാക്കുന്നതും, അവ വഴിയായി വലിയ കർത്തവ്യങ്ങൾ നിറവേററുന്നതിനുള്ള ഉത്തരവാദിത്വമുണ്ടെന്നുള്ള ആത്മബോധത്തോടുകൂടി എളിമയായി അതിനെ വിനിയോഗിക്കുന്നതുമാണ് സാക്ഷാത്തായ വിനയശീലം.

—ഠ—

## പ്രാർത്ഥന

"ഇമാരേ ഹെ ഇംരെ" എ. മ. ("ബൂട്ട്പോളിഷ്" എന്ന ചിത്രം)

(പള്ളിപ്പാടൻ)

ദയാവാരിരാശേ! ഗുണാകാര! വന്ദേ
ലോകാധീശനാഥാ! ചിദാനന്ദരൂപാ!

മഹാഘോരദുരിതാംബുനിധിതന്നിലേറെ-
വലയുവോർക്കു നൽത്രാണമേകും മഹേശാ!
സദായിങ്ങു നന്മ കനിഞ്ഞരുൾക ദേവാ!
നിരാധാരരാമീയിവർക്കാരുവേറെ?

ലോകാധീശനാഥാ! ചിദാനന്ദരൂപാ!
ദയാവാരിരാശേ! ഗുണാകാര! വന്ദേ.

ഭവൽ പുണ്യപദഭക്തിയിവരിൽ വിളങ്ങാൻ,
മധുര സൽഗ്ഗുണ സ്നേഹമാരാൽത്തിളങ്ങാൻ,
മനംശാന്തിയാലെ തെളിഞ്ഞിടുവതിന്നായ്,
വരം ദേഹി! യെന്നും പരംമോദമോടെ.

ലോകാധീശനാഥാ! ചിദാനന്ദരൂപാ!
ദയാവാരിരാശേ! ഗുണാകാര! വന്ദേ.

മഹാമോഹമാകുന്നൊരിരുളിൽക്കുടുങ്ങി-
കേണിടുവോർക്കു തെളിവേകി, തുണനൽകിടേണേ!

## ഇടവകവാർത്തകൾ

കറാനം: സ്ഥലം സെൻറ് സ്റ്റീഫൻസ് സീറിയൻ കത്തോലിക്കാ ഇടവകയിലെ ലീജിയൻ ഓഫ് മേരി സംഘടനകൾ, സൊഡാലിററി, സണ്ടേസ്കൂൾ ഇവയുടെ സംയുക്തവാർഷികം റവ. ഫാദർ തോമസ് ഇഞ്ചെയ്ക്കലോടി അവർകളുടെ അദ്ധ്യക്ഷതയിൽ സ്ഥലം പോപ്പ് പയസ് XI ഹൈസ്കൂളിൽവച്ചു് സെപ്തംബർ 12-ാംനു-സമംഗളം കൊണ്ടാടിയിരിക്കുന്നു. പുനരൈക്യജൂബിലിയായി പ്രഖ്യാപിക്കപ്പെട്ടിരിക്കുന്ന 1954 സെപ്തംബർ 20-ാം തീയതി തുടങ്ങുന്ന ഒരു വർഷത്തിൽ പുനരൈക്യത്തിൻെറ വിജയത്തിനായി സംഘടനകളുടെ അംഗങ്ങൾ സവിശേഷം പരിശ്രമിക്കണമെന്നു ബ. അദ്ധ്യക്ഷൻ ഉൽബോധിപ്പിച്ചു. വികാരി വെരി റവ. ഫാദർ ജോഷ്വ ഒ. ഐ. സി, ലീജിയൻ പ്രസിഡണ്ടു ബ്രദർ എം. കെ. മാത്തുണ്ണി, സിക്രട്ടറി എം. ജി ജോർജ്ജ്, റവ. ബ്രദർ അലോഷ്യസ് ഒ. ഐ. സി., ബി. എ., ബി. എൽ. എന്നിവരും സന്ദർഭാനുസാരമായി പ്രസംഗിച്ചു. സത്യദീപം മുതലായ കത്തോലിക്കാ പ്രസിദ്ധീകരണങ്ങളുടെ പ്രചരണത്തെ ത്വരിപ്പിക്കേണ്ടതിനെപ്പററി പ്രത്യേകം പ്രസ്താവിക്കപ്പെടുകയുണ്ടായി. തുടർന്നു്, വേദാദ്ധ്യയനത്തിനും കളികൾക്കും മററും വിജയികളായവർക്കു സമ്മാനങ്ങൾ നൽകപ്പെട്ടു. ഇടയ്ക്കിടെ വിദ്യാർത്ഥി വിദ്യാർത്ഥിനികളുടെ സംഗീതം, ഡാൻസ്, പ്രസംഗം, ഫാൻസി ഡ്രെസ് ഇവയുമുണ്ടായിരുന്നു. യോഗസാധാരണമായ ഇതരചടങ്ങുകളോടുകൂടി യോഗം മംഗളമായി പര്യവസാനിച്ചു.

വായ്പൂരു്: വായ്പൂരു് പഴയപള്ളി ഇടവകയിലെ ചെറുപുഷ്പമിഷൻലീഗ് ഇടവക കൗൺസിൽ "സെപ്റ്റംബർ 12-ാംനു ഡയറക്ടർ റവ. ഫാദർ അബ്രാഹം മുണ്ടിയാനിക്കൽ അവർകളുടെ അദ്ധ്യക്ഷതയിൽക്കൂടി. ഏവരുടേയും ഐകകണ്ഠ്യേനയുള്ള അഭിപ്രായപ്രകാരം മെസ്സേഴ്സ് പി. ജെ. മാതൃപെരുഞ്ചേരിമണ്ണിൽ, എം. ററി. വർഗീസ് മണ്ണാർവേലിൽ, എം. ജെ. ചാക്കോ മേലേക്കൂടപ്പാട്ടു് (മുൻസെക്രട്ടറി) എന്നിവരെ യഥാക്രമം പ്രസിഡണ്ടു്, സെക്രട്ടറി, ജോയിൻറ് സെക്രട്ടറി എന്നീ ഉദ്യോഗഭാരവാഹികളായി തിരഞ്ഞെടുക്കുകയുംചെയ്തു.

മഞ്ഞുമ്മേൽ: മരിയൻ ജൂബിലി വത്സരം പ്രമാണിച്ചു മഞ്ഞുമ്മൽ കർമ്മലിത്താസന്യാസസമൂഹത്തിൻെറ ആഭിമുഖ്യത്തിൽ നവംബർ 19, 20, 21 എന്നീ തീയതികളിൽ സാമാന്യം വിപുലമായ തോതിൽ പല ആഘോഷങ്ങളും നടത്തുവാൻ നിശ്ചയിച്ചു പ്രവർത്തനം ആരംഭിച്ചിരിക്കുന്നു. മൂന്നു ദിവസവും പൊന്തിഫിക്കൽ കർബാന, പൊതുയോഗം, യുവതീയുവാക്കന്മാരെയും മരിയസഖ്യാംഗങ്ങളെയും ഉദ്ദേശിച്ചു പ്രത്യേകം സ്റ്റഡിക്ലാസുകൾ, റാലികൾ എന്നിവയായിരിക്കും ആഘോഷപരിപാടികളിൽ പ്രധാനം. പുറത്തുനിന്നു വരുന്നവരുടെ യാത്രയ്ക്കും താമസത്തിനും എല്ലാ സൗകര്യങ്ങളും ഏർപ്പാടുചെയ്യുന്നുണ്ട്.

## കൃതജ്ഞത

വി റീത്തായുടെ മദ്ധ്യസ്ഥതയാൽ എൻെറ ഭാര്യയുടെ രോഗം സുഖപ്പെട്ടതിനു കൃതജ്ഞത

M. P. C.

കടമക്കുടി

## വിവാഹങ്ങൾ

മാമ്മൂട്: ഈ ഇടവക വാഴിപ്ലാക്കൽ ശൗര്യാർ മാതൃവും ചങ്ങനാശേരി പള്ളി ഇടവക മൂലമററിയിൽ വറുഗീസ് ത്രേസ്യായും തമ്മിലുള്ള വിവാഹം സെപ്റ്റംബർ 13-ാംനു സ്ഥലം പള്ളിയിൽവച്ചു സമംഗളം നടന്നിരിക്കുന്നു.

മൂക്കന്നൂർ: സ്ഥലത്തെ ഒരു പൗരമുഖ്യനായ ശ്രീ എ. എ. കൊച്ചുദേവസിയുടെ പുത്രൻ ശ്രീ ഏ. ഡി. ജോസഫും വരന്തരപ്പിള്ളി ഇടവക മഞ്ഞളി അന്തോണി മകൾ കുമാരി ആഗ്നസും തമ്മിലുള്ള വിവാഹം വരന്തരപ്പിള്ളി പള്ളിയിൽ വെച്ചു സെപ്റ്റംബർ 13-ാംനു സമംഗളം നടന്നിരിക്കുന്നു.

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 ‖ ERNAKULAM, SEPTEMBER 22 ‖ No. 6


## പരേതനായ വട്ടോലി ബ. തോമാച്ചൻ

സെപ്തംബർ 13-ാം തീയതി തിങ്കളാഴ്ച എറണാകുളം ആശുപത്രിയിൽവച്ചു നിത്യശാന്തിയടഞ്ഞ റവ. ഫാദർ തോ



മസ് വട്ടോലി അവർകളുടെ അകാലവിയോഗത്തെ അത്യധികം ഹൃദയവ്യഥയോടുകൂടി മാത്രമേ സത്യദീപത്തിനു സ്മരിക്കുവാൻ സാധിക്കുകയുള്ളൂ. കാരണം, സത്യദീപത്തിന്റെ ആവിർഭാവത്തിനു കാരണക്കാരായ സൂത്രധാരന്മാരിൽ അദ്വിതീയമായ ഒരു സ്ഥാനമാണദ്ദേഹത്തിനുള്ളതു്. അദ്ദേഹം അതിന്റെ പത്രാധിപസമിതിയിലെ ഒരംഗമായിരുന്നു. 1927 ജൂലൈ 3-ാം തീയതി സൂര്യപ്രകാശം കണ്ട സത്യദീപശിശുവിനെ 1934 വരെ നീണ്ട 8 വർഷക്കാലം അതിന്റെ ബാല്യകാലാരിഷ്ടതകളിൽ സംരക്ഷിച്ചുപോന്ന ഒരു പ്രബലശക്തിയായിരുന്നു ഫാദർ വട്ടോലി അവർകളുടെ പ്രശാന്തവും ധിഷണാപൂർണ്ണവുമായ സേവനം. ഇടക്കാലത്തു് മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സിന്റെ മാനേജ്മെന്റും അദ്ദേഹംതന്നെ വഹിക്കുകയും അങ്ങിനെ സത്യദീപത്തിന്റെ സർവതോമുഖമായ സംരക്ഷണഭാരം പ്രധാനമായി അദ്ദേഹത്തിൽതന്നെ നിക്ഷിപ്തമാവുകയുംചെയ്തു. ഏവം വിധം ബൃഹത്തായ കൃതജ്ഞതാഭാരം പേറുന്ന ആകുലമായ ഹൃദയത്തോടുകൂടിയാണ് സത്യദീപം ആ ബഹുമാന്യ ഉപകർത്താവിന്റെ പാദങ്ങളിൽ അതിന്റെ വിരഹോപഹാരം അർപ്പിക്കുന്നതു്. ക്രിസ്തുവിന്റെ ഈ ധീരസേനാനി നിത്യതയിൽ യഥാർഹം പ്രതിസമ്മാനിക്കപ്പെടട്ടെ.

*R. I. P.*

## വസ്ത്രധാരണത്തിലെ അടക്കം

**മനുഷ്യനു സ്വാഭാവികമായിട്ടുള്ള ഒരു പ്രവണതയാണ് അടക്കബോധം. അതിൽനിന്നു സംജാതമാകുന്ന പ്രചോദനം അവനെ സ്വന്തശരീരം ആച്ഛാദനം ചെയ്യുന്നതിനു പ്രേരിപ്പിക്കുന്നു. എത്ര അപരിഷ്കൃതരായ ജനങ്ങളുടെ ഇടയിലും ഈ ഉൽസുകത ദൃശ്യമാകുന്നുണ്ടു്. സംസ്കാരസമ്പന്നരായ ജനങ്ങൾ വിനയമായും അടക്കമായും വസ്ത്രം ധരിക്കുന്നതിൽ എപ്പോഴും വലിയ ശ്രദ്ധയുള്ളവരാണ്. ഇങ്ങനെ സ്ഥലകാലവ്യത്യാസംകൂടാതെ ധനവാനും ദരിദ്രനും, കുലീനനും കുലഹീനനും അവരവരുടെ കഴിവുകൾക്കും പാരമ്പര്യമനോഭാവങ്ങൾക്കും അനുസരിച്ച രീതിയിൽ വസ്ത്രം ധരിക്കുക എന്നതു ഒഴിച്ചുകൂടാത്ത ഒരു ജീവിതാവശ്യമായി കരുതിപ്പോരുന്നു. മനുഷ്യന്റെ മൗലികാവശ്യങ്ങൾ ഭക്ഷണം, വസ്ത്രം, പാർപ്പിടം എന്നിവയാണല്ലോ. അത്ര സർവ്വപ്രധാനമായ ഒരു ജീവിതാവശ്യമാണ് വസ്ത്രധാരണം.**

### വസ്ത്രധാരണരീതി

**ലോകത്തുള്ള ഓരോ ജനസമുദായങ്ങളും അവരവരുടെ സ്ഥലകാലാവശ്യങ്ങൾക്കും, സാമ്പത്തികപരിതസ്ഥിതികൾക്കും, സംസ്കാരപുരോഗതിക്കും അനുയോജ്യമായ വിധത്തിൽ വസ്ത്രധാരണരീതികൾ അവലംബിക്കുകയാണുണ്ടായിട്ടുള്ളതു്. ഇന്നത്തെ രീതിയിൽ പഞ്ഞിനൂൽകൊണ്ടും രോമംകൊണ്ടും പട്ടുനൂൽകൊണ്ടും മനോഹരവസ്ത്രങ്ങൾ ഉണ്ടാക്കുന്നതിനു കഴിവില്ലായിരുന്ന പ്രാചീനകാലങ്ങളിലും മരങ്ങളുടെ മരവുരി പാകപ്പെടുത്തിയോ, ഇലകൾ കൂട്ടിനെയ്തോ, മൃഗങ്ങളുടെ ചർമ്മങ്ങൾ ഉണക്കിയെടുത്തോ അതതു സ്ഥലങ്ങളിൽ സാധിക്കുന്ന വിധത്തിൽ ശരീരാച്ഛാദനം നിർവ്വഹിച്ചുപോന്നു. ഇന്നും അപരിഷ്കൃതമായ കുഗ്രാമങ്ങളിലും വനവർഗ്ഗങ്ങളുടെ ഇടയിലും ഈവിധത്തിലുള്ള വസ്ത്രധാരണരീതി വളരെ ചുരുക്കമായിട്ടെങ്കിലും അവശേഷിക്കുന്നുണ്ടു്. ചുരുക്കത്തിൽ വസ്ത്രധാരണത്തിനു പൊതുവായ ഒരു രീതിയോ പൊതുവായ ഒരു നിയമമോ ഉണ്ടാവുക സ്വാഭാവികമല്ല; സാദ്ധ്യവുമല്ല. ഭിന്നരുചിക്കാരായ മനുഷ്യർ അവരവരുടെ അഭിരുചിക്കനുസരണമായി പരമ്പരാഗതമായ വസ്ത്രധാരണരീതികൾ സ്വീകരിച്ചുപോരുന്നു. ഒരുവിധത്തിൽ പറഞ്ഞാൽ വസ്ത്രധാരണത്തിലുള്ള ഈ നാനാത്വം ഒരു പൂവാടിയെ മനോഹരമാക്കിച്ചെയ്യുന്ന വിവിധതരത്തിലുള്ള പുഷ്പങ്ങൾ പോലെ അത്ര മനോജ്ഞമാണ്. എത്രയെത്ര വർണ്ണപ്പകിട്ടുകളും രീതിവ്യത്യാസങ്ങളുമാണ് വസ്ത്രനിർമ്മാണത്തിൽ ബുദ്ധിപൂർവ്വം പ്രയോഗിക്കപ്പെടുന്നതു്. ഈ വിവിധത്വം സ്വാഗതാർഹവും അഭിലഷണീയവുമത്രെ.**

### അതിന്റെ വ്യഭിചരണം

സംസ്കാരബോധത്തെ അതിക്രമിച്ചുള്ള പരിഷ്കാരഭ്രമം മനുഷ്യനെ ഭ്രാന്തുപിടിപ്പിക്കുവാൻ തുടങ്ങിയതോടുകൂടി വസ്ത്രധാരണരംഗത്തും വലിയൊരു വിപ്ലവം നടമാടുവാൻ തുടങ്ങി. വസ്ത്രത്തിന്റെ [illegible]ൽ ധനം ധൂർത്തടിക്കുന്നു[illegible] നഗ്നതമറയ്ക്കുക, ശരീരം വിനയമായി ആച്ഛാദനംചെയ്യുക എന്നീ മൗലികോദ്ദേശ്യങ്ങളെ മറന്നു പ്രവർത്തിക്കുന്നതിനുള്ള ഒരു മത്സരക്കളരിയായിത്തീർന്നു ആ രംഗം. എന്തെല്ലാം ആരോഹണാവരോഹണങ്ങളാണ് വസ്ത്രത്തുമ്പുകളിൽ ഇതിനകം നൃത്തമാടിക്കൊണ്ടിരിക്കുന്നതെന്നു ആരു കണ്ടു! വനമരീചിപോലെ പരിഷ്കാരതരംഗങ്ങൾ മനുഷ്യന്റെ മേൽ മയക്കുമരുന്നു പ്രയോഗിക്കുകയാണ്. നിയന്ത്രിക്കപ്പെടേണ്ട മനുഷ്യന്റെ ക്രമവിരുദ്ധമായ അധമവികാരങ്ങളെ തട്ടിയുണർത്താതിരിക്കുന്നതിനാണ് ശരീരാച്ഛാദനപ്രവണത അവനിൽ ഉദയംചെയ്തതു്. ശാലീനനായ മനുഷ്യൻ അവന്റെ ആത്മസമാധാനത്തിനു ഭംഗം വരുത്താതിരിക്കുന്നതിനനുയോജ്യമായ വസ്ത്രധാരണരീതികളാണ് സ്വാഭാവികമായി അംഗീകരിച്ചതു്. എന്നാൽ ഈ മൗലികോദ്ദേശ്യങ്ങളെയെല്ലാം വ്യഭിചരിച്ച്, ഇന്നു വലിയൊരു വിഭാഗത്തിനു വസ്ത്രധാരണത്തിലെ വികൃതമായ രീതികൾ മററുള്ളവരുടെ ശ്രദ്ധയെ വേണ്ടിടത്തും വേണ്ടാത്തിടത്തും തങ്ങളിലേക്കാകർഷിക്കുന്നതിനുള്ള ഒരുപാധിയായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ചും യുവഹൃദയങ്ങളിൽ കാമാഗ്നി ജ്വലിപ്പിക്കുന്നതിനും ആ അഗ്നികുണ്ഡത്തിൽ ഈയൽകണക്കെ അനേകശതങ്ങൾ വീണു ദഹിക്കുന്നതിനും അതു വഴിതെളിക്കുന്നു. ചിലയിടങ്ങളിൽ ഈ ഫാഷൻഭ്രാന്തു മനുഷ്യരെ മൃഗങ്ങളേക്കാൾ അധഃപ്പതിച്ച ഒരു നിലവാരത്തിലെത്തിച്ചിട്ടുണ്ടു്. മനുഷ്യരിൽ സഹജമായുള്ള വർഗ്ഗലാലസകളും, അവരുടെ അധഃപ്പതിച്ച സ്വഭാവത്തിൽ കലർന്നിരിക്കുന്ന ദുഷ്പ്രവണതകളും, അവനുത്തരവാദിത്വം വഹിക്കേണ്ട ദൈവസന്നിധിയെപ്പററിയുള്ള അവിശ്വാസവുംകൂടി ഒത്തുചേർന്നിരിക്കുന്നതുകൊണ്ടു് ഈ അധോഗതി ഇനിയും പുരോഗമിച്ചുകൊണ്ടു തന്നെയാണിരിക്കുന്നതു്. അതിനെ അനുനിമിഷം ഊതിയെരിക്കുന്നതിനുള്ള ഉപാധികളും ഇന്നു സുലഭമാണ്. ദുഷിച്ച പുസ്തകങ്ങൾ, മാസികകൾ, പത്രങ്ങൾ, സിനിമാകൾ, നാടകങ്ങൾ, നൃത്തങ്ങൾ ഇവയോരോന്നും യുവഹൃദയങ്ങളിൽ എത്രയെത്ര നാശങ്ങളാണ് വരുത്തിവയ്ക്കുന്നതെന്നു വിവരിക്കുക സാദ്ധ്യമല്ല.

### മാർപ്പാപ്പായുടെ ആഹ്വാനം

അനിയന്ത്രിതവും അടക്കമില്ലാത്തതുമായ വസ്ത്രധാരണംകൊണ്ടു മാനവവംശത്തിനു അടിക്കടി വന്നുചേർന്നുകൊണ്ടിരിക്കുന്ന വിപത്തുകളെപ്പററി സർവ്വോപരി ലോകത്തിന്റെ ധാർമ്മികസമ്രാട്ടുകളായ മാർപ്പാപ്പാമാർ യഥാകാലം ശക്തിയുക്തം ജനതയെ ഉൽബോധിപ്പിച്ചുകൊണ്ടാണിരുന്നിട്ടുള്ളതു് എന്നു എടുത്തു പറയേണ്ട ആവശ്യമില്ല. കത്തോലിക്കരെ മാത്രമല്ല, സന്മാർഗ്ഗനിഷ്ഠയോടുകൂടി ജീവിക്കണമെന്നു് അഭിലഷിക്കുന്ന എല്ലാ മനുഷ്യരേയും ഒരുപോലെ പരിശുദ്ധപിതാക്കന്മാർ ഇക്കാര്യത്തിൽ ഒരു ധർമ്മസമരത്തിനു ക്ഷണിക്കുകയാണ് ചെയ്തിട്ടുള്ളതു്. ഈയിടെതന്നെ പരിശുദ്ധപിതാവു് 12-ാം പീയൂസ് മാർപ്പാപ്പാ ഇതേപ്പററി നൽകിയിട്ടുള്ള അതിശക്തിയായ ഒരുൽബോധനത്തെമുമ്പിൽ വച്ചുകൊണ്ടാണ് ഈ കുറിപ്പു ഞങ്ങൾ എഴുതുന്നതും. ആധുനികകാലത്തെ ഏററവും ഗൗരവാവഹവും നാശഹേതുകവുമായ വിപത്തായിത്തീർന്നിട്ടുള്ള അടക്കമില്ലാത്ത വസ്ത്രധാരണരീതിയെ സംബന്ധിച്ചു ലോകത്തിലുള്ള എല്ലാ മെത്രാപ്പോലീത്താമാരുടേയും മെത്രാന്മാരുടേയും ശ്രദ്ധയെ പ്രത്യേകമായി ക്ഷണിച്ചുകൊണ്ടുള്ള ഈ ലേഖനം പരിശുദ്ധമാർപ്പാപ്പായുടെ നിർദ്ദേശമനുസരിച്ചു കൗൺസിൽ തിരുസംഘത്തിന്റെ പ്രീഫെക്ടായ കർദ്ദിനാൾ സിറിയാച്ചി തിരുമനസ്സുകൊണ്ടു തിരുസ്സഭയുടെ ഔദ്യോഗികപത്രമായ "ആക്താ അപ്പസ്തോലിച്ചെ സേദിസ്"-ൽ പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിൽ ഇപ്രകാരം പ്രസ്താവിച്ചിരിക്കുന്നു:- മരിയവത്സരം പ്രഖ്യാപിച്ചപ്പോൾ പരിശുദ്ധപിതാവു പ്രകടമാക്കിയ പ്രത്യാശകൾക്കനുസരിച്ച്, പരിപാവനമായ ഈ കാലസന്ധിയിൽ ക്രിസ്ത്യാനികളുടെ ഇടയിൽ ധാർമ്മികനിലവാരം സംബന്ധിച്ച രക്ഷാകരമായ ഒരു നവീകരണം സാധിക്കുന്നതിനുള്ള യാതൊരു സാദ്ധ്യതകളും ഉപേക്ഷിക്കപ്പെടരുതു്. വസ്ത്രധാരണരീതികളിൽ പതിവായിട്ടുള്ള അടക്കമില്ലായ്മ പ്രത്യേകിച്ചും ഈ ശക്തിമത്തായ പ്രതിഷേധത്തിൽ ഉൾപ്പെടുത്തേണ്ടിയിരിക്കുന്നു. വേനൽക്കാലങ്ങളിൽ സാധാരണയായി ഈ മനോഭാവം എത്ര കുററകരവും വ്യഥാജനകവുമായ ഒരു നിലയിലാണെത്തിച്ചേരുന്നതു്! കടൽതീരപ്രദേശങ്ങളിലും ഒഴിവുകാലവസതികളിലും മാത്രമല്ല എവിടെയും—തെരുവുകളിലും പട്ടണങ്ങളിലും, ഗ്രാമങ്ങളിലും നഗരങ്ങളിലും, സ്വകാര്യസ്ഥലങ്ങളിലും പൊതുനിരത്തുകളിലും, അസാധാരണമല്ലാത്തതരത്തിൽ ദേവാലയങ്ങളിൽപോലും—ഉതപ്പിനുതകുന്നതും അടക്കബോധമില്ലാത്തതുമായ ഈ വസ്ത്രധാരണരീതി അവലംബിക്കപ്പെട്ടുപോരുന്നു. ഇതുവഴിയായി വന്നുചേരുന്ന ആത്മീയനാശം—പ്രത്യേകിച്ചും യുവജനങ്ങളുടെ ആത്മീയനാശം—ഊഹിക്കുകയാണുത്തമം. മനുഷ്യശരീരം പരിശുദ്ധാത്മാവിയുടെ ആലയമാണെന്നും തന്മൂലം അതിന്റെ വിശുദ്ധിയെ നശിപ്പിക്കുകയോ അതിനെ വ്യഭിചരിക്കുകയോ ചെയ്യുന്ന ഏതൊരു കാരണത്തേയും പരിവർജ്ജിക്കേണ്ടതാണെന്നും വിശ്വസിക്കുന്ന ഒരു ക്രിസ്ത്യാനി ഇക്കാര്യത്തിൽ എത്ര ശ്രദ്ധാലുവായിരിക്കണം. അതുകൊണ്ടു് പരിശുദ്ധ പിതാവു് എല്ലാ മെത്രാന്മാരേയും വൈദികരേയും ആഹ്വാനം ചെയ്യുന്നതു് അവർ നിരന്തരമായും വിവേകപൂർവ്വകമായും ഇക്കാര്യത്തിൽ ശ്രദ്ധപതിപ്പിക്കണമെന്നാണ്. ഒന്നാമതായി അവർ അവരുടെ സകല പ്രേരണകളും മാതാപിതാക്കന്മാരുടെമേൽ ചെലുത്തി അവരെ ഇക്കാര്യത്തിൽ ഉത്തമമാതൃകകളാക്കിത്തീർക്കട്ടെ. അങ്ങിനെ മാതാപിതാക്കന്മാർ ആദ്യമായി മാതൃകവഴിയായും പിന്നീടു് അവരുടെ കുഞ്ഞുങ്ങൾക്കു അത്യാസന്നമായിരിക്കുന്ന ഗൗരവവിപത്തിനെപ്പററി വിവേകപൂർവ്വകമായി വേണ്ട ഉപദേശങ്ങൾ നൽകിക്കൊണ്ടും ഈ വിഷയത്തിൽ അവരെ ഉൽബോധിപ്പിക്കട്ടെ.

കത്തോലിക്കാ പ്രവർത്തനസംഘടനകളുടെ അംഗങ്ങളേയും പ്രസ്തുത ലേഖനത്തിൽ പ്രത്യേകം ആഹ്വാനം ചെയ്തിട്ടുണ്ടു്. മേലുദ്ധരിച്ചവിധത്തിൽ ഇക്കാര്യത്തിൽ കാര്യക്ഷമമായ പ്രേരണയും ഉപദേശങ്ങളും നൽകേണ്ടതു് അവരുടെ പ്രേഷിതത്വത്തിന്റെ പ്രധാനമായൊരു കർത്തവ്യമാണ്. വിനാശകരങ്ങളായ ഫലങ്ങളെ ഉളവാക്കുന്ന ധാരാളമായ ദുഷിച്ച പ്രസിദ്ധീകരണങ്ങളുടേയും പ്രദർശനങ്ങളുടേയും പ്രചാരണത്തെ കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് അപലപിക്കുന്നു. അതുകൊണ്ടു് പരിശുദ്ധ പിതാവിന്റെ ആഹ്വാനമനുസരിച്ചു് വിമലയായ കന്യകമറിയത്തിന്റെ സംരക്ഷണയിൽ ഈ അമ്മയിൽ പ്രശോഭിക്കുന്ന ഏററം നിർമ്മലവും മനോഹരവുമായ വിശുദ്ധിയെ സംരക്ഷിക്കുന്നതിനു് എല്ലാവരേയും ഉൽബോധിപ്പിച്ചുകൊണ്ടും ആഹ്വാനം ചെയ്തുകൊണ്ടുമാണു് പ്രസ്തുത ലേഖനം സമാപിക്കുന്നതു്.

### ഭാരതീയർ വഞ്ചിതരാകരുതു്

ആർഷഭാരതത്തിന്റെ പാരമ്പര്യം അടിയുറച്ച ധാർമ്മികമൂല്യങ്ങളിലാണുറപ്പിക്കപ്പെട്ടിട്ടുള്ളതു്. അവയെ നാം പരിരക്ഷിക്കണം. ഭാരതത്തിലെ രണ്ടായിരം കൊല്ലത്തെ പഴക്കമുള്ള ക്രിസ്തീയസഭയ്ക്കു ഭാരതത്തിന്റെ പാവനമായ ധാർമ്മികമൂല്യങ്ങളെ പരിരക്ഷിക്കുന്നതിൽ വലിയൊരുത്തരവാദിത്വമുണ്ടു്. ഒരു നവഭാരതം കെട്ടിപ്പടുക്കുന്നതിനുള്ള നമ്മുടെ ശ്രമം വിജയകരമാകണമെങ്കിൽ, സമുദായതരുവിന്റെ കടപുഴകുന്നതിനു കാരണമാകുന്ന ദുരാചാരങ്ങളും അധർമ്മപ്രവണതകളും നാം ദൂരത വർജ്ജിക്കണം. ജീവിതവിശുദ്ധിയേയും കുടുംബബന്ധങ്ങളേയും ശിഥിലമാക്കുന്നതും മാനവസഞ്ചയത്തെ മൃഗീയതയിലേക്കാഴ്ത്തുന്നതുമായ അധർമ്മകൃത്യങ്ങളാണു് പ്രഥമത പരിവർജ്ജിക്കേണ്ടതു്. മററുള്ളവരിൽ അധമവികാരങ്ങളെ ഉത്തേജിപ്പിക്കാവുന്ന അവസരങ്ങളെ ഇല്ലാതാക്കുന്നതിനും ആത്മനിയന്ത്രണം നിഷ്ഠയായി പാലിക്കുന്നതിനും ഓരോ വ്യക്തിയും സ്വന്ത രക്ഷയേയും സമുദായത്തിന്റെ രക്ഷയേയും ലക്ഷ്യമാക്കി പരമാവധി പരിശ്രമിക്കണം. ഈ സംരംഭത്തിൽ അതിപ്രധാനമായ ഒരു പങ്കു വഹിക്കുന്ന രംഗമാണു് നമ്മുടെ വസ്ത്രധാരണം. അതുകൊണ്ടു് വസ്ത്രധാരണത്തിൽ നിഷ്കൃഷ്ടമായ അടക്കം പാലിക്കുന്നതിനു് എല്ലാവരും, പ്രത്യേകിച്ച് യുവജനങ്ങളും ശ്രദ്ധിക്കട്ടെ.

## പ്രസാധകക്കുറിപ്പുകൾ

### കമ്മ്യൂണിസ്റ്റ് പാർട്ടി തൊഴിലാളികളെ ചാരി ജനദ്രോഹം ചെയ്യുന്നു

നമ്മുടെ ഗവമ്മെന്റിന്റെ വക സ്റ്റേററു് ട്രാൻസ്പോർട്ടു് 500-നുമേൽ ബസ്സുകൾ ഉള്ള ഒരു സർവ്വീസാണു്. ഈ സർവ്വീസിനു കുത്തകയായി വ്യവസ്ഥചെയ്യപ്പെട്ടിട്ടുള്ള എല്ലാ റൂട്ടുകളിലുംകൂടി പല സമയങ്ങളിലായി ഏതാണ്ടു 40,000 മൈൽ പ്രതിദിനം ഈ ബസ്സുകൾ ഓടിക്കൊണ്ടിരിക്കുന്നുണ്ടു്. ഒരു ദിവസം ഒന്നൊന്നരലക്ഷം യാത്രക്കാരുടെ ആവശ്യം ഇതു നിർവ്വഹിക്കുന്നുണ്ടു്. ഏതാണ്ടു് 40,000 രൂപാ വരവു് പ്രതിദിനമുണ്ടു്. 40,000-ൽ അധികം ജീവനക്കാരാണു് ഈ സർവ്വീസിലുള്ളതു്. ഇങ്ങനെയുള്ള ഒരു ട്രാൻസ്പോർട്ടുസർവ്വീസ് ഒരാഴ്ചക്കാലം വേണ്ടവണ്ണം നടന്നില്ലെങ്കിൽ പൊതുജനങ്ങൾക്കു വന്നുഭവിക്കുന്ന കഷ്ടതകൾ എത്രമാത്രമായിരിക്കുമെന്നു് ആർക്കും ഊഹിക്കാമല്ലോ. ഒരാഴ്ചക്കാലം തിരുകൊച്ചിയിലെ പൗരസഞ്ചയം ഈ കഷ്ടതകൾ അനുഭവിക്കുകയുംചെയ്തു. സർവ്വീസ് ക്രമമായി നടക്കാഞ്ഞതുകൊണ്ടു് രണ്ടു മൂന്നു ലക്ഷം രൂപാ സർവ്വീസിനു് നഷ്ടമുണ്ടായിട്ടുണ്ടു്. അതിനു പുറമെ ഗാരേജുകളിൽ കിടക്കുന്ന ബസ്സുകളെ കമ്മ്യൂണിസ്റ്റുകാർ തല്ലിപ്പൊളിക്കാതെയും തീവച്ചു നശിപ്പിക്കാതെയും പബ്ളിക്കുറോഡിൽക്കൂടി സഞ്ചരിക്കുന്ന ബസ്സുകൾക്കു് ഉപ

ദ്രവം എല്ലാറ്റെയും കാത്തുരക്ഷിപ്പാൻ എന്തെല്ലാം ബന്തവസ്സുകളാണു് സർക്കാർ ചെയ്യേണ്ടിവന്നതു്. ക്രമസമാധാനപാലകരായ എത്രയെത്ര ഉദ്യോഗസ്ഥന്മാരാണു് അഹോരാത്രം തങ്ങളുടെ ഇതരഡ്യൂട്ടികൾ മാററിവച്ചുകൊണ്ടു് ഇക്കാര്യത്തിൽ വ്യാപൃതരായി തീരേണ്ടിവന്നതു്. ഒരാഴ്ചക്കാലം, ഈ ഒരുകാര്യത്തിലല്ലാതെ മന്ത്രിമാർ ഉൾപ്പടെ തിരുക്കൊച്ചിയിലെ ഭരണാധികാരികൾക്കു് രാജ്യഭരണം സംബന്ധിച്ച ഇതരകാര്യങ്ങളിൽ ശ്രദ്ധപതിക്കുവാൻ സാധിച്ചോ. ഇതെല്ലാം ഹേതുവായിട്ടു സർക്കാർ ഖജനാവിനു നേരിട്ട നഷ്ടം എത്ര?

തിരുക്കൊച്ചിസംസ്ഥാനത്തു വന്നുകൂടിയ ഈ ദുരവസ്ഥയുടെ സാക്ഷാൽ കാരണഭൂതന്മാർ ആരു്? ട്രാൻസ്പോർട്ടു് സർവ്വീസിലെ തൊഴിലാളികളാണോ? അവരല്ലെന്നു് സമരത്തിൽ ആരംഭഘട്ടം മുതൽ കാണാമായിരുന്നു. സമരത്തിൻെറ രണ്ടാംഘട്ടത്തിൽ അതായതു നിരാഹാരസത്യഗ്രഹഘട്ടത്തിൽ, മി. ടി വി. തോമസ് പറയുകയാണു്, "ഇനി ട്രാൻസ്പോർട്ടുജീവനക്കാർ പങ്കെടുക്കേണ്ട, അവർക്കുവേണ്ടി മററുള്ളവർ സമരം നടത്തിക്കൊള്ളാം" എന്നു്. ഈ "മററുള്ളവർ" ആയി രംഗപ്രവേശം ചെയ്തവർ ആരു്? തനി കമ്മ്യൂണിസ്റ്റു് പ്രവർത്തകർ. കമ്മ്യൂണിസ്റ്റുകാരുടെ അക്രമപ്രസക്തമായ പരിപാടികളോടുകൂടിയാണു് സമരം ആരംഭിച്ചതുതന്നെ.

ഈ വസ്തുതകൾ ഒരു മുഖപ്രസംഗത്തിൽ ഉൾക്കൊള്ളിച്ചുകൊണ്ടു് "ദീപിക" ചോദിക്കുന്നു: "ട്രാൻസ്പോർട്ടുസർവ്വീസിനെ ചാരി അപ്രകൃതമായ ഇങ്ങനെയൊരു സമരം നടക്കാൻ ഇടവന്നതിൻെറ മൂലകാരണം, ട്രാൻസ്പോർട്ടു തൊഴിലാളിയൂണിയൻെറ കഴുത്തു് കമ്മ്യൂണിസ്റ്റുപാർട്ടി നേതാവിൻെറ കൈയിൽപ്പെട്ടുപോയതല്ലയോ?"

* * *

## പോലീസ് മർദ്ദനം എന്ന പരാതിക്കു് "സഹോദരൻെറ" മറുപടി

പോലീസുകാർക്കു മർദ്ദനംപോലെ രാഷ്ട്രീയകക്ഷികൾക്കു നുണപ്രചരണവും പലപ്പോഴും ആവശ്യമായിട്ടാണു് അനുഭവപ്പെട്ടു കാണുന്നതു്. അതുകൊണ്ടു് പോലീസുമർദ്ദനം ഉണ്ടായോ, ഉണ്ടാകാതെ ആരോപണംമാത്രം ഉണ്ടായോ എന്നറിയാൻ സൂക്ഷ്മമായ റിപ്പോർട്ടുകൾ കിട്ടുവാനേർപ്പാടില്ലാത്തവർക്കു് പ്രയാസമുണ്ടു്. സമാധാനപാലനത്തിനു് പോലീസ് ഏർപ്പെടുമ്പോൾ പോലീസിൻെറ ബലപ്രയോഗത്തിൽ ചിലപ്പോൾ ഏററങ്ങൾ വരാം. അതു പോലീസുകാരിൽ ചിലരുടെ അവിവേകവും ഏററവാസനയും കൊണ്ടാകാം. അങ്ങനെയുള്ള ഏററങ്ങൾ ചിലതു നടന്നാൽ പോലീസ് ആകെ ഏററം കാണിച്ചു എന്നതരത്തിൽ പ്രചരണം നടത്തുന്നതു പോലീസിനോടുള്ള ഒരു അനീതിയായിരിക്കും. ചിലപ്പോൾ പോലീസു കൈകാര്യം ചെയ്യേണ്ട സ്ഥിതിഗതിയുടെ പ്രത്യേകതകൊണ്ടു് അവരുടെ ബലപ്രയോഗം ഒഴിച്ചുകൂടാത്ത വിധത്തിൽ അധികമാകേണ്ടിവരാം. ബലപ്രയോഗം അളന്നു തൂക്കി തിട്ടപ്പെടുത്തി നടത്താവുന്നതല്ലല്ലോ. പോലീസ് ബലംപ്രയോഗിക്കേണ്ട ആവശ്യമുള്ള സ്ഥിതിഗതികൾ വരുത്തിവയ്ക്കുന്ന കൂട്ടരാണു് പോലീസുകാരേക്കാൾ പോലീസുമർദ്ദനത്തിനു വാസ്തവത്തിൽ ആക്ഷേപിക്കപ്പെടേണ്ടവർ. പോലീസ് ഇടപെട്ടു് മർദ്ദനം എന്നു പറയാവുന്നതരത്തിലുള്ള ബലപ്രയോഗംതന്നെ നടത്തിയില്ലെങ്കിൽ ജനങ്ങളുടെ സ്വത്തും ജീവനും സമാധാനജീവിതവും അപകടത്തിലാകുന്ന സ്ഥിതി ജനങ്ങൾക്കുവേണ്ടി എന്നു പറഞ്ഞുകൊണ്ടു് പ്രക്ഷോഭണം നടത്തുന്നവർ ചിലപ്പോൾ ഉണ്ടാക്കിത്തീർക്കാറുണ്ടു്. അങ്ങനെയുള്ള ഘട്ടങ്ങളിൽ പോലീസിൻെറ കൃത്യനിർവ്വഹണത്തിൽ വന്നേക്കാവുന്ന ഏററങ്ങളെ സഹിക്കയല്ലാതെ നിവൃത്തിയില്ല.

ബസ്സുകൾ വിടാൻപാടില്ലാത്തമാതിരി വഴിയിൽ കിടക്കുന്നതു ശരിയായ പിക്കററിംഗല്ല. മാർഗ്ഗതടസ്സം ഉണ്ടാക്കാതെനിന്നു വാക്കുകൊണ്ടും ആംഗ്യംകൊണ്ടും ബസ്സു വിടരുതെന്നു് ഡ്രൈവറന്മാരെയും മററും ഉൽബോധിപ്പിക്കുന്നിടത്തോളം മാത്രമേ പിക്കററിംഗ് പോകാവൂ. പിക്കററിംഗ്കാർ മാർഗ്ഗതടസ്സമുണ്ടാക്കിയാൽ അവരെ പിടിച്ചുമാററാനും എടുത്തുമാററാനും പോലീസു ഇടപെടുമ്പോൾ ചില ഏററങ്ങൾ വന്നുപോകുന്നതിനു് അവർ മാത്രമല്ല പിക്കററിംഗ്കാർകൂടി ഉത്തരവാദികളാണു്.

ആരു ഭരിച്ചാലും പോലീസു വേണം. പോലീസുണ്ടായാൽ ചിലപ്പോൾ മർദ്ദനാക്ഷേപവുമുണ്ടാകും. ആക്ഷേപം ചിലപ്പോൾ അതിശയോക്തിയും വൃഥാപവാദവും ആകാം.

* * *

## ഡോ. പി. ജെ. തോമസ് വിവരിക്കുന്ന ഭൂപരിധി നിർണ്ണയത്തിൻെറ അനത്ഥങ്ങൾ

ഇൻഡ്യാഗവമ്മെൻറിൻെറ സാമ്പത്തികോപദേഷ്ടാവായിരുന്ന ഡോക്ടർ പി. ജെ. തോമസ് തിരുക്കൊച്ചിഗവർമ്മെൻറിൻെറ പുതിയ ബില്ലിലെ ഭൂപരിധിനിർണ്ണയംകൊണ്ടു് സംസ്ഥാനത്തുണ്ടാകാവുന്ന അനത്ഥങ്ങൾ ഇങ്ങനെ വിവരിക്കുന്നു:-

തിരുക്കൊച്ചിയുടെ ജനക്ഷേമത്തിനു ഇന്നു് ഏററവും ആവശ്യമായ സംഗതി ശരിയായ തൊഴിലൊന്നുമില്ലാതെ കർഷകരെന്നും പറഞ്ഞു യഥാർത്ഥ കർഷകർക്കു ഭാരമായി കഴിയുന്ന അനേകലക്ഷങ്ങളെ വ്യവസായാദിതൊഴിലുകളിലേക്കു എത്രയുംവേഗം തിരിക്കുകയാണു്. തൊഴിലില്ലാതെ നട്ടംതിരിയുന്നവരിൽ അധികംപേർക്കും ഭൂമിയല്ല വേണ്ടതു്. മറേറതെങ്കിലും സ്ഥിരമായ ജോലിയാണു്. തരിശിൽനിന്നു ഭൂമികൊടുത്തോ കൃഷിക്കുപററിയ റിസർവ്വ്വനങ്ങളിൽ കുടിയേററിത്താമസിപ്പിച്ചോ ഈ ഉദ്ദേശം ഭംഗിയായി സാധിക്കാവുന്നതാണു്. ഇങ്ങനെ ഉൾനാട്ടുകളിലുള്ള തിക്കൽക്കുറയ്ക്കുവാനും കൃഷി പലവിധത്തിൽ അഭിവൃദ്ധിപ്പെടുത്തുവാനും സാധിക്കും. അഞ്ചു വലിയതോപ്പുകളേക്കാൾ അൻപതു ചെറിയ തോപ്പുകളാണു സമീകരണത്തിനു യോജിച്ചതെന്നായിരിക്കാം ഗവർമ്മെൻറിൻെറ വാദം. എന്നാൽ ഇതിനു ന്യായമായമാർഗ്ഗം ഇനിയുണ്ടാകുന്ന തോപ്പുകളൊന്നും ഇത്ര ഏക്കറിൽ കൂടരുതെന്നു നിശ്ചയിക്കുന്നതായിരിക്കും. ഇപ്പോഴുള്ള വൻതോപ്പുകൾ വെട്ടിമുറിക്കണമെങ്കിൽ ന്യായമായ പ്രതിഫലം ഉടമസ്ഥർക്കു കൊടുക്കുകയും വേണം. ഇതാണു നീതി. ഇതു ലംഘിച്ചാൽ ഭീകരമായിരിക്കും ഫലം.

ഈ നീതി ലംഘിച്ചാലുള്ള പ്രത്യാഘാതങ്ങൾ ഗൗരവമേറിയതായിരിക്കും. ബില്ല പ്രസിദ്ധീകരിച്ചപ്പോൾത്തന്നെ അവ കുറെയെല്ലാം വന്നുകഴിഞ്ഞു. ഭൂസ്വത്തിൻെറ വില ഇടിഞ്ഞു. വാങ്ങാനാൾ കുറഞ്ഞു. ഭൂസ്വത്തു ഈടിന്മേൽ വാങ്ങിയിട്ടുള്ള കടങ്ങളുടെ നിലയോ പഴയതോതിൽ ക്രെഡിററുവച്ചു കടം നൽകിയ ബാങ്കുകളുടെ നിലയോ? ഈ മാരണങ്ങളെല്ലാം അടിക്കടിയുണ്ടായിക്കൊണ്ടിരിക്കും. ഇതെല്ലാം സഹിക്കേണ്ടതു തിരുക്കൊച്ചിയിലെ പൊതുജനങ്ങളാണെന്നവർ അറിയുന്നുണ്ടോ?

ഈ ഭൂനയത്തിൻെറ ഫലമായി വ്യവസായങ്ങളിൽ മുതൽമുടക്കു വർദ്ധിക്കുമെന്നു ചിലർ വാദിക്കുന്നു. ന്യായമായ പ്രതിഫലംകൊടുത്തുമാത്രം ഭൂമി എടുക്കുന്നപക്ഷം അല്ലെങ്കിൽ ഭാവിയിൽ മാത്രമേ ഭൂപരിധിനിർണ്ണയം ബാധിക്കുകയുള്ളു എന്നുവന്നാൽ വ്യവസായങ്ങളിലേക്കു മൂലധനം പോകാൻ ഇടയുണ്ടു്. എന്നാൽ ബില്ലിൽ ഉദ്ദേശിച്ചിരിക്കുന്ന വിധത്തിലുള്ള ഭൂപരിധിനിർണ്ണയംകൊണ്ടു ഇതു സാദ്ധ്യമല്ലെന്നുതന്നെയല്ല മൂലധനംതന്നെ ശോഷിച്ചുവരാനാണിടയുള്ളതു്. ഇപ്രകാരമുള്ള കർശനമായ പരിധിനിർണ്ണയം വ്യവസായങ്ങളുടെ കാര്യത്തിലുംഭാവിയിൽനടപ്പിലാ

## തിരുനാൾമംഗളം



ആലപ്പുഴ മെത്രാൻ റൈററു് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനി

തിരുനാൾ സെപ്റ്റംബർ 29.

ക്കുകയില്ലന്നെന്താണു് നിശ്ചയം? ഈ ഭൂനയം മൂലധനവർദ്ധനവിനു് കണ്ഠകോടാലിയാണു്.

* * *

## ഭൂവുടമനിയന്ത്രണം തിരുക്കൊച്ചിയിൽ ഏററവും പുരോഗമനപരം

നൃമാൻ അസ്സോസിയേഷൻെറ ആഭിമുഖ്യത്തിൽ എറണാകുളത്തു് സമ്മേളിച്ച അഭിഭാഷകപ്രമുഖർ നടത്തിയ ഭൂനയബിൽചർച്ചയിൽ ലോകോളെജു് പ്രിൻസിപ്പാൾ പ്രസ്താവിച്ചതു്, ഭൂവുടമയും കൈവശാവകാശവും നിയന്ത്രിക്കുന്ന വിഷയത്തിൽ മുൻതിരുവിതാംകൂർ സംസ്ഥാനത്തെപ്പോലെ പുരോഗമനപരമായ നിയമങ്ങളും കാലാനുസൃതമായ ഭേദഗതികളും ഭാരതത്തിലെ ഇതരപ്രവിശ്യകളിൽ ഉണ്ടായിട്ടില്ല എന്നാണു്. ആ പ്രസ്താവത്തെ അദ്ദേഹം ഇങ്ങനെ വിശദീകരിച്ചു:-

ഒരുകാലത്തു ഭൂമിമുഴുവൻ ദേവസ്വം, ജന്മം, ശ്രീ പണ്ടാരംവക, ബ്രഹ്മസ്വം, ഈവക നിർവ്വചനങ്ങളിലറിയപ്പെട്ടിരുന്നു. ഇതു ചുരുക്കം വ്യക്തികളുടേയും സമൂഹങ്ങളുടേയും മാത്രം അവകാശാധികാരങ്ങൾക്കു കീഴ്പ്പെട്ടാണിരുന്നിട്ടുള്ളതു്. ജന്മി കുടിയാൻ റഗുലേഷൻമൂലം കുടിയാനു വസ്തുവിൽ പൂർണ്ണാവകാശം സിദ്ധിച്ചു. കുടിയാൻ ജന്മിക്കരം കൊടുക്കണമെന്നുമാത്രം. അതു പിരിക്കുന്ന ചുമതല ഗവർമ്മെൻറു ഏറെറടുത്തു. ഈ നിയമം ജന്മിയുടെ നില സുരക്ഷിതമാക്കാനല്ല, മറിച്ചു കുടിയാനു കൂടുതൽ അവകാശാധികാരങ്ങൾ നൽകാനാണു്. പാട്ടക്കാരുടെ അവകാശങ്ങൾക്കായി ഇതിനകം പല നിയമങ്ങളും ഉണ്ടായിട്ടുണ്ടു്. ഇന്നു കാണപ്പാട്ടക്കാരനെ സംബന്ധിച്ചിടത്തോളം ക്രയവിക്രയാധികാരത്തോടുകൂടിയ അവകാശക്രമങ്ങളാണുള്ളതു്. അതുപോലെതന്നെ ദേവസ്വം, ബ്രഹ്മസ്വം, ഇടവക, ശ്രീ പണ്ടാരം തുടങ്ങിയ വസ്തുക്കളെ സംബന്ധിച്ചും കാലാനുസൃതമായ നിയമങ്ങൾ ഉണ്ടായിട്ടുണ്ടു്. മുൻപറയപ്പെട്ട വസ്തുക്കൾ ഒഴിച്ചു് ബാക്കി വസ്തുക്കൾ തിരുവിതാംകൂർ സർക്കാരിൻെറ വകയായി പരിഗണിച്ചു. പ്രജകൾക്കു പട്ടയം പിടിച്ചു അനുഭവിക്കാനവകാശംകൊടുത്തു. കരം എന്നൊരു ബാദ്ധ്യതയല്ലാതെ ഈ വസ്തുക്കളിന്മേൽ സർക്കാരിനു യാതൊരു പ്രത്യേകാവകാശങ്ങളുമില്ല. സർസി. പി. രാമസ്വാമിയുടെ കാലത്തു ഈ കരം ബേസിക്കു് ടാക്സായി രൂപാന്തരപ്പെടുത്തി. ഇങ്ങനെ ക്രമാനുഗതമായി വ്യക്തികൾക്കു ഭൂമിയിന്മേൽ കൂടുതൽ കൂടുതൽ അവകാശങ്ങൾ കിട്ടിവന്നതായിക്കാണാം. കൊച്ചിയെ സംബന്ധിച്ചിടത്തോളം വെറുമ്പാട്ടനിയമം113-ൽ വന്നതോടുകൂടി പാട്ടക്കാരുടെ അവകാശം സ്ഥിരമായി. തിരുവിതാംകൂറിലെ കുടികിടപ്പുനിയമം വന്നതോടുകൂടി കുടികിടപ്പുകാരനെപ്പോലും ചില പ്രത്യേക സാഹചര്യങ്ങളിലല്ലാതെ ഒഴിപ്പിക്കാൻ പാടില്ല എന്നായി. ഇങ്ങനെ ജന്മാവകാശങ്ങൾ ക്രമശഃകുറഞ്ഞും കൈവശാവകാശങ്ങൾ കൂടിയും വരുന്ന ഒരു പശ്ചാത്തലത്തിൽ വേണം, ഭൂനയബില്ലിനെപ്പററി കൂലങ്കഷമായി പഠിച്ചു ജനകീയാഭിലാഷങ്ങൾ അനുസരിച്ചു്, ഇന്നു നിർദ്ദിഷ്ടമായിരിക്കുന്ന ബില്ലു് നിയമമായി രൂപാന്തരപ്പെടുത്തുന്നതിനു മുൻപു് ജനപക്ഷത്തുനിന്നും അഭിപ്രായങ്ങൾ ഗവർമ്മെൻറിനെ അറിയിക്കുവാൻ.

## പരിശുദ്ധപിതാവിന് ആലസ്യം

കാസ്റ്റൽ ഗൊൺഡോൾഫോയിൽ താമസിക്കുന്ന പരിശുദ്ധപിതാവു 12-ാംപീയൂസ് തിരുമേനി ആഴ്ചയിൽ രണ്ടുപ്രാവശ്യം തീർത്ഥകർക്കു ദർശനം നൽകിവരുന്ന പതിവു സെപ്റ്റംബർ 17-ാംനു-മുതൽ നിർത്തിവച്ചിരിക്കുന്നു. കഴിഞ്ഞ ശൈത്യകാലത്തുണ്ടായ ആലസ്യത്തിൽനിന്നും തിരുമേനി പൂർണ്ണമായി വിമുക്തനായിട്ടില്ലെന്നു ഉച്ചഭാഷിണികൾ പ്രഖ്യാപിക്കുകയുണ്ടായി. കഴിഞ്ഞ ജനുവരിയിൽ ഉൽക്കണ്ഠാജനകമായിത്തീർന്ന എക്കിൾ തിരുമേനിയെ വീണ്ടും ബാധിച്ചതായറിയുന്നു. പക്ഷേ അതു കുറഞ്ഞുവരുന്നുണ്ടു്. വലിയ ക്ഷീണമുള്ളപ്പോൾ മാത്രമാണു് അതു വീണ്ടും പിടിപെടുന്നതായി കാണുന്നതു്.

കഴിഞ്ഞ ശൈത്യകാലത്തു ആലസ്യമുണ്ടായപ്പോൾ സ്വിസ് സ്പെഷലിസ്റ്റായ ഡോക്ടർ പോൾ റിക്കാൻസ് നടത്തിയ കുത്തിവയ്പുകൊണ്ടു തിരുമേനിക്കു വളരെ ആശ്വാസമുണ്ടായി. അദ്ദേഹം കഴിഞ്ഞ ഞായറാഴ്ച കാസ്റ്റൽ ഗൊൺഡോൾഫോയിൽ എത്തിയതായി വിശ്വസിക്കപ്പെടുന്നു. അദ്ദേഹം ഏതാനും കുത്തിവയ്പുകൾ ആറാഴ്ച മുൻപു നടത്തിയതായും പുതുതായി ഈ ആഴ്ചയിലും അദ്ദേഹം കുത്തിവയ്പു് നടത്തിവരുന്നുണ്ടെന്നും അറിയുന്നു. ഈ ചികിത്സയുടെ ക്ഷീണമുണ്ടെങ്കിലും ഇന്നു തിരുമേനി നൽകിയ അഭിമുഖദർശനം മുപ്പതുമിനിററു നീണ്ടുനിന്നു. തിരുമേനി വിവിധ തീർത്ഥസംഘങ്ങളോടു് ഇററാലിയൻ, ഫ്രഞ്ച്, ജർമ്മൻ, ഇംഗ്ലീഷ്, ഡച്ചു്, സ്പാനിഷ്, പോർത്തുഗീസ് എന്നീ ഭാഷകളിൽ മാറിമാറി സംസാരിക്കുകയുണ്ടായി. വൈദ്യശാസ്ത്ര ചരിത്രത്തെപ്പററി ചർച്ചചെയ്യുന്ന ഒരു കോൺഫറൻസിൽ സംബന്ധിക്കുന്ന പ്രതിനിധികൾക്കു തിരുമേനി ഇന്നു അഭിമുഖദർശനം അനുവദിക്കുവാനും ഒരു പ്രസംഗം ചെയ്യുവാനും ഉദ്ദേശിച്ചിരുന്നതാണു്.

## കൃതജ്ഞത

വിശുദ്ധ പത്താംപീയൂസ് മാർപ്പാപ്പായുടെ സഹായത്താൽ എൻെറ സുഖക്കേടു് മാറിയതിനു് കൃതജ്ഞത. താമസിച്ചതിൽ ക്ഷമാപണം.

എന്നു് P. V. M., Vyttila

## ഏജൻസി അറിയിപ്പു്

വായ്പൂരു് സത്യദീപം ഏജൻസി ശ്രീ എം. ജെ ചാക്കോ മേലേക്കൂടപ്പാട്ടു് അവർകൾ തൽസ്ഥാനത്തുനിന്നും മാറണമെന്നുദ്ദേശിക്കുന്നതിനാൽ പകരം ഏജൻസി ഏറെറടുത്തു നടത്തുന്നതിനു് ആളെ ആവശ്യമുണ്ടു്.

മാനേജർ, സത്യദീപം



മിസ്സ് ടി. കെ. കുഞ്ഞേലൃാ ബി. എ. ബി. എൽ.
ഒന്നാമത്തെ കത്തോലിക്കാ വനിതാ മുൻസിഫ്.

എറണാകുളത്തു ഒരു അഡ്വൊക്കേററായി പ്രാക്ടീസ് ആരംഭിച്ച മിസ്സ് ടി. കെ. കുഞ്ഞേലൃാ കൊച്ചി സർവ്വീസിൽ മജിസ്ട്രേട്ടായും ഹൈക്കോടതി ഡെപ്യൂട്ടി രജിസ്ട്രാരായും ഉദ്യോഗങ്ങൾ വഹിച്ചിട്ടുണ്ടു്. തിരുക്കൊച്ചി സർവ്വീസിൽ അവർ ഹൈക്കോടതി മാനേജർ ഉദ്യോഗത്തിലായിരുന്നു. ഇപ്പോൾ ആലപ്പുഴ അഡിഷനൽ മുൻസിഫായി നിയമിതയായിരിക്കുന്ന അവർ കത്തോലിക്കരിൽനിന്നു ആസ്ഥാനത്തേക്കു ആദ്യമായി നിയമിക്കപ്പെടുന്ന ഒരു വനിതയാണു്. പുതിയ ഉദ്യോഗത്തിൽ വിജയം ആശംസിച്ചുകൊള്ളുന്നു.

## അടുത്തയാഴ്ചയിൽ

സെപ്റ്റംബർ
23 വ്യാ: ലീനോസ്
24 വെ: മനോഗുണമാതാവു്
25 ശ: ലൗറന്തിയോസ് യുസ്തീനി
26 ഞാ: പന്തക്കുസ്ത 16-ാം ഞായർ
27 തി: കോസ്മോസും ദമിയാനോസും
28 ചൊ: വെഞ്ചെസ്ലാവോസ്
29 ബു: മിഖായേൽ

## ഞാൻ കണ്ട പുലിയൂർ

(9-ാംപേജ് തുടർച്ച)

ചില വീട്ടുകളിൽപോയി പുനരൈക്യത്തിന്റെ ആവശ്യകതയെപ്പററിയും മററും സംസാരിക്കേണ്ടിവന്നു. അന്നു ധ്യാനത്തിനുവരാമെന്നു പല യാക്കോബായക്കാരും സമ്മതിച്ചു കുറെപ്പേർ വന്നു. ചിലർ പുനരൈക്യപ്പെട്ടു.

അടുത്തദിവസം ഞായറാഴ്ചയാണ്. ധ്യാനഗുരുവാണ് അന്നത്തെ ബലിയർപ്പിക്കുന്നത്. വെളുക്കുന്നതിനുമുമ്പ് അവിടെ തടിച്ചുകൂടി ഒരു വമ്പിച്ച ജനാവലി. പുനരൈക്യപ്പെടാനുള്ളവരും കുർബാന കാണാൻമാത്രം വന്നവരുമായ അനേകം യാക്കോബായക്കാരുമുണ്ടായിരുന്നു. പ്രഭാതപ്രാർത്ഥനയും കൊന്തജപവും കൂട്ടത്തിലെ ഒരു പ്രമാണിതന്നെയാണു ചൊല്ലിക്കൊടുത്തതു്. ഇവരുടെ ശുഷ്കാന്തിയും ചൈതന്യവും പ്രാർത്ഥനയിലും പ്രകടിതമായിരുന്നു. "ദൈവകരം അവിടെ പ്രവർത്തിക്കുന്നുണ്ടെ"ന്നു ചുററുമുള്ള അകത്തോലിക്കർപോലും പറയത്തക്കവണ്ണമാണ് പുലിയൂരിന്റെ അഭിവൃദ്ധി

പ്രഥമ ദിവ്യകാരുണ്യസ്വീകരണത്തിന് കുട്ടികളെ ഒരുക്കുന്നതിനായി ചില അൽമായപ്രേഷിതവനിതകൾ കുറെദിവസം മുമ്പുമുതലെ ഊണും ഉറക്കവുമൊഴിച്ച് പ്രയത്നിച്ചിരുന്നു. പ്രായമുള്ളവർക്കുവേണ്ടി ധ്യാനഗുരുവുമുണ്ടായിരുന്നു. അതിനാൽ എന്റെ ആവശ്യം വലുതായി ഉണ്ടായിരുന്നില്ല. അങ്ങനെ ഞാൻ രക്ഷപെട്ടു.

അന്നത്തെ ചടങ്ങുകളെല്ലാം മംഗളമായി അവസാനിച്ചു. പക്ഷെ, അവരുടെ ചൈതന്യവും ശുഷ്കാന്തിയും അവസാനിച്ചില്ല. വൈദികരുടെ വിരളതനിമിത്തം എല്ലാ ഞായറാഴ്ചയും വി. കുർബാന അവിടെ ചൊല്ലാൻ സാധിക്കുന്നില്ലെങ്കിലും മാസത്തിൽ ഒന്നും രണ്ടും പ്രാവശ്യം ആ ചെറുഭവനത്തിലുള്ള അൾത്താരയിൽ ഈശോ എഴുന്നെള്ളിവരുന്നുണ്ട്. പക്ഷെ അവർ എല്ലാ ഞായറാഴ്ച മാത്രമല്ല, എല്ലാദിവസവും വൈകിട്ട് ആ ചെറുഭവനദേവാലയത്തിൽകൂടി കൂട്ടപ്രാർത്ഥന നടത്തുക പതിവുണ്ട്. ബന്ധത്തിൽ പെട്ടവരും അയൽക്കാരുമായവരുടെ പുനരൈക്യത്തിനുവേണ്ടി അവർ പ്രാർത്ഥിക്കുന്നു. ദിനംദിനം അനേകർ സത്യസഭയിലേക്കാനയിക്കപ്പെടുന്നുണ്ട്. ഇപ്പോൾ ഏകദേശം 63 വീട്ടുകാർ പുനരൈക്യപ്പെട്ടുകഴിഞ്ഞു. അതായതു് 300-ൽപ്പരം വ്യക്തികൾ. ഇനിയും അനേകരുണ്ട് ചേരാൻ ആഗ്രഹിക്കുന്നവർ. പക്ഷെ, പ്രതികൂലസാഹചര്യങ്ങളാണ് മാർഗ്ഗതടസ്സമായി നില്ക്കുന്നതു്. തന്നെയുമല്ല, മിഷൻജോലിക്ക് ആവശ്യത്തിനുള്ള ആളില്ല. "പ്രസംഗിക്കാതെ അവർ എങ്ങനെ കേൾക്കും."

കത്തോലിക്കാസാഹിത്യങ്ങൾ വഴി അവരെ സത്യപാതയിലേക്കു കൊണ്ടുവരാൻ സാധിക്കും. ഉദാരമനസ്കരും സുഹൃത്തുക്കളും സഹോദരസ്നേഹിതരുമായ മാന്യവായനക്കാർ, സത്യമറിയാതെ അലഞ്ഞുതിരിയുന്ന നമ്മുടെ സഹോദരങ്ങൾക്കു് സത്യദീപമോ മററു വല്ല കത്തോലിക്കാമാസികകളോ അയച്ചുകൊടുത്തു സഹായിക്കുമെന്നു പ്രതീക്ഷിക്കുന്നു.

## ഉപകാരസ്മരണ



വിവിധ അപകടങ്ങളിൽനിന്നു മുക്തിലഭിച്ചതിനു കൃതജ്ഞത. താമസിച്ചതിനു ക്ഷമാപണം.

V. M. V.
Mookkannoor


## ചരമവാർത്തകൾ

**കാട്ടുകുററി:** ഈ ഇടവക റവ. ഫാദർ തോമസ് വട്ടോലി അവർകൾ സെപ്റ്റംബർ 13-ാം തീയതി കാലത്തു എറണാകുളം ജനറലാശുപത്രിയിൽവച്ചു കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. താന്നിപ്പുഴ പള്ളിയുടെ വികാരിയായി ജോലിനോക്കിയിരുന്ന അദ്ദേഹം ദിവ്യബലിയുടെ അവസരത്തിൽ പെട്ടെന്നു ബോധരഹിതനായി വീഴുകയും അതേത്തുടർന്നുണ്ടായ ആലസ്യം ഈ അത്യാഹിതത്തിൽ കലാശിക്കുകയുമാണുണ്ടായതു്. മൃതശരീരം ഉടനെതന്നെ എറണാകുളം അതിമെത്രാസനപ്പള്ളിയിൽ കൊണ്ടുവന്നുവച്ചു ഒപ്പീസ് മുതലായ കർമ്മങ്ങൾ നടത്തുകയും അനന്തരം അദ്ദേഹത്തിന്റെ സ്വന്തം ഇടവകയായ കാട്ടുകുററിയിലേക്കു കൊണ്ടുപോരുകയുംചെയ്തു. 14-ാം തീയതി കാലത്തു മൃതശരീരം പരേതന്റെ സഹോദരപുത്രൻ റവ. ഫാ. പൗലോസ് വട്ടോലി ബി. എ. ബി. ടി. അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ ആഡംബരപൂർവ്വം ഇടവകപ്പള്ളിയിലേക്കു കൊണ്ടുപോകപ്പെട്ടു. അനന്തരം വെരി റവ. ഫാദർ ജോർജ് കവലക്കാട്ട് അവർകൾ റാസ ചൊല്ലി. വെരി റവ. മോൺ. കൊറയാ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ തുടർന്നു ലത്തീൻ റീതിൽ ഒപ്പീസ് കർമ്മം നിർവ്വഹിക്കപ്പെട്ടു. റവ. ഫാദർ തോമസ് മുത്തേടൻ എം. എ. ഡി. ഡി. യാണ് ചരമപ്രഭാഷണം നടത്തിയതു്. പരേതന്റെ ലളിതവും എന്നാൽ സംഭവബഹുലവും സ്വാർത്ഥരഹിതവുമായ പ്രവർത്തനങ്ങളെ അദ്ദേഹം അനുസ്മരിച്ചു. തുടർന്നു റവ. ഫാദർ പൗലോസ് വട്ടോലി അവർകളുടെ പ്രധാന കാർമ്മികത്വത്തിലും 25-ൽപരം ബ. വൈദികരുടേയും വലിയ ഒരു ജനക്കൂട്ടത്തിന്റേയും സഹകരണത്തിലും സംസ്കാരകർമ്മങ്ങൾ നടന്നു. അദ്ദേഹത്തിന്റെ പ്രവർത്തനരംഗങ്ങളായ ഇടവകകളിൽനിന്നും ദർശനസമൂഹങ്ങളും ഇടവകപ്രതിനിധികളും പ്രസ്തുത കർമ്മങ്ങളിൽ സന്നിഹിതരായിരുന്നു.

**കല്ലൂർ:** ക നി. മൂ. സ. ബ. അബുന്തിയോസച്ചന്റെ മാതൃസഹോദരിയായ പിച്ചാപ്പിള്ളിൽ ഔസേപ്പു ഭാര്യ ത്രേസ്യാ സെപ്റ്റംബർ 9 ാംനു 83-ാമത്തെ വയസ്സിൽ അന്തിമക്കൂദാശകളെല്ലാം കൈക്കൊണ്ടു് കർത്താവിൽ നിദ്രപ്രാപിച്ചു പിറേറദിവസം സാഘോഷം കല്ലൂർപള്ളി സിമിത്തേരിയിൽ യഥാവിധി സംസ്കരിക്കയും ചെയ്തു.

**പള്ളിപ്പുറം:** സ്ഥലത്തെ ഓന്തിരിക്കൽ ശ്രീ ഉലഹന്നൻ മുതൽപേരുടെ മാതാവു് ശ്രീമതി മറിയം സെപ്റ്റംബർ 9-ാംനു-വ്യാഴാഴ്ച 76-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു പിറേറദിവസം പരേതയുടെ ഭർതൃസഹോദരീപുത്രൻ റവ. ഫാ. ആൻസലം ടി. ഒ. സി. ഡി യുടെ പ്രധാന കാർമ്മികത്വത്തിലും, അനേകം വൈദികരുടേയും ഒരു വമ്പിച്ച ജനാവലിയുടേയും സാന്നിദ്ധ്യത്തിലും സ്ഥലം ഫൊ. പള്ളി സിമിത്തേരിയിൽ മൃതദേഹം സംസ്കരിച്ചു. മണപ്പുറം കൊവേന്തയുടെ പ്രിയോർ പെ. ബ. ഡോമിനിക്ക് ടി. ഒ. സി. ഡിയും, റവ. ഫാ. ജോസഫ മലമേ

## ഒരു ചരമം



ചെവ്വര പള്ളി ഇടവക പുതുശ്ശേരി ശ്രീ ചെറിയതു ചാക്കു വാർദ്ധക്യസഹജമായ സുഖക്കേടുകൾ നിമിത്തം സെപ്റ്റംബർ 16-ാംതീയതി രാവിലെ 78-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. 17-ാം തീയതി രാവിലെ 9 മണിക്കു ശവസംസ്കാരകർമ്മങ്ങൾ റൈററ് റവ. മോൺ. ജോർജ് വല്യാറമ്പത്തു അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ സമാരംഭിച്ചു. എറണാകുളം അതിരൂപതാ ചാൻസലർ വെരി. റവ. മോൺ. വറുഗീസ് പുതുശ്ശേരി എം. എ, മലബാർ മെയിൽ പത്രാധിപർ റവ. ഫാദർ തോമ്മസ് വെളുത്തേടത്തു് തുടങ്ങി പ്രശസ്തരായ പല ബ. വൈദികരുടെയും പൗരമുഖ്യന്മാരുടെയും വമ്പിച്ച ഒരു ജനാവലിയുടെയും സഹകരണത്തിൽ സംസ്കാരകർമ്മങ്ങൾ യഥാവിധി നിർവഹിക്കപ്പെട്ടു. റവ. ഫാദർ വെളുത്തേടത്തു് അവർകൾ ചരമപ്രഭാഷണം നടത്തി. ശവം പള്ളിയിൽവച്ചു പരേതന്റെ സഹോദരീപുത്രനായ റവ ഫാദർ ജോസഫ് വീതയത്തിൽ അവർകളുടെ പ്രധാന കാർമ്മികത്വത്തിൽ റാസ നടത്തപ്പെട്ടു അനന്തരം മോൺ. വല്യാറമ്പത്തു അവർകളുടെ കാർമ്മികത്വത്തിൽ അന്ത്യശുശ്രൂഷകൾ നടന്നു. സംസ്കാരാനന്തരം സാധുക്കൾക്കു ധനദാനവും അന്നദാനവും ഉണ്ടായിരുന്നു. പരേതന്റെ ആത്മാവിനു നിത്യശാന്തി നേരുകയും ബന്ധുമിത്രാദികളെ അനുശോചിക്കുകയും ചെയ്തുകൊള്ളുന്നു.

R. I. P.

നീരിറക്കം, ഏങ്ങൽ, വാതം ഈ രോഗങ്ങളാൽ നിരാശരായികഴിയുന്നവർ **ശചാസാനന്ദരസായനവും അമൃതതൈലവും** ഉപയോഗിക്കുക. ഫലപ്രദങ്ങളായ എല്ലാ ആയുർവ്വേദ ഔഷധങ്ങളും തയ്യാറുള്ളതാകുന്നു.

കത്തുകൾ താഴെ കാണുന്ന വിലാസത്തിൽ:—
കെ. കെ. പാവുണ്ണി വൈദ്യൻ, കാളൻ ആയുർവ്വേദ ഔഷധശാല P. O. നെല്ലായി. ബ്രാഞ്ചുകൾ:- ചാലക്കുടി, ഇരിങ്ങാലക്കുട, പുതുക്കാട്ട്, ആലപ്പുഴ, ഞാറക്കൽ, ചങ്ങനാശേരി.

## സംഭവകഥകൾ

(റവ. ഫാ. ജേക്കബ് കല്ലറയ്ക്കൽ)

### "തൊഴുത്തിനേക്കാൾ കഷ്ടം!"

അന്നൊരിക്കൽ ഹഡ്സൺ നദീതീരത്തു് രാജോചിതമായി നിലകൊള്ളുന്ന ഒരു മണിമന്ദിരത്തിൽ അതിഥിയായി താമസിക്കുകയായിരുന്നു ഒരു കത്തോലിക്കായുവതി. ഞായറാഴ്ചയായിരുന്നു അന്നു്. അടുത്തു കത്തോലിക്കാ ദേവാലയം എവിടെയാണെന്നു് അവൾ ആരാഞ്ഞു. പ്രൊട്ടസ്റ്റന്റുകാരിയായ ആതിഥേയ പറഞ്ഞു: "മൂന്നു മൈലകലെ തൊഴുത്തിനേക്കാൾ കഷ്ടമായ ഒരു കപ്പേളയുണ്ടു്. അവിടെ പോകാതിരിക്കയാണു ഭേദം." യുവതി ഇതു കേട്ടു് "ആഹാ! അങ്ങിനെയാണോ? എന്നാൽ അവിടെത്തന്നെയാണല്ലോ ഞാൻ പോകേണ്ടതു്. എന്തുകൊണ്ടെന്നാൽ ഞാൻ ഉൾപ്പെടുന്ന മതം ആരംഭിച്ചതു് ഒരു തൊഴുത്തിലാണു്. അതു് അവസാനിക്കുന്നതു് ഒരു തൊഴുത്തിൽത്തന്നെയെന്നതിൽ എനിക്കു ഖേദമില്ല."

* * *

### "ഈശോ ഇല്ലാത്തിടത്തു നമുക്കു പോകണ്ട"

പ്രസാദവരത്താൽ കത്തോലിക്കാസഭയിലേക്കു് ആകർഷണം തോന്നിത്തുടങ്ങിയിരുന്ന ഒരു അകത്തോലിക്കൻ തന്റെ അഞ്ചു വയസ്സു പ്രായമായ മകളോടുകൂടി ലണ്ടൻ സന്ദർശിക്കുകയായിരുന്നു. തെരുവീഥികളിൽക്കൂടി നടന്നു അവർ ഒരു കത്തോലിക്കാദേവാലയത്തിൽ ചെന്നുകയറി. അവിടെ കത്തിജ്ജ്വലിച്ചുകൊണ്ടിരുന്ന കെടാവിളക്കിൽ കുട്ടിയുടെ ശ്രദ്ധ പതിഞ്ഞു. "എന്തിനാണപ്പാ ആ വിളക്കവിടെ കത്തിക്കൊണ്ടിരിക്കുന്നതു്?" കുട്ടികൗതുകപൂർവ്വം ആരാഞ്ഞു. ഈശോ അവിടെ സക്രാരിക്കുള്ളിൽ എഴുന്നെള്ളിയിരിക്കുന്നു. അതു ആളുകളെ അറിയിക്കാനാണു് കെടാവിളക്കെന്നു് അദ്ദേഹം പറഞ്ഞു. "അങ്ങിനെയാണോ, എന്നാൽ എനിക്കു ഈശോയെ കാണണം" എന്നായി ബാലിക. "മകളെ, സക്രാരിവാതിൽ അടച്ചിരിക്കുകയാണു്. തുറക്കുകയാണെങ്കിൽത്തന്നെ നിനക്കു് അവിടുത്തെ കാണുവാൻ സാധിക്കുകയില്ല—എന്തുകൊണ്ടെന്നാൽ ഒരു വിശുദ്ധ തിരശ്ശീലയ്ക്കുള്ളിൽ അവിടുന്നു മറഞ്ഞിരിക്കുകയാണു്." അവർ അവിടെനിന്നു പുറപ്പെട്ടു ഒരു പ്രൊട്ടസ്റ്റന്റു ദേവാലയത്തിൽ എത്തി. എന്നാൽ അവിടെ കെടാവിളക്കോ സക്രാരിയോ കാൺമാനുണ്ടായിരുന്നില്ല. "ഇവിടെ എന്താണപ്പാ വിളക്കു കാണാത്തതു്?" കുട്ടി ജിജ്ഞാസയോടെ ചോദിച്ചു. "ഇവിടെ ഈശോ ഇല്ലാത്തതുകൊണ്ടു്" പിതാവു് മറുപടി പറഞ്ഞു. "എന്നാൽ നമുക്കു് ഈശോ ഉള്ളിടത്തു പോയാൽമതി." കുട്ടിയുടെ ഈ പ്രസ്താവം അദ്ദേഹത്തിന്റെ മാനസാന്തരത്തെ ത്വരിതപ്പെടുത്തുവാൻ പര്യാപ്തമായിരുന്നു.

—ം—

ലും ചരമപ്രഭാഷണം നടത്തി. ശവസംസ്കാരാനന്തരം അനേകം സാധുക്കൾക്കു് പണവും മൃഷ്ടാന്നഭോജനവും നൽകപ്പെട്ടു.

**കുറുമണ്ണാർ:** ഈ പള്ളി ഇടവക കല്ലറക്കൽ കുടുംബത്തിലെ പാപ്പച്ചൻ (ഫിലിപ്പ) സെപ്റ്റംബർ 10-ാംനു- വെള്ളിയാഴ്ച ഹൃദയസ്തംഭനംമൂലം 34-ാമത്തെ വയസ്സിൽ നിര്യാതനായി. ശവസംസ്കാരം ശനിയാഴ്ച ഉച്ചകഴിഞ്ഞു കുറുമണ്ണുപള്ളിയിൽ പ്രത്യേകം തയാറാക്കിയ കല്ലറയിൽ അനേകായിരം ജനങ്ങളുടേയും പല ബ. വൈദികരുടേയും സാന്നിദ്ധ്യത്തിൽ നിർവ്വഹിക്കപ്പെട്ടു. സാധുക്കൾക്കു അനന്തരം ദാനധർമ്മങ്ങൾ നൽകപ്പെട്ടു.

**തെക്കേമല:** ഈ പള്ളി ഇടവക വട്ടവത്തുകുന്നേൽ മത്തായി തോമ്മാ, മത്തായി ലൂക്കാ എന്നിവരുടെ വത്സലമാതാവു് ഏലി വാർദ്ധക്യസഹജമായ സുഖക്കേടുനിമിത്തം സെപ്റ്റംബർ 10-ാംനു തന്റെ 85-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം ചെരുവന്താനം, തെക്കേമല, കണയങ്കവയൽ, എന്നീ പള്ളികളിലെ ബ. വികാരിമാരുടെ കാർമ്മികത്വത്തിലും ഒരു വമ്പിച്ച ജനാവലിയുടെ സാന്നിദ്ധ്യത്തിലും തെക്കേമലപള്ളി സിമിത്തേരിയിൽ യഥാവിധി നിർവ്വഹിക്കപ്പെട്ടു.

R. I. P.



തിരുസഭാചരിത്രം 45

# സാമ്രാജ്യത്തിനു പുറമെ

## ക്രിസ്തുമതത്തിന്റെ പ്രചാരം

(പ്രഫസർ പി. റ്റി. തോമസ് എം. എ.)

പാരസ്തൃദിക്കിൽ റോമാസാമ്രാജ്യത്തിന്റെ ഏററം പ്രബലരായ ശത്രുക്കൾ പേർഷ്യാക്കാരായിരുന്നു. നാലാം ശതാബ്ദത്തിൽ കാസ്പിയൻ കടലിനും യൂഫ്രററീസ് നദിക്കും ഇടയ്ക്കുകിടക്കുന്ന പ്രദേശങ്ങളും മെസപ്പൊട്ടേമിയായുടെ തെക്കുകിഴക്കേ ഭാഗവും പേർഷ്യയുടെ അധീനത്തിലായി. ഈ പ്രദേശത്ത് മൂന്നാംശതാബ്ദത്തിൽ തന്നെ അനവധി ക്രിസ്ത്യൻസമൂഹങ്ങൾ സ്ഥാപിക്കപ്പെട്ടുകഴിഞ്ഞിരുന്നു. അവയ്ക്കു നല്ല അഭിവൃദ്ധി ഉണ്ടായിക്കൊണ്ടാണിരുന്നത്. സെലൂഷ്യ (Seleucia) യിലെ പ്രഥമ മെത്രാനായ മെയെഷ്സ് (Mares) തന്നെ മുന്നൂറു ദേവാലയങ്ങൾ പണികഴിപ്പിച്ചു എന്നു പറയപ്പെടുന്നു. റോമാചക്രവത്തിമാർ ക്രിസ്ത്യാനികളെ പീഡിപ്പിച്ചിരുന്നിടത്തോളംകാലം പേർഷ്യയിലെ രാജാക്കന്മാർ അവരുടെ പ്രജകളായ ക്രിസ്ത്യാനികളെ ശല്യപ്പെടുത്തിയില്ല. എന്നാൽ കോൺസ്റ്റാൻറീയൂസ് ചക്രവത്തി ബഹുദേവമതത്തെ അമർച്ചചെയ്യുവാൻ ഉദ്യമിച്ചതോടൊപ്പം പേർഷ്യയിൽ ക്രിസ്തുമതത്തിനെതിരായി ഏററം ക്രൂരമായ പീഡനം ആരംഭിച്ചു. പേർഷ്യയിലെ രാജാവായിരുന്ന സാപ്പോർ രണ്ടാമൻ (Sapor II) ക്രിസ്ത്യാനികളോട് സൂര്യനെ ആരാധിക്കുവാൻ ആജ്ഞാപിച്ചു. വിസമ്മതിക്കുന്നവക്ക് മരണശിക്ഷയും വിധിച്ചു. സെലൂഷ്യയിലെ മെത്രാനായ ശിമയോൻ (Simeon) ആണ് ആദ്യം തന്റെ ജീവൻ ബലിയർപ്പിച്ചുകൊണ്ട് വിശ്വാസത്തിനു സാക്ഷ്യം വഹിച്ചത്. നൂറോളം വൈദികരും അദ്ദേഹത്തോടുകൂടി മരണം കൈവരിച്ചു. പിന്നാലെ പ്രായഭേദമോ സ്ഥിതിഭേദമോ കൂടാതെ അനേകായിരം ക്രിസ്ത്യാനികൾ വധിക്കപ്പെട്ടു. പേർഷ്യാക്കാരായ പതിനാറായിരം രക്തസാക്ഷികളുടെ പേരുകൾ രേഖപ്പെടുത്തപ്പെട്ടിട്ടുള്ളതായി ഒരു ഗ്രീക്കു ചരിത്രകാരൻ സാക്ഷ്യം വഹിക്കുന്നു. ഈ മതപീഡനത്തിൽ വിശ്വാസത്യാഗികളായ ക്രിസ്ത്യാനികളെക്കൊണ്ടാണ് വിശ്വാസത്തിൽ സ്ഥിരമായി നിന്നവരെ വധിപ്പിച്ചിരുന്നത്.

ഇസ്ഡെഗേർഡസ് ഒന്നാമന്റെ (Isdegerdes) കാലത്ത് ക്രിസ്ത്യാനികൾ സമാധാനമായി കഴിഞ്ഞുകൂടി. പരസ്യമായി മതകർമ്മങ്ങൾ അനുഷ്ഠിക്കുന്നതിനും നശിപ്പിക്കപ്പെട്ട ദേവാലയങ്ങൾ പുതുക്കിപ്പണിയുന്നതിനും അവരെ അനുവദിച്ചിരുന്നു. സൂസാ (Susa) യിലെ മെത്രാനായിരുന്ന അബ്ദാസ് (Abdas) എ. ഡി. 418-ൽ സൂര്യദേവന്റെ ക്ഷേത്രത്തിനു തീ കൊളുത്തുകയും അതോടെ ക്രിസ്തുമതപീഡനം വീണ്ടും പൊട്ടിപ്പുറപ്പെടുകയുംചെയ്തു. അബ്ദാസും അദ്ദേഹത്തോടുകൂടി അനേകായിരം ക്രിസ്ത്യാനികളും ശിരച്ഛേദം ചെയ്യപ്പെട്ടു. സഭാപീഡകന്മാരിൽ ഏററം ക്രൂരനായിരുന്നു ബഹ്റാം അഞ്ചാമൻ (Bahram V. 420—438) എന്ന രാജാവ്. ക്രിസ്ത്യാനികളെ വാൾകൊണ്ട് അറുത്തുകൊല്ലുകയായിരുന്നു അയാൾ നടപ്പിലാക്കിയ വധസമ്പ്രദായം. സൈന്യാധിപനായിരുന്ന ജേക്കബ് ബേത്-ലപാത് (Jacob Beth-Lapat) രാജാനുകൂല്യം സമ്പാദിക്കുവാൻ വേണ്ടി വിശ്വാസം ഉപേക്ഷിച്ചു കഴിഞ്ഞുകൂടുകയായിരുന്നു. എന്നാൽ ബഹ്റാമിന്റെ മതപീഡനം സമാരംഭിച്ചതോടെ അയാൾ വിശ്വാസത്തിലേക്കു തിരിച്ചുവരികയും താൻ ഒരു ക്രിസ്ത്യാനിയാണെന്ന് പ്രഖ്യാപിക്കയും ചെയ്തു. ബഹ്റാമിന്റെ ആജ്ഞപ്രകാരം അയാളുടെ കൈകാലുകൾ അറുത്തുമുറിക്കുകയും അയാൾ രക്തസാക്ഷിയായി മരിക്കയുംചെയ്തു. പേർഷ്യാക്കാരുടെ "വലിയ രക്തസാക്ഷി" എന്ന പേരിലാണ് അദ്ദേഹം ഇന്നറിയപ്പെടുന്നത്. ബഹ്റാമിന്റെ ഭരണകാലത്ത് നെസ്തോറിയൻ പാഷണ്ഡത പേർഷ്യയിൽ പ്രചരിക്കുകയും പീഡനത്തെ അതിജീവിച്ച ക്രിസ്ത്യാനികൾ കാലക്രമേണ ആ അബദ്ധമാർഗ്ഗത്തെ ആശ്ലേഷിക്കയും ചെയ്തു.

ഇനിയും ആർമേനിയായുടെ മാനസാന്തരത്തെപ്പററി ചുരുക്കത്തിൽ പ്രസ്താവിക്കാം. ആർമേനിയായുടെ അപ്പസ്തോലൻ "ഉദ്ദീപകൻ" (Illuminator) എന്ന അപരനാമത്താൽ അറിയപ്പെടുന്ന വി. ഗ്രിഗറിയാണ്. അദ്ദേഹം ഒരു രാജകുടുംബാംഗമായിരുന്നു. ബാല്യകാലത്ത് സ്വകുടുംബത്തിൽ നടന്ന ഒരു കൂട്ടക്കൊലയിൽനിന്നും രക്ഷനേടിയ ഗ്രിഗറി കപ്പദോച്യയിലെ സിസ്സേറിയായിൽ എത്തിച്ചേർന്ന് അവിടെവച്ച് ക്രിസ്തുമതത്തിൽ അധ്യയനം സ്വീകരിച്ചു. എ. ഡി. 286-ൽ ഗ്രിഗറി സ്വദേശമായ ആർമേനിയായിൽ മടങ്ങിയെത്തി അവിടത്തെ രാജാവായ തിരിഡോറസി (Tiridates III) നേയും പ്രഭുവർഗ്ഗത്തിൽ അധികഭാഗത്തേയും വളരെയധികം ജനങ്ങളേയും മാനസാന്തരപ്പെടുത്തുകയുണ്ടായി. ക്രിസ്തുമതത്തെ ആർമേനിയായിലെ ഔദ്യോഗികമതമായി (State-religion) രാജാവ് വിളംബരം ചെയ്തു. അങ്ങനെ ചരിത്രത്തിലെ പ്രഥമ ക്രിസ്തീയരാഷ്ട്രം (Christian nation) എന്ന ബഹുമതി ആർമേനിയാ കരസ്ഥമാക്കി. അഞ്ചാംശതാബ്ദത്തിൽ ആർമേനിയായുടെ അധികഭാഗവും പേർഷ്യയുടെ ഒരു പ്രവിശ്യയായിത്തീർന്നു. അവിടെ ക്രിസ്തുമതത്തിനു പകരം സൂര്യാരാധന നടപ്പിലാക്കുവാൻവേണ്ടി പേർഷ്യാക്കാർ ചെയ്ത ശ്രമങ്ങളെ ആർമേനിയാക്കാർ ശക്തിയായും വിജയകരമായും എതിർത്തു. നെസ്തോറിയൻ മതത്തിനും അവിടെ പ്രവേശനം ലഭിക്കുകയുണ്ടായില്ല. എന്നാൽ അഞ്ചാം ശതാബ്ദത്തിന്റെ അന്ത്യഘട്ടത്തിൽ ആർമേനിയൻ രാഷ്ട്രം ഒന്നടങ്കം മോണോഫിസൈററ് (Monophysite) പാഷണ്ഡതയിൽ നിപതിക്കുകയാണുണ്ടായത്.

ഇനിയും അബിസീനിയായുടെ മാനസാന്തരത്തെപ്പററിയാണ് പ്രതിപാദിക്കുവാനുള്ളത്. എ ഡി 316 ൽ ഫിനീഷ്യയിലെ ടയർ (Tyre) എന്ന സ്ഥലത്തു ജീവിച്ചിരുന്ന മെറോപിയസ് (Meropius) എന്ന ഒരു ക്രൈസ്തവതത്വജ്ഞാനി ആഫ്രിക്കയുടെ തീരപ്രദേശത്തുകൂടി ഒരു കപ്പൽയാത്ര കഴിച്ചു. നൂതനഭൂവിഭാഗങ്ങളെ സംബന്ധിച്ച് അറിവു സമ്പാദിക്കുക എന്നതായിരുന്നു അയാളുടെ യാത്രോദ്ദേശ്യം. കൂടെ അയാളുടെ ശിഷ്യന്മാരായ ഫ്രൂമെൻഷ്യസ് (Frumentius) എന്നും ഈഡിഷ്യസ് (Aedesius) എന്നും പേരായ രണ്ടു ബാലന്മാരുമുണ്ടായിരുന്നു. അബിസീനിയായുടെ തീരത്തുകൂടി പോകുമ്പോൾ കപ്പൽ കരയ്ക്കുറച്ചു ഒരു കൂട്ടം കാട്ടാളന്മാർ കപ്പലിനെ ആക്രമിക്കയും ബാലന്മാരൊഴിച്ച് ബാക്കി കപ്പലിലുണ്ടായിരുന്നവരെയെല്ലാം വധിക്കയുംചെയ്തു. കുട്ടികളെ അവർ രാജസന്നിധിയിൽ ഹാജരാക്കി. കൊട്ടാരത്തിലുള്ളവർ അവരോട് ദയാപുരസ്സരം പെരുമാറിയെന്നു മാത്രമല്ല അവക്ക് ഉത്തരവാദിത്വമുള്ള സ്ഥാനങ്ങൾ നൽകുകകൂടി ചെയ്തു. ക്രിസ്ത്യാനികളായിരുന്ന ഈ യുവാക്കന്മാർ വിശ്വാസത്തിൽ സ്ഥിരതയും മതാനുഷ്ഠാനത്തിൽ തീക്ഷ്ണതയും പ്രദർശിപ്പിച്ചിരുന്നു. അചിരേണ അവർ കൊട്ടാരം ഉദ്യോഗസ്ഥന്മാരിലും രാജകുടുംബാംഗങ്ങളിലുംനിന്ന് പലരേയും മാനസാന്തരപ്പെടുത്തി. രാജാവിന്റെ മരണശേഷം രാജ്ഞി ഫ്രൂമെൻഷ്യസിനെ രാജ്യത്തിലെ റീജൻറായി നിയമിച്ചു. കുറേക്കൊല്ലങ്ങൾക്കുശേഷം ഈഡിഷ്യസ് ടയറിലേക്കു മടങ്ങിപ്പോരികയും അവിടെവച്ച് ഒരു വൈദികനായിത്തീരുകയുംചെയ്തു. ഈ കാലത്തുതന്നെ (എ. ഡി. 340) ഫ്രൂമെൻഷ്യസ് അബിസീനിയയിലെ ക്രിസ്തുമതത്തിന്റെ ഭാവിയെപ്പററി അലക്സാണ്ഡ്റിയായിലെ വി. അത്തനേഷ്യസിനെകണ്ട് ഉപദേശം വാങ്ങുവാനായി അങ്ങോട്ടേക്കു പോയി. അബിസീനിയായിലേക്ക് ഒരു മെത്രാനെ അയക്കേണ്ടതു് ആവശ്യമാണെന്നു ബോദ്ധ്യമാകയാൽ അത്തനേഷ്യസിന്റെ നിർബന്ധപ്രകാരം ഫ്രൂമെൻഷ്യസ്തന്നെ മെത്രാൻപട്ടവും സ്വീകരിച്ച് അബിസീനിയായുടെ രാജധാനിയായ ആക്സുമിലേക്കു (Axum) മടങ്ങി. രാജാവായ അയിസാന (Aizana) യും പ്രജകളിൽ വളരെപ്പേരും ഫ്രൂമെൻഷ്യസിന്റെ പ്രേഷിതയത്നങ്ങളുടെ ഫലമായി ക്രിസ്തുമതം സ്വീകരിച്ചു. ആരിയൻ പാഷണ്ഡികൾ അയിസാന രാജാവിനെ വശത്താക്കുവാൻ ചെയ്ത പരിശ്രമങ്ങൾ വിഫലമായതേയുള്ളു. ഫ്രൂമെൻഷ്യസ് സത്യവിശ്വാസത്തിൽതന്നെ ജീവിച്ചുമരിച്ചു. തിരുസ്സഭ അദ്ദേഹത്തെ പുണ്യവാനായി വണങ്ങുന്നു. ഫ്രൂമെൻഷ്യസ് മരിച്ച് ഒരു ശതാബ്ദം കഴിഞ്ഞപ്പോഴേക്കും ഈജിപ്ത് മുഴുവൻ മോണോഫിസൈററ് പാഷണ്ഡതയ്ക്കു കീഴടങ്ങി. അതോടുകൂടി അബിസീനിയാക്കാരും ആ പാഷണ്ഡതയെ ആശ്ലേഷിച്ചു. കാലാന്തരത്തിൽ അബിസീനിയരുടെ മതം പല പരിവത്തനങ്ങൾക്കു വിധേയമായിത്തീരുകയുണ്ടായി. ഇന്ന് അതു ക്രിസ്തുമതം, യഹൂദമതം, ബഹുദേവമതം, ഇസ്ലാം എന്നിവയെല്ലാം കൂടിച്ചേർന്നുള്ള ഒരു സങ്കരമതമായി അവശേഷിക്കുന്നു.

# ഞാൻ കണ്ട പുലിയൂർ

(അവിരാച്ചൻ)

അന്നൊരിക്കൽ എനിക്കൊരു ക്ഷണക്കത്തുകിട്ടി അതിലെ ഉള്ളടക്കം, മദ്ധ്യവേനൽ അവധികിട്ടുമ്പോൾ അവിടത്തെ മിഷനറി വൈദികനെ ഞാൻ ചെന്ന് അല്പമൊന്നു സഹായിച്ചുകൊടുക്കണം എന്നതായിരുന്നു. ഞാൻ എന്തു സഹായിക്കാനാണ് ഒരു വൈദികനെ? എനിക്കെന്തറിയാം? എങ്കിലും, ആ മിഷനറിക്ക് തൃപ്തികരമായ ഒരു മറുപടി ഞാൻ എഴുതി.

എഴുത്തുകുത്തുകൾ കുറെനാളത്തേക്ക് ഞങ്ങൾ മുറയ്ക്കു തുടന്നുകൊണ്ടിരുന്നു. ആ എഴുത്തുകൾ എല്ലാംതന്നെ എനിക്കു പ്രോത്സാഹജനകങ്ങൾതന്നെ ആയിരുന്നു. മദ്ധ്യവേനൽ അവധി അടുക്കാറായി. മിഷനറിയുടെ ആ ക്ഷണം എന്റെ മുമ്പിൽ എപ്പോഴും പൊന്തിവരികയാണ്..... "ആദ്യകർബാന കൈക്കൊള്ളലിനു കുട്ടികളെ ഒരുക്കണം...... ചിലപ്പോൾ അവക്കു ഒരു ചെറുധ്യാനം നടത്തേണ്ടിവരും......" ഇങ്ങനെയെല്ലാം പോയി എന്റെ ചിന്തകൾ. വേറൊരെഴുത്തിൽ കണ്ടു പ്രായമുള്ളവരും ആദ്യകർബാന കൈക്കൊള്ളലിനുണ്ടെന്ന്. അവരെ ഞാനെന്തു ചെയ്യാനാണ്. അതും അവരുടെ കൊച്ചുമകന്റെ വിതം പ്രായമുള്ള ഞാൻ. ഏതായാലും വരട്ടെ!

അവധിക്കാലം സുഖമായി ഞാൻ വീട്ടിൽ കഴിച്ചുകൂട്ടുകയാണ്. പക്ഷെ, എന്റെ ക്ഷണത്തീയതി ഞാൻ ഡയറിയിൽ കുറിച്ചിട്ടുണ്ടായിരുന്നു. തലേദിവസംതന്നെ ക്ഷണമനുസരിച്ച് എന്റെ കൊച്ചുമിഷൻജോലിക്കായി ഒരു ചെറിയ ബാഗും അതിനകത്തു ഒരു ജോടി ഡ്രസ്സും എന്റെ കൊച്ചുകുടയുമെടുത്തു പോകയാണ് ബസ്സ്സ്റ്റാൻറിലേക്ക്. എന്റെ ഇളയസഹോദരി പുറകെ ഓടിവന്നു ചോദിച്ചു: "അച്ചാച്ചൻ എവിടെ പോവാ?"

"മിഷനു പോവ്വാ"

"എന്നെക്കൂടെ കൊണ്ടുപോമോ?"

"മോളു പൊയ്ക്കോ വീട്ടിൽ. ഇനിയും പോകുമ്പം കൊണ്ടുപോം"

* * *

"ഈശോമിശിഹായ്ക്കു സ്തുതിയായിരിക്കട്ടെ." ഞാൻ സ്തുതി ചൊല്ലി. "എന്താ ഇത്ര താമസിച്ചതു്? ഏറെ സമയമായി ഞാൻ ഈ ബസ്സ്സ്റ്റാൻറിൽ നിൽക്കാൻ തുടങ്ങിയിട്ട്." മിഷനറിവൈദികന്റെ സ്നേഹാന്വേഷണങ്ങൾ. ഞങ്ങൾ രണ്ടുപേരുംകൂടി മിഷനറിയുടെ വസതിയിലേക്കു പോയി. ഊണുകഴിഞ്ഞു മിഷൻ സന്ദർശനത്തിനായി രണ്ടുമൈലകലെയുള്ള "പുലിയൂർ" എന്ന സ്ഥലത്തേക്കു അദ്ദേഹം എന്നെ കൂട്ടിക്കൊണ്ടുപോയി. ഞാൻ ആദ്യമായിട്ടാണ് മിഷൻ പ്രവത്തനങ്ങൾ കാണാൻ പോകുന്നത്.

സാമാന്യം മെച്ചമായ ഒരു വീട്. ആളുകൾ വരാന്തയിലും മുററത്തും പരിസരങ്ങളിലുമായി തിങ്ങിക്കൂടി നില്ക്കുന്നു. എന്നും വൈകിട്ട് ധ്യാനപ്രസംഗം കേൾക്കാൻ വരുന്നവരാണ് അവരെന്നു എനിക്കു മനസ്സിലായി. വരാന്തയുടെ ഒരു കോണിൽ ധ്യാനഗുരു ഇരുന്നു് ആദ്യകർബാന കൈക്കൊള്ളുവാനുള്ളവരുടെ കുമ്പസാരം കേൾക്കുകയാണ്. വൃദ്ധന്മാരും വൃദ്ധകളും കുഞ്ഞുങ്ങളുമുണ്ട് ഈ കൂട്ടത്തിൽ. ഇവർ ആരാണെന്നോ? അടുത്തകാലത്ത് യാക്കോബായസഭയിൽനിന്നും മാർത്തോമ്മാസഭയിൽനിന്നും കത്തോലിക്കാസഭയിലേക്കു പുനരൈക്യപ്പെട്ടവർ.

സന്ധ്യയായി. എല്ലാവരും ഒന്നിച്ചുകൂടി പ്രാർത്ഥനയ്ക്കു്. എത്ര തീക്ഷ്ണതയോടുകൂടിയാണ് അവരുടെ പ്രാർത്ഥന! ഓരോ വാക്കും നിർത്തിനിർത്തി സ്ഫുടമായിട്ടും ഏകാഗ്രതയോടുകൂടിയുമാണ് ഉരുവിടുന്നത്. അവരുടെ ഭക്തിദ്യോതകമായ പ്രാർത്ഥനയിൽ എനിക്കു എന്തെന്നില്ലാത്ത പ്രസരിപ്പുണ്ടായി. പതിവുപോലെ അവസാന ദിനമായ അന്നും ഏഴുമണിക്ക് ധ്യാനം തുടങ്ങി.

പുനരൈക്യപ്പെട്ടവർ മററുള്ളവരെ പുനരൈക്യപ്പെടുത്തുവാൻ സഹിക്കുന്ന കഷ്ടപ്പാടും ത്യാഗവും ചില്ലറയല്ല. പരിശുദ്ധാത്മാവ് അവരിൽ ഒരു പരിവത്തനംതന്നെ നടത്തി. എത്ര വീടുകൾ അവർ കയറിയിറങ്ങിയെന്നോ, ആത്മാക്കളെത്തേടി. എനിക്കും

(ശേഷം 8-ാംപേജിൽ)

## ഏതിനുമൊരു പ്ലാൻവേണം

ഭാവിയിലേക്കു പണം കരുതുവാൻ എല്ലാവക്കും ആഗ്രഹമുണ്ട്
പക്ഷേ, പലക്കും അതു സാധിക്കുന്നില്ലാ.
നിശ്ചിതപ്ലാനോടുകൂടി ആവിഷ്കരിച്ചിട്ടുള്ള മിച്ചനിക്ഷേപപദ്ധതികളുടെ
അഭാവമാണ് അതിനു കാരണം.

ഇതാ ഞങ്ങളൊരു പ്ലാൻ സംവിധാനം ചെയ്തിരിക്കുന്നു.

ഇതു് നിങ്ങളുടെ വരവിനനുസരണമായും ഭാവി ആവശ്യങ്ങൾക്കുതകത്തക്കവിധത്തിലുമാണു പ്ലാൻ ചെയ്തിട്ടുള്ളതു്.

— അതാണ് —

### "ഫെഡറൽ മിച്ചനിക്ഷേപപദ്ധതി"

10ക. വീതം 46 മാസം ആകെ 460ക. അടയ്ക്കുമ്പോൾ അതു്
**500 ഉറപ്പികയായി വർദ്ധിക്കുന്നു.**

5ക. യിൽ കുറയാത്ത ഏതു സംഖ്യകൊണ്ടും ഈ പദ്ധതിയിൽ ചേരാവുന്നതാണ്.
കൂടുതൽ വിവരങ്ങൾക്ക്:

### ദി ഫെഡറൽ ബാങ്ക് ക്ലിപ്തം

H. O. ആലുവാ

ബ്രാഞ്ചുകൾ: എറണാകുളം, അങ്കമാലി, പെരുമ്പാവൂർ, ചാലക്കുടി.

(11-ാംപേജ് തുടർച്ച)

ത്തു: "പുഷ്കിൻെറ സാഹിത്യം ഉതവിട്ടുകൊണ്ട് അനങ്ങാതെ അവിടെ കിടന്നോളു"

അദ്ദേഹം ദുസ്സഹമായ വേദന കൊണ്ടു പിടഞ്ഞു കൈകാലുകൾ അനക്കിയപ്പോൾ അവയെ തുകൽവാറുകളിട്ടു മേശയോടു മുറുകെ വരിഞ്ഞുകെട്ടാൻ നഴ്സുമാരോടാജ്ഞാപിച്ചു. അങ്ങനെ ഒരുവിധത്തിൽ ശസ്ത്രക്രിയകഴിഞ്ഞു പിന്നെ മുറിവുകൾ സുഖപ്പെടുന്നതിനായി അദ്ദേഹം കുറെ ദിവസം കൂടി ആസ്പത്രിയിൽ കിടന്നു. അതിനിടയിൽ നേരം പോക്കാൻ വേണ്ടി അദ്ദേഹത്തിൻെറ ചില സുഹൃത്തുക്കൾ അമേരിക്കയിലെ വസ്ത്രധാരണരീതികളുടെ ചിത്രങ്ങളടങ്ങിയ ചില മാസികകൾ കൊണ്ടുചെന്നുകൊടുത്തു. അദ്ദേഹത്തിൻെറ രോഗശയ്യയ്ക്കരികിൽ വച്ചിരുന്ന ചെറുമേശമേൽ ആ ചിത്രമാസികകൾ കിടക്കുന്നതു കണ്ട് ആ ആസ്പത്രിയിലെ നെഴ്സുകൾ ഓടിക്കൂടി. അദ്ദേഹത്തോടനുവാദം ചോദിച്ചശേഷം അവർ ആ മാസികകൾ എടുത്തു ആർത്തിയോടെ തിരിച്ചും മറിച്ചും നോക്കി അത്ഭുതം കൂറുന്നതു കാണേണ്ട ഒരു കാഴ്ചയായിരുന്നു.

## For favours received

through the intercession of St. Jude

Inserted by Mrs. M. P. Mathew, Alwaye

മോസ്കോവിലെ വിദേശസ്ഥാനപതികൾ ചിലപ്പോൾ തങ്ങൾക്കോ തങ്ങളുടെ ഭൃത്യവൃന്ദത്തിൽപ്പെട്ട ആർക്കെങ്കിലുമോ സുഖക്കേടു പിടിപെടുമ്പോൾ റഷ്യൻഡോക്ടർമാരെ വിളിക്കാറുണ്ട്. അവരുടെ രോഗനിർണ്ണയം ശരിയായിരിക്കും. പക്ഷേ അവർ കുറിച്ചുകൊടുക്കുന്ന മരുന്നുകൾ വാങ്ങാൻ മരുന്നുശാലകളിൽ പലപ്പോഴും കിട്ടുകയില്ലെന്നുമാത്രം. റഷ്യൻഔഷധവില്പനശാലകളുടെ ഔഷധദാരിദ്ര്യം അത്ര കഷ്ടിയാണ്.

* * *

### ക്ലബ്ബിൻെറ സ്തുത്യർഹസേവനം

ഇപ്പറപ്പോലെ വായിക്കുവാൻ രസമുള്ളതും അറിയാൻ കൗതുകമുള്ളതുമായ കാഴ്ചകളും അനുഭവങ്ങളുമാണ് ഈ ഗ്രന്ഥത്തിൽ ആദ്യന്തം അടങ്ങിയിരിക്കുന്നത് അവയുടെ വിശ്വാസ്യത ചോദ്യം ചെയ്യുവാൻ ആർക്കാണ് സാധിക്കുക? ആകയാൽ കമ്മ്യൂണിസ്റ്റ് ഭരണം വന്നാൽ പൗരന്മാർ അടിമുതൽ മുടിവരെ അനുഭവിക്കേണ്ടിവരുന്ന അസ്വാതന്ത്ര്യങ്ങളും ദുരിതങ്ങളും ശരിക്കു മനസ്സിലാക്കുവാൻ ഈ ഗ്രന്ഥം ഏറ്റവും സഹായകമായിരിക്കും. വള്ളത്തോൾ കണ്ട റഷ്യ, മിൻസെന്തി, അണ്ടർഗ്രൗണ്ട്, സ്വാതന്ത്ര്യത്തിൻെറ ചേരിയിൽ (ഒന്നും രണ്ടും ഭാഗങ്ങൾ), വിപ്ലവച്ചുഴിയിൽ, ഇതാണു എൻെറ കഥ, എൻെറ ത്രിവിധജീവിതം (ഒന്നും രണ്ടും ഭാഗങ്ങൾ), എന്നീ ഗ്രന്ഥങ്ങൾ പ്രസ്തുത ക്ലബ്ബ് ഇതിനു മുമ്പു് പ്രസിദ്ധം ചെയ്തുവയിലപ്പെട്ടതാണല്ലോ. ഈ ഗ്രന്ഥങ്ങൾ ഓരോന്നും കമ്മ്യൂണിസവും കമ്മ്യൂണിസ്റ്റ്ഭരണവും ആരേയും തുറന്നു കാണിക്കാൻ പര്യാപ്തങ്ങളാണ്. കമ്മ്യൂണിസത്തെ തടയുവാൻ ക്ലബ്ബ് ചെയ്യുന്ന ഈ സേവനം ഏറ്റവും അഭിനന്ദനാർഹം തന്നെ. കമ്മ്യൂണിസത്തെ ഭയപ്പെടുന്നവർ, ഭയപ്പെടേണ്ടവർ എങ്കിലും ഈ ഗ്രന്ഥങ്ങൾ വായിക്കുകയും പണവും പരിശ്രമവും ചിലവുചെയ്തു മററുള്ളവരെക്കൊണ്ട് വായിപ്പിക്കുകയും ചെയ്തിരുന്നെങ്കിൽ!

# മരിയവത്സരമഞ്ജരി

## സുമം 30

ക്രിസ്തുവർഷം 64-ൽ റോം അഗ്നിക്കിരയായി. അതിൻെറ പുനരുദ്ധാരണത്തിൽ നീറോ ചക്രവർത്തി അദ്ദേഹത്തിൻെറ താമസത്തിനു അതിമനോഹരമായ ഒരു കൊട്ടാരം പണികഴിപ്പിച്ചു. അതിൻെറ ഭിത്തികളും തട്ടുകളും മററും സ്വർണ്ണത്തകിടുകൾകൊണ്ടു നിർമ്മിച്ചു വൈരക്കല്ലുകൾ പതിച്ചലംകരിച്ചിരുന്നു. ഭക്ഷണശാലയുടെ മേൽത്തട്ടു ദന്തനിർമ്മിതമായിരുന്നു.



ഇടയ്ക്കിടയ്ക്കു അതിഥികളുടെ മേൽ പുഷ്പാർച്ചനത്തിനും ഹാളിൽ പരിമളദ്രവ്യങ്ങൾ പ്രസരിപ്പിക്കുന്നതിനുമുള്ള പ്രത്യേക സജ്ജീകരണങ്ങളും ചെയ്തിരുന്നു. ചക്രവർത്തി ആദ്യമായി ഈ മനോഹരകൊട്ടാരത്തിൽ പ്രവേശിച്ചപ്പോൾ അതിവസംതൃപ്തനായി ഇപ്രകാരം ഉൽഘോഷിച്ചു: "ഇപ്പോൾ എനിക്കു ഒരു യഥാർത്ഥ മനുഷ്യനെപ്പോലെ വസിക്കാം." ഈ കൊട്ടാരം സ്വർണ്ണസദനം എന്നറിയപ്പെട്ടിരുന്നു. പരിശുദ്ധകന്യകമറിയത്തെ നാം സ്വർണ്ണാലയമെന്നഭിസംബോധന ചെയ്യുന്നുണ്ട്. നീറോചക്രവർത്തിയുടെ സ്വർണ്ണസദനത്തിൻെറ പലസ്മരണകളും ഈ നാമശ്രവണത്തിൽ നമ്മുടെ മനസ്സിലുദിക്കുന്നു. പാപമാകുന്ന സംഹാരാഗ്നിയാൽ വെന്തെരിഞ്ഞ ലോകത്തിൽ രക്ഷകനായി അവതരണംചെയ്ത ദൈവപുത്രനു വാസയോഗ്യമായി സൃഷ്ടിക്കപ്പെട്ട ഒരു സ്വർണ്ണാലയംതന്നെയാണ് പരിശുദ്ധകന്യകമറിയം.

### സ്വർണ്ണാലയം

ലോകത്തിൽ ഏററം വിലമതിക്കപ്പെടുന്ന ഒരു വസ്തുവാണ് സ്വർണ്ണം. അതുകൊണ്ടു അതു മഹത്വത്തിൻെറ പര്യായമാണ്. പ്രതാപവാനായ സ്ലേമോൻ ഓർശ്ലേം ദേവാലയം പണികഴിപ്പിച്ചപ്പോൾ അതിൻെറ പ്രധാനഭാഗങ്ങളെല്ലാം സ്വർണ്ണംകൊണ്ടു പൊതിഞ്ഞാണുണ്ടാക്കിയതു് വിശുദ്ധ യോഹന്നാൻ ശ്ലീഹാ തൻെറ വെളിപാടുകളിൽ സ്വർഗ്ഗീയ ഓർശ്ലേമിനെ വർണ്ണിച്ചിരിക്കുന്നതു്, അതു മുഴുവൻ നിർമ്മലമായ സ്വർണ്ണംകൊണ്ടുണ്ടാക്കപ്പെട്ടതാണ് എന്നത്രെ. തെരുവീഥികളിൽപോലും പളുങ്കുപോലെയുള്ള സ്വർണ്ണത്തകിടുകൾ വിരിച്ചിരിക്കുന്നു. തിരുസഭ തിരുകർമ്മങ്ങളിൽ ഉപയോഗിക്കുന്ന തിരുപ്പാത്രങ്ങൾ സ്വർണ്ണനിർമ്മിതമായിരിക്കണമെന്നു നിഷ്കർശിക്കുന്നു. ഇപ്രകാരം ദൈവവും അവിടുത്തെ തിരുസുതനു ഒരു വാസസ്ഥലം സജ്ജീകരിച്ചപ്പോൾ അതു സ്വർണ്ണനിർമ്മിതമായിരിക്കണമെന്നു നിശ്ചയിച്ചു. പക്ഷെ ലോകത്തിൻെറ സ്വർണ്ണം താരതമ്യേന ശോഭയില്ലാത്തതായതുകൊണ്ടു നിത്യം പ്രശോഭിക്കുന്ന സ്വർഗ്ഗീയ സ്വർണ്ണമായിരുന്നു അവിടുന്നതിനുപയോഗിച്ചതു്. സ്വർണ്ണം സ്നേഹത്തിൻെറ ഒരു ചിഹ്നമാണ്. അതുകൊണ്ടു സ്വർഗ്ഗീയസ്വർണ്ണമായ ദൈവസ്നേഹം ആ ആലയനിർമ്മാണത്തിൽ നിർല്ലോഭം ഉപയോഗിക്കപ്പെട്ടു പിതാവിൻെറ സ്നേഹവും പുത്രൻെറ സ്നേഹവും പരിശുദ്ധാരൂപിയുടെ സ്നേഹവുമായിരുന്നു അതിനെ മോടിപിടിപ്പിച്ചതു്. സ്വർണ്ണത്തെ പരിശോധിക്കുന്നതും അതിനെ പരിശുദ്ധമാക്കുന്നതും, അഗ്നിയാണല്ലോ. അവിടെ സ്ഫുടംചെയ്യപ്പെടുമ്പോഴാണു സ്വർണ്ണത്തിൻെറ മാററു നിർണ്ണയിക്കുക പരിശുദ്ധകന്യകമറിയമാകുന്ന സ്വർണ്ണാലയത്തെ നിർമ്മിക്കുന്നതിനുപയോഗിച്ച സ്വർഗ്ഗീയസ്വർണ്ണത്തിൻെറ മാററു മനസ്സിലാക്കണമെങ്കിൽ അതിനെ സ്ഫുടംചെയ്ത ആ അമ്മയുടെ ജീവിതവ്യാകുലങ്ങളിലേക്കൊന്നു കണ്ണോടിച്ചാൽ മതി. മരണത്തെക്കാൾ ശക്തമായ ആ സ്നേഹാഗ്നിയിൽ വ്യാകുലതകളാകുന്ന വാളുകൾ ഈ അമ്മയുടെ ഹൃദയത്തെ പിളർന്നപ്പോൾ അതു ഉത്തരോത്തരം പ്രശോഭിച്ചുകൊണ്ടിരുന്നു.

സ്ലേമോൻരാജാവു പണികഴിച്ച ഓർശ്ലേം ദേവാലയത്തിൻെറ നിർമ്മാണത്തിൽ സംതൃപ്തനായ യഹോവ ഈ സംതൃപ്തിയെ രേഖപ്പെടുത്തുന്നതിനു് അതിൻെറ അർപ്പണാവസരത്തിൽ ദേവാലയത്തിൽ മേഘങ്ങളാൽ ആവൃതനായി സന്നിധിചെയ്തു അവിടുന്നു സ്ലേമോനു പ്രത്യക്ഷപ്പെട്ട് അതു ദൈവഭവനമായി സ്വീകരിച്ചിരിക്കുന്നു എന്നറിയിച്ചു. എന്നാൽ ഓർശ്ലേം പരിശുദ്ധകന്യകമറിയത്തിൻെറ ഒരു പ്രതിരൂപം മാത്രമാണ്. ദൈവം യഥാർത്ഥത്തിൽ വന്നു വസിക്കുന്നതിനും മാംസരക്തങ്ങൾ സ്വീകരിച്ചു മനുഷ്യാവതാരമെടുക്കുന്നതിനുമുള്ള ഏകദേവാലയം മറിയമാണല്ലോ. ഈ ദേവാലയത്തിലാണ് നാം ദൈവത്തോടു ഇടപെടുന്നതു്. ഈ ആലയത്തിലൂടെയാണ് ദൈവവും അവിടുത്തെ സകല ദിവ്യാനുഗ്രഹങ്ങളും നമുക്കു നൽകപ്പെട്ടതു്. അതുകൊണ്ടു നമുക്കരക്ഷയെ പ്രദാനം ചെയ്യുന്ന മാർഗ്ഗമായി സജ്ജീകരിക്കപ്പെട്ടിരിക്കുന്ന ഈ ദിവ്യസ്വർണ്ണാലയത്തിൽ അഭയംതേടി നമുക്കു പ്രാർത്ഥിക്കാം:

**സ്വർണ്ണാലയമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

## സുമം 31

ദൈവം സീനാമലയിൽവച്ചു ഇസ്രായേൽക്കാർക്കു പത്തു പ്രമാണങ്ങൾ നൽകുകയും അവരുമായി ഒരു പ്രത്യേക ഉടമ്പടിയിൽ പ്രവേശിക്കുകയും ചെയ്തു. അവിടുന്നു അവരെ ഈജിപ്തിൻെറ അടിമത്തത്തിൽനിന്നു മോചിച്ചതും, ദൈവത്തിൻെറ തിരഞ്ഞെടുക്കപ്പെട്ട ജനവും, വൈദികഗോത്രവുമായി ഉയർത്തിയതുമെല്ലാം അതുവഴിയായി അവരെ അനുസ്മരിപ്പിക്കുകയും, മുൻകാലങ്ങളിലെപ്പോലെ വരുവാനിരിക്കുന്ന കാലങ്ങളിലും അവർ ദൈവത്തിൻെറ പ്രമാണങ്ങളെ അനുസരിക്കുകയാണെങ്കിൽ അവിടുന്നു അവരെ നയിക്കുകയും സംരക്ഷിക്കുകയും ചെയ്യുമെന്നുറപ്പു നൽകുകയും ചെയ്തു. ഏകകണ്ഠമായി അവർ ഏററുപറഞ്ഞു: "കർത്താവു പറഞ്ഞതെല്ലാം ഞങ്ങൾ ചെയ്യുന്നതാണ്." ദൈവത്തിൻെറ അനുഗ്രഹങ്ങളെപ്പററി ജനതയെ ഓർമ്മിപ്പിക്കുന്നതിനും അവരുടെ വാഗ്ദാനങ്ങളിൽ അവരെ വിശ്വസ്തരായി നിലനിർത്തുന്നതിനും വേണ്ടിയാണ് ഒരു കൂടാരം പണിയുന്നതിനു ദൈവം മോശയോടാജ്ഞാപിച്ചതു്. അതിൽ അനുദിനം ദൈവാരാധന നടത്തപ്പെട്ടിരുന്നു. കൂടാരത്തിൽ ഏററവും വിശുദ്ധമായ സ്ഥലമെന്നൊരു വിഭാഗമുണ്ടായിരുന്നു. ഇവിടെയാണ് വാഗ്ദാനത്തിൻെറ പേടകവും, അതിനകത്തു ഒരു സ്വർണ്ണപ്പാത്രത്തിൽ മന്നായും, പുഷ്പിച്ചതായ ആറോൻെറ വടിയും, ഉടമ്പടിയുടെ പ്രമാണങ്ങളും സൂക്ഷിച്ചിരുന്നതു്. വാഗ്ദാനത്തിൻെറ പേടകം അതിവിശിഷ്ടമായ ഒരു പെട്ടിയായിരുന്നു. അകിൽ വൃക്ഷത്തിൻെറ ലയമില്ലാത്ത തടികൊണ്ടുണ്ടാക്കപ്പെട്ടതും അകവും പുറവും സ്വർണ്ണത്തകിടു പൊതിഞ്ഞതുമായിരുന്നു അതു്. അതിൻെറ മൂടികയുടെ മേൽഭാഗത്തു ചിറകു വിരിച്ചുപിടിച്ചു രണ്ടു ക്രോബേ മാലാഖമാർ നിന്നിരുന്നു. ദൈവസ്മരണയെ വരുത്തുന്നതും ദൈവരഹസ്യങ്ങളെ വഹിക്കുന്നതുമായ ഈ വാഗ്ദാനത്തിൻെറ പേടകം പുതിയ നിയമത്തിലെ വാഗ്ദാനപേടകമായ മറിയത്തിൻെറ ഒരു പ്രതിച്ഛായയായിരുന്നു.

### സൂചനകൾ നിറവേറി

പേടകത്തെ സംബന്ധിച്ചുണ്ടായിരുന്ന സൂചനകളെല്ലാം പരിശുദ്ധകന്യകമറിയത്തിൽ യഥാർത്ഥത്തിൽ നിറവേറുകയുണ്ടായി. ലെബനാനിലെ കാരകിൽ വൃക്ഷത്തിൻെറ ഉറപ്പും ഭദ്രതയും മറിയത്തിൻെറ പാപരാഹിത്യത്തെയും മരണത്തിൻെറ യാതൊരു ശക്തിക്കും പ്രബലപ്പെടാൻ വഹിയാത്തവിധത്തിൽ ഈ അമ്മയിലുണ്ടായിരുന്ന അഭേദ്യഭദ്രതയേയുമാണ് സൂചിപ്പിക്കുന്നതു്. ലോകത്തിൻെറ നിർമ്മാണത്തിൽ സുലഭമായി ഉപയോഗിച്ചിരുന്ന സ്വർണ്ണം കന്യകമറിയത്തിൻെറ ആത്മാവിനേയും ശരീരത്തേയും ദൈവം അലങ്കരിച്ചതായ വിശിഷ്ടദൈവാനുഗ്രഹങ്ങളുടേയും പ്രകൃത്യതീതദാനങ്ങളുടേയും ധാരാളതയെ കാണിക്കുന്നു. മറിയമാകുന്ന പേടകത്തിൽ നിയമപ്പലകകളല്ല, പ്രത്യുത നിയമദാതാവായ ദൈവത്തെത്തന്നെയാണ് സൂക്ഷിച്ചിരുന്നതു്. ജീവദായകമായ ദൈവപുത്രൻെറ മാംസരക്തങ്ങളെ ലോകത്തിൻെറ സംരക്ഷണത്തിനായി നൽകുവാൻ അതു ഈശോയ്ക്കു പ്രദാനംചെയ്തതു മറിയത്തിൻെറ മാംസരക്തങ്ങളാണ്. അതുകൊണ്ടു നിത്യജീവൻെറ മന്ന മറിയംവഴി നൽകപ്പെട്ടു. ആറോൻെറ പൗരോഹിത്യത്തെ സൂചിപ്പിക്കുന്ന പുഷ്പിച്ച വടിയായിരുന്നു വാഗ്ദാനത്തിൻെറ പേടകത്തിൽ ഉണ്ടായിരുന്നതു. നിത്യതയിൽത്തന്നെ പിതാവിനാൽ നിർണ്ണയിക്കപ്പെട്ടവനും മൽക്കിസദേക്കിൻെറ ക്രമമനുസരിച്ചു നിത്യപുരോഹിതനുമായ ക്രിസ്തുതന്നെയാണ് മറിയമാകുന്ന വാഗ്ദാനപേടകത്തിലെ ഉള്ളടക്കം ഇപ്രകാരം ഇസ്രായേലിനു വാഗ്ദാനത്തിൻെറ പേടകത്താൽ സൂചിപ്പിക്കപ്പെട്ടിരുന്നവയെല്ലാം ഇന്നു ക്രിസ്ത്യാനികൾക്കു കിടയററ മാഹാത്മ്യത്തോടുകൂടി വാഗ്ദാനത്തിൻെറപേടകമായ മറിയത്തിൽ നിറവേറിയിരിക്കുന്നു.

പരിശുദ്ധ കന്യകമറിയം ലോകാവസാനത്തോളവും ദൈവത്തിൻെറ വാഗ്ദാനപൂർത്തീകരണത്തിനുള്ള ഒരടയാളമായി പരിലസിക്കുകയാണ്. പഴയനിയമത്തിൽ ദൈവം നൽകിയ വിശിഷ്ടങ്ങളായ ഓരോ വാഗ്ദാനവും മറിയത്തിലും മറിയം വഴിയായും നിറവേറിയിരിക്കുന്നു. മാമ്മോദീസാമൂലം ഈ ദിവ്യവാഗ്ദാനങ്ങൾക്കുള്ള യോഗ്യത നൽകപ്പെട്ടിട്ടുള്ള നാമും അതിൽ സഫലമായി നിലകൊള്ളുന്നതിനുവേണ്ടി ഈ അമ്മയെ വിളിച്ചു നമുക്കു പ്രാർത്ഥിക്കാം:-

**വാഗ്ദാനത്തിൻെറപേടകമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!**

## For favours received



K. V. Abraham
Poovarani

### ഉപകാരസ്മരണ

സി. അൽഫോൻസായുടെ സഹായത്താലും, വി. പത്താംപീയൂസിൻെറ മാദ്ധ്യസ്ഥതാലും എൻെറ മൂരിയുടെ രോഗം സുഖമായതിനു് കൃതജ്ഞത.

മത്തായി വട്ടക്കുന്നേൽ,
വടക്കഞ്ചേരി (S. M.)


### പരസ്യം

പുതിയ പള്ളികൾ പണിയുമ്പോഴും, പഴയ സക്രാരികൾ മാററുമ്പോഴും ഓടുകൊണ്ടുള്ള സക്രാരിസിംഹാസനം വേണമോ എന്നു:- (തൃശ്ശൂർ വന്ദ്യമെത്രാനച്ചനു നൽകിയ സക്രാരി സിംഹാസനം ഈ ഒരു മാസം അരമനയിൽതന്നെ ഉണ്ടായിരിക്കും) 4-8-54 18-8-54 സത്യദീപം നോക്കുക.

A. N. T. Joseph, Metal Works, Valapad

തൈക്കാട്ടു് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:- ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചു മണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്

വിമർശനവീഥി

# "മോസ്കോകത്തുകൾ" വായിക്കുക കമ്മ്യൂണിസ്റ്റ് ഭരണം അറിയാൻ

പ്രതിമാസഗ്രന്ഥക്ലബ്ബിന്റെ ഈ പ്രസിദ്ധീകരണം വാങ്ങി വിതരണം ചെയ്ത കമ്മ്യൂണിസ്റ്റ് ഭരണത്തിന്റെ തനിനിറം ഇന്നാട്ടുകാരെ തുറന്നുകാട്ടേണ്ടതാണ്. ഇടവകകൾ, സ്കൂളുകൾ, കോളജുകൾ, വായനശാലകൾ, യുവജനസംഘടനകൾ, ഭക്തസഖ്യങ്ങൾ മുതലായ സ്ഥാപനങ്ങൾ 150 പക്ഷത്തിൽ അധികമുള്ള, 8ണ മാത്രം വിലയുള്ള ഈ ഗ്രന്ഥം ധാരാളം പ്രചരിപ്പിക്കുകയാണ്, കമ്മ്യൂണിസത്തെ തടയാൻ ആഗ്രഹിക്കുന്നെങ്കിൽ, ചെയ്യേണ്ടതു്.

1949 ജൂലൈ മുതൽ 1951 ജൂലൈവരെ അമേരിക്കൻ സ്ഥാനപതിയായി മോസ്കോയിൽ താമസിച്ചിരുന്ന അഡ്മിറൽ അലൻ ജി. ക്ലാർക്കിന്റെ ധർമ്മപത്നി ലിഡിയാക്ലാർക്ക് എന്ന മഹതി ആ താമസത്തിനിടയിൽ റഷ്യയിൽ നേരിട്ടുകണ്ട കാര്യങ്ങളും സ്വന്തമായുണ്ടായ അനുഭവങ്ങളും വിവരിച്ചെഴുതിയ എഴുത്തുകളാണു്, പ്രതിമാസഗ്രന്ഥക്ലബ്ബിന്റെ ഏററവും ഒടുവിലത്തേതായി പ്രസിദ്ധീകരിച്ചിരിക്കുന്ന "മോസ്കോകത്തുകൾ." ഈ ഗ്രന്ഥം വായിച്ചാൽ ഏററവും സ്പഷ്ടമായി കാണാൻ കഴിയും, കമ്മ്യൂണിസ്റ്റു പാർട്ടി ഭരണം നടത്തുന്ന രാഷ്ട്രത്തിൽ പൗരന്മാർ അനുഭവിക്കേണ്ടിവരുന്ന നാനാതരങ്ങളായ അസ്വാതന്ത്ര്യങ്ങളും ദുരിതങ്ങളും എത്രമാത്രമെന്നു്.

ഏററവും ഉന്നതനിലയിലിരിക്കുന്ന, ന്യായമായ സകല സ്വാതന്ത്ര്യങ്ങളും ആസ്വദിക്കുവാൻ അർഹതയുള്ള, സ്ഥാനപതികൾക്കുപോലും അവിടെ സ്വാതന്ത്ര്യം നിഷേധിക്കപ്പെടുന്നു; എല്ലാ സ്ഥലത്തും സഞ്ചരിക്കുവാനോ, മന്ത്രിമാരും മററു ഉന്നതോദ്യോഗസ്ഥന്മാരുമായി സന്ദർശനപ്രതിസന്ദർശനങ്ങൾ നടത്തുവാനോ, ഇഷ്ടാനുസാരം ഭൃത്യന്മാരെ സ്വവസതികളിൽ നിയമിക്കുവാനോ വിദേശങ്ങളിൽനിന്നുമുള്ള റേഡിയോ സന്ദേശങ്ങളും വാർത്തകളും ശ്രവിക്കുവാനോ അവർക്കുപോലും സ്വാതന്ത്ര്യം ലഭിക്കുന്നില്ല. ഭക്ഷണം, വസ്ത്രം, പാർപ്പിടം മുതലായി മനുഷ്യനു് അവശ്യാവശ്യകമായ വിഭവങ്ങളുടെ ദൗർലഭ്യം, അവയുടെ വിലക്കൂടുതൽ, സർവ്വത്ര ഏർപ്പെടുത്തിയിട്ടുള്ള പോലീസ് കാവൽ, രഹസ്യപ്പോലീസിന്റെ സർവ്വസാന്നിദ്ധ്യം, സ്ത്രീതൊഴിലാളികളുടെ കഷ്ടത, ആസ്പത്രികളിലെ മരുന്നിന്റേയും ചികിത്സയുടേയും കുറവ്, മനുഷ്യജീവനോടുള്ള മതിപ്പുകുറവ്, നിർബന്ധിതവേല, അനുവാദച്ചീട്ടുകൾ കൂടാതെ ആർക്കും ഒരിടത്തും സഞ്ചരിക്കാൻ പാടില്ലായ്ക, കള്ളപ്രചരണം, ചാരന്മാർ വഴിയായി സകലരുടേയും നോക്കും വാക്കും പ്രവൃത്തിയും പരിശോധിച്ചുകൊണ്ടിരിക്കുന്ന ഏർപ്പാട്— ഇങ്ങനെ രാഷ്ട്രീയമായും സമ്പത്തികമായും സാമുദായികമായും സാംസ്കാരികമായും ഒരു മനുഷ്യന്റെമേൽ പ്രയോഗിക്കാവുന്ന നിയന്ത്രണങ്ങളും അടിമത്തങ്ങളും അവിടെ നടമാടുന്നുണ്ടു്. ഇവയെ ദൃഷ്ടാന്തീകരിക്കുന്ന പല ഭാഗങ്ങളും പ്രസ്തുത ഗ്രന്ഥത്തിൽനിന്നു ഉദ്ധരിക്കുവാൻ വളരെ ആഗ്രഹമുണ്ടെങ്കിലും ലേഖനദൈർഘ്യം ഭയന്നു് അതിനൊരുമ്പെടുന്നില്ല. സ്ത്രീതൊഴിലാളികളുടെ കഷ്ടത, ആസ്പത്രികളിലെ മരുന്നിന്റേയും ചികിത്സയുടേയും കുറവ്, ചാരവൃത്തി ചെയ്യാത്തതിനു് ഭൃത്യന്മാർക്കു ശിക്ഷ എന്നിങ്ങനെ ചില കാര്യങ്ങൾ സംബന്ധിച്ചുള്ള ചില ഭാഗങ്ങൾമാത്രം ഉദ്ധരിക്കാം.

## സ്ത്രീതൊഴിലാളികളുടെ കഷ്ടത

മോസ്കോയിലെ മൊഖൊവായാസ്ക്വയറിൽ സ്ത്രീതൊഴിലാളികൾ പണിയെടുക്കുന്നതു ഞാൻ കണ്ടു. റോഡുകൾ നിരപ്പാക്കി താറിട്ടുറപ്പിക്കുന്ന പണിയിൽ അവർ ഏർപ്പെട്ടിരിക്കുകയായിരുന്നു. റോഡു നിരപ്പാക്കുന്ന ഒരു സ്റ്റീംറോളർയന്ത്രവും ഈ പണിയിൽ അവരെ സഹായിച്ചുകൊണ്ടിരുന്നു. നല്ല ആരോഗ്യമുള്ള ചെറുപ്പക്കാരികൾ മുട്ടുവരെയെത്തുന്ന പഞ്ഞിത്തുണിപ്പാവാടകളും ഷർട്ടുപോലുള്ള ഒരുതരം ജാക്കറ്റുകളും ധരിച്ചിട്ടുണ്ടു്. കാലിൽ കാൽമേസുകളും കാൻവാസു് ചെരിപ്പുകളുമുണ്ടു്. റോഡിൽ കരിങ്കൽചില്ലുകളുമായി കലർത്തിയുരുക്കിയൊഴിക്കുന്ന താർമഷിക്കട്ടകൾ ഉണങ്ങിയുറയ്ക്കുന്നതിനുമുൻപു് അതിന്റെ മീതെകൂടി നടക്കുന്ന അവരുടെ ചെരിപ്പുകളിൽ താർമഷിക്കട്ടകൾ പിടിച്ചിരിക്കുന്നതു കാണാം. റെയിൽപ്ലാറ്റ്ഫോമുകളിൽ ജോലിചെയ്യുന്ന സ്ത്രീകൾ മാത്രമേ കാൽച്ചട്ടകൾ ധരിക്കുന്നതു കണ്ടിട്ടുള്ളു. റഷ്യയിലെ സ്ത്രീകൾ എത്ര ബുദ്ധിമുട്ടുള്ള മുഷിപ്പൻജോലികളും ക്ഷമയോടെ ദീർഘനേരം ചെയ്യത്തക്ക സഹനശക്തിയും സന്നദ്ധതയുമുള്ളവരാണു്. കല്ലുകൾ പൊട്ടിക്കുക, ഇഷ്ടികകൾ പൊടിക്കുക, മോട്ടോർ ലോറികളിൽനിന്നു ഭാരമുള്ള സാധനങ്ങൾ താഴെയിറക്കുക, മണലും ചരലും മൺവെട്ടികൊണ്ടു വാരിക്കൂട്ടുക, കുമ്മായം കൂട്ടുക, കെട്ടിടങ്ങളുടെ ഭിത്തികൾക്കു വെള്ളയടിക്കുക, ചായമിടുക എന്നിങ്ങനെ ഏതുതരം അദ്ധ്വാനവും ഒരു മാടിന്റെ മൗനപൂർവ്വമായ സഹനശക്തിയോടെ അവർ ചെയ്യുന്നു.

സോവ്യററുറഷ്യയുടെ ഉൾനാടുകളിൽനിന്നു് ഇത്തരം കായികാദ്ധ്വാനങ്ങൾക്കായി ചെറുപ്പക്കാരായ അനേകംസ്ത്രീകൾ മോസ്കോ പട്ടണത്തിൽ വന്നുചേരാറുണ്ടു്. അഥവാ റോഡുപണികൾക്കായും മററും അവരെ ഉൾനാടുകളിൽചെന്നു ശേഖരിച്ചുകൊണ്ടുവരികയാണു്. പറയത്തക്ക വിദ്യാഭ്യാസമില്ലാത്ത പെണ്ണുങ്ങളാകയാൽ കൂലിവേലകൾ മാത്രമേ അവരെക്കൊണ്ടു പററൂ. കൂലിവേലകൾക്കുള്ള കരാറിൽ ഒപ്പിട്ടുവിച്ചശേഷമാണവരെ കൊണ്ടുവരുന്നതു്. ഇവിടെ അവരെക്കൊണ്ടു ജോലിചെയ്യിക്കുന്നതു കണ്ടാൽ നമുക്കു വളരെ ബീഭത്സമായി തോന്നും. അന്നന്നു് ജോലിതീരുമ്പോൾ അവരെ മോട്ടോർ ലോറികളിൽ കയററി അയക്കും. മോട്ടോർ ലോറികളിൽ സിമന്റുചാക്കുകൾ, ധാന്യപ്പൊടിച്ചാക്കുകൾ, പഴഞ്ചാക്കുകൾ എന്നിവ കുന്നുകൂട്ടി നിറച്ചിരിക്കുന്നതിനിടയിലായും അവയുടെ മീതെയായും ഈ സ്ത്രീതൊഴിലാളികളെ തള്ളിക്കൊള്ളിച്ചു ലോറിയോടി ച്ചുപോകുന്ന കാഴ്ച കാണേണ്ടതാണു്. സ്ത്രീകൾക്കു പുരുഷന്മാർക്കും ഒരുപോലെ സേവനസന്ദർഭങ്ങൾ ഉണ്ടായിരിക്കണമെന്ന തത്വമാണല്ലോ സോവ്യററുറഷ്യയിൽ അംഗീകരിച്ചിരിക്കുന്നതു്. പക്ഷേ സ്ത്രീകളുടെ പങ്കു കുറെ കൂടിപ്പോകയന്നാണു് എനിക്കു തോന്നുന്നതു്.

## ആസ്പത്രികൾ

ഇങ്ങനെ നിരന്തരം കഠിനാദ്ധ്വാനം ചെയ്യുന്ന സ്ത്രീകൾക്കു് എങ്ങനെ അവരുടെ ആരോഗ്യം ഭദ്രമായി പുലർത്താൻ സാധിക്കുമെന്നതു് ഒരു പ്രശ്നമാണു്. അതേപ്പററി ഞാൻ ഇവിടെ വളരെക്കാലം താമസിച്ചിട്ടുള്ള ഒരു പത്രലേഖകനോടു ചോദിച്ചു. അയാൾ പറഞ്ഞതിങ്ങനെയാണു്: "അതെ, അതൊരു പ്രശ്നംതന്നെയാണു്. ഇങ്ങനെ കഠിനാദ്ധ്വാനം ചെയ്യുന്ന പെൺതൊഴിലാളികൾ രണ്ടുവർഷം കഴിയുമ്പോഴേക്കു നിശ്ശേഷം അവശരും ക്ഷീണിച്ചവരും രോഗബാധിതരുമാകുക പതിവാണു്. അങ്ങനെയുള്ളവരെ പരിശോധിക്കാൻ പ്രത്യേകം ആസ്പത്രികളുണ്ടു്. അവിടെ അവരെ കൂട്ടമായി അടച്ചു കയററിയിടും. ആരോഗ്യപരിശോധന കഴിക്കും. വീണ്ടും അദ്ധ്വാനിക്കുവാൻ ശക്തിയില്ലെന്നു കാണുന്നവരെ പിരിച്ചുവിടും."

എനിക്കു റഷ്യയിലുള്ള ഏതെങ്കിലും ഒരു ആസ്പത്രി സന്ദർശിച്ചാൽ കൊള്ളാമെന്നു ആഗ്രഹമുണ്ടെന്നും, അതിലേക്കു അനുവാദം അഭ്യർത്ഥിക്കുന്നു എന്നും കാണിച്ചു് ഞാൻ എഴുതിയിട്ടു് ഇതുവരെ മറുപടി കിട്ടിയിട്ടില്ല. അതുപോലെതന്നെ എനിക്കു റഷ്യയിലുള്ള ഏതെങ്കിലും ഒരു സ്കൂളും കൊച്ചുകുട്ടികളുടെ പരിശീലനകേന്ദ്രവും സന്ദർശിക്കുവാനുള്ള അനുവാദത്തിനും ഞാൻ അപേക്ഷിച്ചിട്ടുണ്ടു്. പക്ഷേ അനുവാദം കിട്ടുന്ന കാര്യം കണ്ടറിയണം. റഷ്യൻ നയതന്ത്രവകുപ്പിൽ ഒരു ചെറിയ ഉദ്യോഗമുള്ള ചെറുപ്പക്കാരിയും വിവാഹിതയുമായ ഒരു സ്ത്രീ ആസ്പത്രിയിൽ അവർക്കുണ്ടായ അനുഭവങ്ങൾ എന്നോടു വിവരിച്ചു. അതു കേട്ടതിനുശേഷമാണു് ഒരു ആസ്പത്രിനേരിട്ടുകാണണമെന്ന ആഗ്രഹം എനിക്കുണ്ടായതു്. ഇപ്പറഞ്ഞ സ്ത്രീ കഴിഞ്ഞ യാണ്ടിൽ മോസ്കോവിലുള്ള പ്രസവാസ്പത്രിയിൽ വച്ചാണു് പ്രസവിച്ചതു്. അതിനുമുൻപു് അവൾ ഓരോ മാസത്തിലും ആസ്പത്രിയിൽ പോയി അവിടത്തെ ലേഡിഡോക്ടർമാരെ കണ്ടു് തന്റെ ഗർഭകാലആരോഗ്യത്തെപ്പററി അവരുടെ അഭിപ്രായം ആരായുകയും ചെയ്തുകൊണ്ടിരുന്നു. അപ്പോഴെങ്ങും ലേഡിഡോക്ടർമാർ ആ സ്ത്രീയെ പരിശോധിക്കുകയോ എന്തെങ്കിലും നിർദ്ദേശങ്ങൾ നൽകുകയോ ഉണ്ടായില്ല. ഒടുവിൽ പ്രസവസമയം വന്നടുത്തു എന്നറിഞ്ഞപ്പോൾ അവളുടെ ഭർത്താവു് അവളെ പ്രസവാസ്പത്രിയിൽ കൊണ്ടുചെന്നു വിട്ടു. അവൾ പരിഭ്രാന്തയായി. കഠിനമായ പ്രസവവേദന തുടങ്ങുന്നതുവരെ അവളെ ആസ്പത്രിയിൽ പ്രവേശിപ്പിക്കാൻ സാദ്ധ്യമല്ലെന്നു അതുവരെ അവൾ വെളിയിൽ എവിടെയെങ്കിലും കഴിച്ചുകൂട്ടണമെന്നും ലേഡിഡോക്ടർമാർ അവളോടു പറഞ്ഞു. ഇതു തന്റെ നാലാമത്തെ പ്രസവമാകയാൽ ആസ്പത്രിയിൽ പ്രവേശിപ്പിക്കേണ്ട തിരു എന്നവൾ കെഞ്ചിയപേക്ഷിച്ചു ഒടുവിൽ അവർ സമ്മതിച്ചു അങ്ങനെ ഒരുവിധത്തിൽ പ്രവേശനം കിട്ടി. ബാർബർഷാപ്പുകളിൽ കാണാറുള്ള ഒരുതരം നാല്ക്കാലിയിൽ അവർ അവളെ കിടത്തി. പിന്നീടതു വലിച്ചുകൊണ്ടു പ്രസവമുറിയിലേക്കു പോയി. അവിടെ പതിനഞ്ചോളം സ്ത്രീകൾ തൊട്ടടുത്ത കിടക്കകളിൽ പ്രസവവേദനയനുഭവിച്ചുകൊണ്ടു കിടക്കുന്നു. കിടക്കകൾ തമ്മിൽ യാതൊരു മറയുമില്ല. ഡോക്ടർമാരെല്ലാം സ്ത്രീകൾതന്നെയാണു്. അവർ ഓരോ കിടക്കയുടേയും അടുക്കൽ ചുററിപ്പററി നടക്കുന്നുണ്ടു്.

"നിനക്കവർ ക്ലോറോഫോം തന്നു ബോധം കെടുത്തിയോ?" ഞാൻ ചോദിച്ചു. ഇല്ലെന്നു അവൾ മറുപടി പറഞ്ഞു. അവൾ തുടർന്നു: "എനിക്കു പ്രസവവേദന നീണ്ടുനിന്നു. ലേഡിഡോക്ടർ അക്ഷമയായി കോപഭാവത്തിൽ പറഞ്ഞു: തന്നെത്താൻ പ്രസവിക്കാൻ "നിന്നെക്കൊണ്ടു സാദ്ധ്യമല്ലെങ്കിൽ ഞാൻ കൂടി സഹായിച്ചുതരാം. ഇതാ നോക്കൂ, ഗാഢമായി ഒന്നു ശ്വാസംപിടിച്ചുകൊണ്ടു് പത്തുവരെ എണ്ണുക."

"ഞാൻ അങ്ങനെ ചെയ്തു" അവൾ ആ കഥ തുടർന്നു: "അനന്തരം നൂററിയറുപതു റാത്തലിൽ കുറയാതെ ഭാരം വരുന്ന ആ സ്ത്രീ—ലേഡിഡോക്ടർ—എന്റെ വയറിന്മീതെ കമഴ്ന്നുവീണു. വയറു കീഴോട്ടു് അമർന്നു ഞെരിയുമ്പോൾ പിള്ള വെളിയിൽ ചാടും, അഥവാ ചാടിക്കണമെന്നതായിരുന്നു അവരുടെ വിദ്യ.

ഏതായാലും ഒരുവിധത്തിൽ പ്രസവം കഴിഞ്ഞെന്നു പറഞ്ഞാൽ മതിയല്ലോ. പിന്നീടു് എന്നേയും ശിശുവിനേയും ഒരു ചെറിയ മുറിയിൽ കിടത്തി. പ്രസവശേഷമുള്ള പ്രാഥമികപരിചരണങ്ങളിൽ അവർ കാണിച്ച അശ്രദ്ധയും അലസതയും അക്ഷന്തവ്യമായിരുന്നു എന്നേ പറയേണ്ടൂ. തള്ളയ്ക്കും പിള്ളയ്ക്കും ഉചിതമായ ആഹാരപാനീയങ്ങൾ നൽകുന്നതിനു് അവർ ചെയ്തിരുന്ന ഏർപ്പാടുകളെപ്പററി ഒന്നും പറയാതിരിക്കുകയാണു ഭേദം."

ഇതാണു സോവിയററുറഷ്യയുടെ തലസ്ഥാനമായ മോസ്കോ നഗരത്തിലെ ഒന്നാന്തരം ഒരാസ്പത്രിയുടെ അവസ്ഥ!

ഇവിടത്തെ ഡച്ചുസ്ഥാനപതികാര്യാലയത്തിലെ ഒരുദ്യോഗസ്ഥനു കഴിഞ്ഞയാണ്ടിൽ ശസ്ത്രക്രിയ ആവശ്യമുള്ള ഒരു രോഗം പിടിപെട്ടു. അദ്ദേഹത്തെ ആസ്പത്രിയിലേക്കു മാററി. രണ്ടു ലേഡിഡോക്ടർമാർ കൂടി ഒന്നരമണിക്കൂർ നേരം ശസ്ത്രക്രിയ നടത്തി. ഈ ഒന്നരമണിക്കൂറിനുള്ളിൽ മുക്കാൽമണിക്കൂർമാത്രം അദ്ദേഹത്തിന്റെ പൃഷ്ഠഭാഗത്തു മരുന്നു കുത്തിവച്ചു മരവിപ്പിച്ചിരുന്നു. അദ്ദേഹത്തെ മയക്കാതെയാണു് ശസ്ത്രക്രിയ നടത്തിയതു്. അതിവേദനകൊണ്ടു് അദ്ദേഹം നിലവിളിച്ചപ്പോൾ അരികെനിന്ന ഡോക്ടർമാർ ഉപദേശിച്ചുകൊടു

(ശേഷം 10-ാംപേജിൽ)



Reg. M. No-2293

# Sathya Deepam

Vol. 28 Ernakulam, September 22, 1954 No. 6

# —വിവിധവൃത്താന്തങ്ങൾ—

## ലിസ്യൂ താഴ്‌വരയിൽനിന്നും അശരീരിവാക്യം

കഴിഞ്ഞ ലോകമഹായുദ്ധത്തിനുശേഷം ഇംഗ്ലണ്ടിൽനിന്നും വന്നിട്ടുള്ളതിൽ ഏററം വലിയ തീർത്ഥസംഘമാണു് അടുത്ത ദിവസം ലിസ്യൂ സന്ദർശിച്ചതു്. വിശുദ്ധത്രേസ്യായുടെ അൽമായസംഘടനയാൽ സജ്ജീകരിക്കപ്പെട്ട ഈ തീർത്ഥയാത്രയെ നയിച്ചതു് മോൺ. വെർനൺ ജോൺസണായിരുന്നു. അതിനുള്ള പ്രാരംഭധ്യാനത്തിൽ 10 വൈദികരുൾപ്പെടെ 84 തീർത്ഥകർ പങ്കെടുത്തു. അവർക്കു കാണുവാൻ സാധിച്ച മനോഹരമായ ഒരു പുതിയ പ്രകടനം ഇപ്രകാരമായിരുന്നു. ലിസ്യൂ താഴ്‌വരഭാഗം മുഴുവനും ബസ്ലിക്കാ പ്രത്യേകിച്ചും അതിശോഭനമായ പ്രകാശിനീദീപങ്ങളാൽ ഭാസുരമാക്കപ്പെട്ടു. തദവസരത്തിൽ ആ നഗരാന്തരീക്ഷം നന്മയുടേയും തിന്മയുടേയും രണ്ടു ശക്തികളുടെ ഒരു വാക്സമരത്തിൻെറ പ്രക്ഷേപണധ്വനികൊണ്ടു മുഴങ്ങിയിരുന്നു. ഇപ്രകാരം സാമാന്യജനങ്ങളുടെ ചിന്തയെ ഹഠാദാകർഷിക്കത്തക്ക ഒരു പുതിയ സമീപനമാണു് അവിടെ പരീക്ഷിക്കപ്പെട്ടതു്.

## സഭാ ഐക്യ കോൺഫറൻസ്

അമേരിക്കയിൽ എവാൻസ്റ്റൻ എന്ന സ്ഥലത്തുവച്ചു ഈയിടെ സാർവ്വലൗകിക സഭാ ഐക്യസമ്മേളനം നടന്നുകൊണ്ടിരിക്കുകയായിരുന്നല്ലോ. വത്തിക്കാൻ പത്രമായ ഒസ്സർവത്തോരെ റൊമാനായിൽ അതേസംബന്ധിച്ചു റവ. ഫാദർ ചാൾസ് ബോയർ എഴുതിയ ഒരു ലേഖനം പ്രസിദ്ധപ്പെടുത്തിയിട്ടുണ്ടു്. ഫാ. ബോയർ സഭയുടെ ഐക്യത്തെ ലക്ഷ്യമാക്കി റോമിൽനിന്നു പുറപ്പെടുന്ന "യൂണിത്താസ്" എന്ന പത്രത്തിൻെറ പത്രാധിപരാണു്. ക്രിസ്തീയഐക്യം സാധിക്കുന്നതിൽ, കോൺഫറൻസിൽ സമ്മേളിച്ച ലോകമാസകലമുള്ള 163 വിവിധ സഭാവിഭാഗങ്ങളിൽനിന്നു വന്നുചേർന്ന പ്രതിനിധികൾക്കു എന്തു സാധിച്ചു എന്നാണു് അദ്ദേഹം ലേഖനത്തിൽ പരാമർശിക്കുന്നതു്. കോൺഫറൻസ് സിക്രട്ടറിയുടെ പ്രസ്താവനയിൽ കാണുന്നതിപ്രകാരമാണു്: "യാതൊരു സഭാവിഭാഗത്തിനും വേർതിരിഞ്ഞു നില്പാൻ സാധിക്കാത്തവണ്ണം അവർക്കെല്ലാം പൊതുവെ സ്വീകാര്യമായ ഒരു നിലയിലെത്തുന്നതുവരെ ഈ കൗൺസിലിനു അത്യദ്ധ്വാനം ചെയ്യാൻ കഴിയും; അതങ്ങിനെ ചെയ്യുകയും വേണം". ഈ ലക്ഷ്യം പ്രാപിക്കുവാൻ എവാൻസ്റ്റണിൽ സമ്മേളിച്ച 163സഭാവിഭാഗങ്ങളുടെ പ്രതിനിധികൾക്കു സാധിച്ചിട്ടില്ല എന്നും സഭാഐക്യത്തിനുവേണ്ടിയുള്ള യത്നം ഇനിയും വളരെയേറെ ചെയ്യപ്പെടേണ്ടതായി കിടക്കുന്നു എന്നും ഇതിൽനിന്നു സ്പഷ്ടമാകുന്നു. ഈ യത്നം എളുപ്പത്തിൽ സഫലമാകുന്നതിനും വിഭാവനം ചെയ്യപ്പെട്ടിരിക്കുന്ന പൊതുവെ സ്വീകാര്യമായ നിലയിലെത്തുന്നതിനും എല്ലാ സഭകൾക്കും ഒരുപോലെ സ്വീകാര്യമായവയെ ഉൾക്കൊള്ളുന്ന കത്തോലിക്കാസഭയിൽ ഒന്നിക്കുകയാണു മാർഗ്ഗമെന്നാണു് ഫാദർ ബോയർ പ്രസ്താവിക്കുന്നതു്. അദ്ദേഹം ഇങ്ങനെ തുടരുന്നു: "സുവിശേഷത്തിൽ നിലകൊള്ളുന്ന ഓരോ വ്യക്തിയുടേയും പരിചിന്തനത്തിനു വിഷയമാകേണ്ട യഥാർത്ഥ പരിതസ്ഥിതിയാണിതു്. റോമാസഭയെ ഒഴിവാക്കിയിട്ടൊരു ക്രിസ്തീയഐക്യം സാദ്ധ്യമല്ലെന്നു വ്യക്തമാണു്. എന്നാൽ തിരുസഭയുടെ വിശ്വാസസംഹിതയേയും, ആരാധനാക്രമങ്ങളേയും, വൈദികഭരണക്രമത്തേയും അംഗീകരിക്കാത്ത റോമാസഭയുമായി ഐക്യപ്പെടുക സാദ്ധ്യമല്ല എന്നതു അതിലുപരി വ്യക്തമായ ഒരു വസ്തുതയാണു്. അതുകൊണ്ടു് ഒന്നുകിൽ ക്രിസ്തു അവിടുത്തെ സഭയിൽ ഐക്യം ഉണ്ടായിരിക്കണമെന്നഭിലഷിച്ചില്ല എന്നു അനുമിക്കേണ്ടിവരുന്നു; അല്ലെങ്കിൽ അവിടുത്തെ വിശ്വസിക്കുന്നവരെല്ലാവരും വിശുദ്ധ കത്തോലിക്കാസഭയുടെ അംഗങ്ങളായിരിക്കണം. ഈ വൈരുദ്ധ്യങ്ങളിൽനിന്നാണു് നാം ബുദ്ധിപൂർവ്വകമായ ഒരു നില സ്വീകരിക്കേണ്ടിയിരിക്കുന്നതു്."

## ധീരബാലന്മാർ സങ്കേതത്തിലെത്തി

17 വയസ്സിനു താഴെ പ്രായമുള്ള 25 ബാലന്മാർ യൂഗോസ്ലേവിയായിൽനിന്നു രക്ഷപെടുന്നതിനുവേണ്ടി തുറന്ന ചെറിയ വള്ളങ്ങളിൽ കയറി വലിച്ചു ആഡ്റിയാററിക്കു് കടൽ കടന്നു ട്രീസ്റ്റേയിലെത്തി. ദൈവഗത്യാ അവർ ആഗ്രഹിച്ച ആളെത്തന്നെ അവർ കണ്ടുമുട്ടി. മോൺ. ജോർജ്ജ് ക്രീനാൻ അടുത്ത ദിവസങ്ങൾവരെ ആസ്ത്രേലിയായിലായിരുന്നുവെങ്കിലും ആ അവസരത്തിൽ അദ്ദേഹം സ്ഥലത്തു മടങ്ങിവന്നിട്ടുണ്ടായിരുന്നു. ഉടനെ അദ്ദേഹം അഡലേയിഡിലെ മെത്രാപ്പോലീത്തായ്ക്കു കമ്പിയടിക്കുകയും അദ്ദേഹത്തിൻെറ നിർദ്ദേശമനുസരിച്ചു ഈ അഭയാർത്ഥിബാലന്മാരെയെല്ലാം വിശുദ്ധകുരിശിൻെറ പുകഴ്ചയുടെ തിരുനാളിൽ ആസ്ത്രേലിയായിലുള്ള പുതിയ ഭവനസങ്കേതങ്ങളിലേക്കു സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.

## ചക്രവർത്തിനി ഫാത്തിമായിലേക്കു

വിയററ്നാമിലെ ചക്രവർത്തിയായ ബാവോദേയിയുടെ ധർമ്മദാരം നാംപോങ്ങ് ചക്രവർത്തിനി ഫാത്തിമായിലേക്കു തീർത്ഥാടനത്തിനു പുറപ്പെട്ടിരിക്കുന്നു. ചക്രവർത്തിനി കത്തോലിക്കാ മതാവലംബിനിയാണു്. 39 വയസ്സു പ്രായമുണ്ടു്. തിരുമേനി കുട്ടികളൊരുമിച്ചു മുമ്പു ലൂർദ്ദ് സന്ദർശിച്ചിട്ടുണ്ടു്.

## മിലാൻ കർദ്ദിനാൾ മുസ്സോലിനിയെ പിരിഞ്ഞ രംഗം

ലോകമഹായുദ്ധത്തിൻെറ അന്തിമരംഗത്തിൽ ജർമ്മനിയും ഫാസ്സിസ്റ്റു ഇററലിയും നില്ക്കക്കള്ളിയില്ലാതെ ആയുധംവച്ചു കീഴടങ്ങാമെന്നു തീർച്ചപ്പെടുത്തി. 1945 ഏപ്രിൽ 25-ാംതിയതി അതിനുള്ള ദിവസവും, മിലാൻ അതിനുള്ള സ്ഥലവും എന്നും നിശ്ചയിച്ചു. മദ്ധ്യസ്ഥനായി അവർ നിർദ്ദേശിച്ചതു കഴിഞ്ഞ ആഴ്ചയിൽ ചരമമടഞ്ഞ മിലാൻ കർദ്ദിനാൾ ഷൂസ്റ്റർ തിരുമനസ്സിനെയായിരുന്നു. അക്കാര്യങ്ങളെല്ലാം ഭംഗിയായിനടന്നു. മുസ്സോലിനിയുമായിനടന്നഅവസാനകൂടിക്കാഴ്ചയിൽ കർദ്ദിനാൾ തിരുമനസ്സുകൊണ്ടു് ആ നേതാവിനോടു അദ്ദേഹത്തിൻെറ അതീതജീവിതത്തെക്കുറിച്ചു ആത്മശോധന ചെയ്യുന്നതിനും ഒരു പുതിയ ജീവിതം നയിക്കുന്നതിനും ഉപദേശിച്ചതായും മുസ്സോലിനി അദ്ദേഹത്തിൻെറ ആദർശത്തിലുണ്ടായിരുന്ന അബദ്ധങ്ങളെ ഏറെക്കുറെ സമ്മതിച്ചതായും അറിയുന്നു. അബദ്ധങ്ങളിൽനിന്നു അനുതാപപൂർവ്വം പ്രതിനിവർത്തിക്കുകയാണെങ്കിൽ മഹാനായ നെപ്പോളിയൻെറ മാതൃകയെ അദ്ദേഹം അനുകരിക്കുകയായിരിക്കുമെന്നും കർദ്ദിനാൾ അദ്ദേഹത്തെ അനുസ്മരിപ്പിച്ചു. പക്ഷെ മുസ്സോലിനിക്കു അദ്ദേഹത്തിൻെറ ജീവിതാന്ത്യത്തെ പരാജയത്തിലും വിജയപരമാക്കുന്ന മാർഗ്ഗം അവലംബിക്കുവാൻ സാധിച്ചില്ല. നിരാശനായ ആ നേതാവു കീഴടങ്ങുന്നതിനോ വീറോടുകൂടി എതിർക്കുന്നതിനോ തുനിഞ്ഞില്ല. ഏതാനും ദിവസങ്ങൾക്കുശേഷം അദ്ദേഹം വെടിയുണ്ടയേററു മൃതിയടഞ്ഞു. കർദ്ദിനാൾ തിരുമേനി അദ്ദേഹത്തെപ്പററി വേറൊരവസരത്തിൽ പ്രസ്താവിച്ചതിപ്രകാരമാണു്:- മുസ്സോലിനി ഒരു അനുതാപിയായിരുന്നില്ല. അദ്ദേഹം അത്യധികം നിരാശനായിരുന്നു. മതവിശ്വാസത്തിൽനിന്നും അദ്ദേഹം ബഹുദൂരം അകന്നുപോയിരുന്നു."

## വിയററ്നാമിൽ സെമ്മിനാരികൾ മാററിസ്ഥാപിച്ചു

ഉത്തരവിയററ്നാമിൽ സ്ഥിതിചെയ്തിരുന്ന മൂന്നു മേജർ സെമ്മിനാരികളും കമ്മ്യൂണിസ്റ്റധീനമല്ലാത്ത ദക്ഷിണഭാഗത്തേക്കു മാററിസ്ഥാപിച്ചുകഴിഞ്ഞിരിക്കുന്നു. ഹാനോയിലെ ഫ്റഞ്ചു സൾപിച്ചിയൻസ് സെമ്മിനാരിയിൽ പഠിച്ചുകൊണ്ടിരുന്ന 100 സെമ്മിനാരിക്കാരെയും പ്രഫസറന്മാരെയും സെയ്ഗോണിലേക്കു മാററി. ഇപ്പോൾഅവർ വിൻലോംഗ് എന്ന സ്ഥലത്തേക്കു നീങ്ങിയിരിക്കുന്നു. കമ്മ്യൂണിസ്റ്റുകാർ സ്ഥലത്തു പ്രവേശിക്കുന്നതിനുമുമ്പുതന്നെ ബൂച്ചു സെമ്മിനാരിയിലുണ്ടായിരുന്ന 65 വിദ്യാർത്ഥികൾ സ്ഥലംവിടുകയും ഇപ്പോൾ സെയ്ഗോണിൽ താമസിക്കുകയും ചെയ്യുന്നു. ജൂൺ അവസാനത്തിലാണു് നാംസിനിലെ 60 സെമ്മിനാരിക്കാർ ഹെയ്പ്പോങ്ങിലേക്കു മാറിയതു്. അവർ ഹോങ്കോങ്ങിലേക്കു പോകുന്നതായിരിക്കും.

## ജർമ്മനിയെ മറിയത്തിനു പ്രതിഷ്ഠിക്കുന്നു

പശ്ചിമജർമ്മനിയിലെഫുൾസാ നഗരത്തിൽ ഈ ദിവസങ്ങളിൽ നടന്നുകൊണ്ടിരിക്കുന്ന ദേശീയകത്തോലിക്കാകോൺഫറൻസിലും അതിൻെറ അവസാനത്തിൽ നിർവ്വഹിക്കുന്ന പ്രതിഷ്ഠാകർമ്മത്തിലും സംബന്ധിക്കുന്നതിനു കമ്മ്യൂണിസ്റ്റധീനമായ പൂർവ്വജർമ്മനിയിൽനിന്നും 20000ത്തോളം കത്തോലിക്കർ ഏഴു പ്രത്യേക തീവണ്ടികളിൽ അവിടേക്കു പോയിരിക്കുന്നു. 400കൊല്ലത്തെ പഴക്കമുള്ള പ്രസിദ്ധമായ മാതൃസ്വരൂപത്തിൻെറ മുമ്പിൽ വച്ചായിരിക്കും കൊളോൺ മെത്രാപ്പോലീത്താ അത്യുന്നതകർദ്ദിനാൾ ഫ്റിംഗ്സ് തിരുമനസ്സുകൊണ്ടു ജർമ്മൻ ജനതയെ പരിശുദ്ധ കന്യകാമറിയത്തിനു പ്രതിഷ്ഠിക്കുന്നതു്.

## അടുത്ത പാക്സ്റൊമാനാ കോൺഗ്രസ്സ്

കത്തോലിക്കാ യൂണിവേഴ്സിററികളുടെ സാർവ്വലൗകിക സംഘടനയായ പാക്സ് റൊമാനാ മൂന്നു വർഷം കൂടുമ്പോഴാണല്ലോ അതിൻെറ പൊതുകോൺഗ്രസ്സ് നടത്തുക. അടുത്തകൊല്ലം മുറപ്രകാരം വരുന്ന കോൺഗ്രസ്സ് സമ്മേളനം 1955 ആഗസ്റ്റ് 15മുതൽ 25വരെ നോട്ടിംഗ്ഹാമിൽ വച്ചു ആഘോഷിക്കുന്നതിനു നിശ്ചയിച്ചിരിക്കുന്നു.

## വി. പത്താംപീയൂസിനെപ്പററി ബിഷപ്പ് ഫൊഗാർട്ടി

വിശുദ്ധ പത്താംപീയൂസിനാൽ നിയമിതരായ മെത്രാന്മാരിൽ ഐറിഷ് ഹൈരാർക്കിയിൽ ഇന്നു ജീവിച്ചിരിക്കുന്ന ഏക വൈദികാദ്ധ്യക്ഷനായ കില്ലലോയിലെ 95 വയസ്സുള്ള ഫൊഗാർട്ടി ബിഷപ്പ് ഈ സെപ്ററംബർ മാസത്തിൽ അദ്ദേഹത്തിൻെറ മെത്രാൻപട്ടാഭിഷേകത്തിൻെറ കനകജൂബിലി ആഘോഷിക്കുന്നതാണു്. വിശുദ്ധ പത്താംപീയൂസ് ഒപ്പിട്ട ഒരു ഫോട്ടോ ബിഷപ്പ് ഫൊഗാർട്ടിയുടെ കൈവശമുണ്ടു്. 1907-ൽ അദ്ദേഹം റോമിൽ സന്ദർശനം നടത്തിയപ്പോൾ വിശുദ്ധൻ സമ്മാനിച്ചതാണു് ഈ ഫോട്ടോ. ആ സന്ദർശനത്തെ അനുസ്മരിച്ചുകൊണ്ടു് ബിഷപ്പ് ഫൊഗാർട്ടി പറയുന്നു: "പത്താംപീയൂസിനെ അസാധാരണ ഭക്തിതീക്ഷ്ണതയും സ്വഭാവപരിശുദ്ധിയുമുള്ള ദേഹമായിട്ടാണു ഞാൻ കണ്ടതു്. അന്നേ ഞാൻ നിശ്ചയിച്ചു പത്താംപീയൂസ് വിശുദ്ധനായി പ്രഖ്യാപിക്കപ്പെടുമെന്നു്." ബിഷപ്പ് ഫൊഗാർട്ടി മെത്രാനായി അവരോധിക്കപ്പെടുമ്പോൾ അദ്ദേഹം ഐറിഷ് ഹൈരാർക്കിയിൽ ഏററവും പ്രായംകുറഞ്ഞ മെത്രാനായിരുന്നു.

സത്യദീപം വരിസംഖ്യ

| | | പ്രതിവർഷം |
|---|---|---|
| ഇൻഡ്യയിൽ | ക. | 6— 8—0 |
| ഇൻഡ്യക്കുപുറമെ | " | 8—12—0 |

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam— 1

